Kammath Lane, Sankarayya Road, Westfort, Thrissur - 680 004
Kerala, South India. Ph : 380592, 382832, 333032 & 337393
Internet : Dhanya @.md 2.Vsnl.net.in

P.D.C., D.C. & P.G. CLASSES
MBBS & ENGG. ENTRANCE TEST COACHING
HOME RESOURCE MANAGEMENT TRAINING
COMPUTER TRAINING, INTERNET FACILITIES



Tony M.A
Ist D.C, Chemistry

# ALWAYS AND FOREVER

Always and forever each moment with you
Is just like a dream to me
That somehow came true
And I know tomorrow will still be the same
That we have got a life of love
That won't even change and won't even perish
Everyday love me in your own special way
Melt all my heart with a smile
And we'll share tomorrow together
I'll love you forever
There'll always be sunshine
When I look at you
It's something that I can't explain
Just the things that you do
And if you get lonely
Call me and give a second to me
That magic you make and the magic you make
Yes I am the one, yes I am the one, who love you always
And forever I love you.


# *Reunion*



Dileep Kumar M.P
IInd D.C, Economics

*Oh! the moment has arrived*
*For us to meet again*
*Three long years of separation*
*Has made me insane*
*Remember the time when we two friends*
*In our merry days, stralling through the meadows*
*But our separation for so many years*
*Has filled my life with shadows*
*Those sweet memories still afresh*
*In my mind still now*
*But I fear I might forget those days*
*In my daily rush*
*I Still remember those many days*
*Which we enjoyed a lot*
*I Still remember your pleasant pranks*
*And your funny ways*
*Now I wish if I go back to those days*
*When we two friends were together*
*Walking through the narrow lanes*
*In any wind or weather*
*Oh ! those days, those lovely days*
*I still remember them*
*Those funny folks and hearty laughs*
*Precious to me like a gem*
*Those happy days yet to come*
*With the sky as our companion*
*And my heart leaps up with joy*
*When I think of our reunion*

# ആട്ടിയെടുക്കുന്നതിനുമുമ്പേ അരിച്ചെടുക്കുന്നു




രഹസ്യം മറ്റൊന്നുമല്ല. കുന്നുകൂടിക്കിടക്കുന്ന കൊപ്രയിൽനിന്ന് ഏറ്റവും നല്ലതുമാത്രം ഞങ്ങൾ ശ്രദ്ധയോടെ തെരഞ്ഞെടുക്കുന്നു. ഈ കാര്യത്തിൽ KPL വിട്ടുവീഴ്ചക്കു തയ്യാറല്ല. കാരണം, ഞങ്ങൾക്കറിയാം ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മാത്രമേ ഉപഭോക്തൃ പിന്തുണ നേടുകയുള്ളൂ. നല്ല കൊപ്രയിൽ നിന്നേ നല്ല വെളിച്ചെണ്ണയുണ്ടാകൂ. 'KPLശുദ്ധി'യുടെ അനന്യമായ മഹിമയുടെ കാരണം ഇപ്പോൾ വ്യക്തം.

'KPL ശുദ്ധി' - നൂറു ശതമാനം ശുദ്ധമായ വെളിച്ചെണ്ണ. എല്ലാതരം പാചകങ്ങൾക്കും അത്യുത്തമം. വറുക്കാനായാലും പൊരിക്കാനായാലും; വെജിറ്റേറിയനായാലും നോൺവെജിറ്റേറിയനായാലും.

കൊപ്ര ആട്ടുന്നതിൽ KPL ന് തനതായ ചില രീതികളുണ്ട്. വെളിച്ചെണ്ണ, മൈക്രോ ഫിൽറ്ററിങ്ങിന്റെ ഒരു പരമ്പരയിലൂടെ തന്നെ കടന്നുപോകുന്നു. അതുകൊണ്ടാണ് 'KPL ശുദ്ധി'ക്ക് അതിന്റെ സ്വർണ്ണവർണ്ണവും സവിശേഷതയാർന്ന സുഗന്ധവും കൊതിയൂറുന്ന രുചിയും ലഭിക്കുന്നത്.

**KPL ശുദ്ധി**
**വെളിച്ചെണ്ണ**

A quality product from KPL Oil Mills Limited, Irinjalakuda, Pin - 680 121



പ്രിജുഷ് പി. സോമൻ

ഒന്നാം വർഷ

പ്രീഡിഗ്രി

# ഹൃദയതാളം




അമ്മതൻ ഓമൽക്കൈകളാലന്ന്
താരാട്ടിനിട്ട താളം, ആദ്യതാളം.
പിച്ചവെച്ചുമ്മറമുറ്റത്തു വന്നപ്പോൾ
കൊച്ചുവെള്ളിത്തളയുടെ വിളംബരതാളം
പെയ്തു തോരുന്നൊരീ ഇടവ മഴത്തുള്ളിക്കും
പേരറിയാത്തൊരു ഭാവതാളം
സൗരയൂഥത്തിന്റെ വീഥിയിൽ ഉഴറുമ്പോൾ
അടി പതറാത്ത ഭൂമിതൻ ഗമനതാളം
കിങ്ങിണി മന്ദാരപ്പൂവിൻ കവിളിലും
തൈത്തെന്നലിലാടുന്ന ലാസ്യതാളം

കർക്കിടകയോലയിൽ താണ്ഡവതാളമായ്
ചിങ്ങപ്പുലരിയിൽ പൊൻ സൂര്യതന്ത്രികളിൽ
നീളവാലൻ തുമ്പികൾ തമ്പുരുതാളമിട്ടു
കന്നി നിലാവിൽ മദിച്ചൊരു കുയിലിന്റെ
മദലഹരി പൂണ്ട ശൃംഗാരതാളം
പിന്നിൽ വന്നൊളിഞ്ഞു കണ്ണുകൾ പൊത്തിയ
കയ്യിലെ കരിവളകൾ തൻ താളം-സ്നേഹതാളം
ഉയരുന്നു, നിറയുന്നു, ഒഴുകുന്നു, പിണയുന്നു
വർഷനീരൊഴുക്കുംപോൽ താളങ്ങൾ
അവ - ലയമായ് മധ്യമദ്രുതങ്ങളായി മാറുന്നു
എങ്ങോ താളം കൈവിട്ട വിരലുകൾ മാത്രം
പകച്ചുനിൽപ്പൂ താള പ്രകരങ്ങളിലെത്താതെ
ഒരു താളം മാത്രമത് , അനശ്വരം - ഹൃദയതാളം !



"I don't want to be just another graduate"

**Software professional with an edge over others. That's why I'm studying at NIIT today, in the first year of my College.**

GNIIT is a specialy designed professional Software course for college students, with a world class curiculum

**NIIT**

CHRIST COLLEGE CENTRE

**NIIT**

BLAZE COURT, MAIN ROAD,
IRINJALAKUDA, PH : 828228



Abith Ganesh

IInd B.Com.

# *Conceive Believe Achieve*

*If you think you are beaten, you are;*
*If you think you dare not, you don't;*
*If you like to win, but you think you can't*
*It is almost certain you won't.*

*If you think you 'll lose, you've lost,*
*For, out in the world we find,*
*Success begins with a person's will*
*Its all in the positive state of mind*

*If you think that you are outclassed, you are,*
*You've got to think high to rise.*
*You've got to be sure of yourself*
*Before you can ever win a prize*

*Life's battles don't always go*
*To the stronger or faster Men,*
*But sooner or later the man who wins*
*Is the man who believes he can*

എല്ലാ രഹസ്യങ്ങളും 'പരസ്യ'മാക്കുന്നു.

**നിറക്കൂട്ട് ആർട്ട്സ്**

ക്രൈസ്റ്റ് കോളേജിന് സമീപം,

ഇരിങ്ങാലക്കുട നോർത്ത്

❑ ബോർഡ് ❑ ബാനർ ❑ സിനിമ സ്ലൈഡ് ❑ പോട്രൈറ്റ്, etc.

With best compliments from :

## Sakthan Thampuran

College of Mathematics & Arts
St. Thomas College Road, Thrissur-5
Parallel (Girls Only)


- B.Sc. (Mathematics),
- M.Sc. (Mathematics) (Boys & Girls),
- B.Com.

Tution for all subjects (Boys & Girls)

*For all kind of books*

# Current Books

**THRISSUR**




വിനോദ് പി.എസ്

ഒന്നാം വർഷ

ബികോം.


# പ്രണയത്തിന്റെ ഭാഷ

# മൗനമാണ്



പ്രണയം ഹൃദയത്തിൻ നിശബ്ദ രാഗമെ-
ന്നവളെ പഠിപ്പിച്ചതോർക്കുന്നു ഞാൻ
എന്റെ സ്നേഹത്തിൻ നിറക്കൂട്ടുകൾ
ഏതക്ഷരത്താലളന്നു കൊടുക്കും ഞാൻ
എന്റെ ഹൃദയത്തിലെയീ ഹിമക്കാറ്റുകൾ
നിൻ മരുഭൂമിയിൽ സംഗീതമുതിർക്കട്ടെ.
നീ
ഒരു മായാത്ത ചിത്രം
തിരയെടുക്കാത്ത മണൽത്തരി!
വാക്കുകൾ ഹൃദയത്തിനു തടവറ തീർത്തൊരീ
നിശ്ശബ്ദ സ്വപ്നങ്ങൾ നെയ്തൊരു രാത്രിയിൽ
ചീവീടുകളുടെ ആഹ്ളാദരവം
സഖീ, നിൻ ഹൃദയത്തിൽ പകരുന്നു ഞാൻ
നമ്മുടെ സംഗമമിന്നീ
താരകൾ തന്നഗ്നികുണ്ഢത്തിലല്ലോ
താഴെയേതോ ജീവന്റെയുറവയിലേക്ക്
നാമയച്ച മഴയിൽ സ്നേഹത്തിൻ പുതുജീവൻ
ഒരു പച്ചപ്പായി മാടി വിളിക്കുന്നു!
നീയൊരു മഴവില്ലായി മാറുക
സൂര്യനായി ഞാനും.................
എന്റെ ഹൃദയത്തിൻ ദാഹമകറ്റിടാൻ
നീ തന്നൊരാ കണ്ണുനീർ ത്തുള്ളികൾ
എന്റെയുള്ളിൽ തീർത്തതോ
ഒട്ടുമേ വറ്റാത്തൊരു തെളിനീരുറവയും
അന്നു നമ്മുടെ പ്രണയം
മഴത്തുള്ളികൾ മാത്രം കേട്ടൊരു ഗീതമായ്
ചക്രവാളങ്ങൾക്കായുള്ളൊരു ചിത്രമായ്
ഒരു തുളസിക്കതിരിലെ തുഷാരമായ്
ഇന്നലെകളിലെ അനുഭവങ്ങൾ
ഇന്നിന്റെ മരീചികകളാവുമ്പോൾ
ഒരു കാൽപ്പെരുമാറ്റം
ഓ! ഒരു നെടുവീർപ്പ്
ശാന്തത അതു കാർമേഘത്തിന്റെ ചിരിയാണ്,
സഖീ........., നാം ഇരുട്ടിന്റെ സൗന്ദര്യം മറക്കരുത്
ഒരു മിന്നാമിനുങ്ങു പോലും ആ ഇരുട്ടിൽ
സത്യത്തിന്റെ പ്രവാചകനാണ്
ഇന്നൊരു ചിത്രശലഭത്തിന്റെ ജീവനിൽ
എന്റെയൊരാഴ്ച നീ നീട്ടിക്കൊടുക്കുക
എന്റെ സ്നേഹത്തിനെയൊരു വാക്കുകൊണ്ടെങ്ങനെ
നിൻ ഹൃദയത്തിലേക്കു പകർന്നിടും ഞാൻ
സ്നേഹം ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുന്നു.
സ്നേഹം മൗനത്തിൽ പൂർണ്ണത തേടുന്നു.

W ith compliments from:

**A.K.P. METALS & ALLOYS**
ROLLING, PRESSING & SPINNING MILLS
Christ College Road, P.B.No. 24
Irinjalakuda 680 121

Phone : Factory 826430, Resi. 825444

**ALENGADENS VESSELS HOUSE**
Main Road, Tana, Irinjalakuda 680 121

**Phone: 826777, 826431, 826432 Resi. 820040**

**A.K.P. METALS & WARES**
Post Office Road, Thrissur-680 001

Phone: 425548 Resi:427748

**GEORGE ALLEN EXPORTS**
XIII/7 Main Road, P.B.No. 24
Irinjalakuda 680 121, Kerala S.India

Phone: 825445 Fax : 91.488-825445

*With best compliments from :*

**OKTOPALS SPORTS A/C**

M.G. Road, Thrissur-1 &
Whole sale & Retail Dealers

Christ College Road, Irinjalakuda
(Opening shortly)

Ph : 335424, 337757, Fax : 324249

*With best compliments from :*

**MEGASTAR AUDIO & VIDEO**
Near M.C.P. Super Market, Tana, Irinjalakuda


For Video casettes, Audio Casettes, Video C.D., Audio C.D.

# DISCOVERY



Princy Pauly K

Ist D.C. Mathematics



*One day I left the noisy world,*
*And its smoky starless sky*
*And burning highway pavements,*
*Full of busy, heartless robots,*
*To see the virtual reality*
*Moulded by the king of creators*

*My first step on soft earth*
*In a world only heard of*
*A pleasant cool breeze caressed me*
*Welcomingly to this ancestral home*
*I felt myself in paradise*
*Or am I dreaming, I pinched*

*Oh! above me the vast blue sky*
*With its wispy white clouds,*
*Beneath the grass bearing diamonds,*
*Amayed by this gleaming greenery,*
*I moved ahead devouring the beauty,*
*To feel, to touch, this rarity.*

*Breathing the fresh morning air,*
*My senses drinking the loveliness,*
*Somewhere deep down in my heart*
*Among the waves of peace,*
*I heard a soft voice whisper*
*"This is where you belong"*


റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക്



# ശ്രീജാസ്

പടിഞ്ഞാറെ നട,
കൊടുങ്ങല്ലൂർ
Phone: (Off) 803077,
Resi. 800432

ആശംസകളോടെ.................

# ഫാരഡേ ഇലക്ട്രിക്കൽസ് & ഇലക്ട്രോണിക്സ്

## കൊടുങ്ങല്ലൂർ റോഡ്, ഇരിങ്ങാലക്കുട

ബി.പി.എൽ., വേൾപൂൾ, ഗോദ്റെജ്, കെൽവിനേറ്റർ, വീഡിയോകോൺ, വോൾട്ടാസ്, എന്നീ ഫ്രിഡ്ജുകളുടെ ഒറിജിനൽ സ്പെയർപാർട്സ് ഉപയോഗിച്ച് സർവ്വീസിങ്ങ് നടത്തുന്നതാണ്.

എയർകണ്ടീഷണർ, വാട്ടർകൂളർ, വാഷിങ്ങ് മെഷിൻ, എന്നിവയുടെ സർവ്വീസിങ്ങ് കൂടാതെ, മോട്ടോർ വൈൻഡിങ്ങ്, ഹൗസ് വയറിങ്ങ്, പൈപ്പ് ഫിറ്റിങ്ങ്, എന്നീ ഇലക്ട്രിക് ജോലികളും ചെയ്തുകൊടുക്കുന്നു.

ടി.വി., വി.സി.ആർ., ഇലക്ട്രോണിക് വാഷിങ്ങ് മെഷീൻ, ടെലിഫോൺ തുടങ്ങി ഇലക്ട്രോണിക് സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.

---

# The Kodungallur Town Co-operative Bank Ltd. No. 102

Kodungallur - 680 664, Thrissur District-Kerala

A LEADING LICENCED URBAN BANK IN KERALA HAVING
15 BRANCHES IN KODUNGALLUR TALUK

TRANSACTS ALL KINDS OF BANKING BUSINESS
SAFE DEPOSIT LOCKER FACILITY AT HEAD OFFICE & AT ALL OUR BRANCHES
ATTRACTIVE DEPOSIT SCHEMES TO SUIT THE NEEDS OF ALL TYPES OF PEOPLE

LATEST POSITION AS ON 31..03..1998

| | | Rs. in lakhs |
|---|---|---|
| 1. Paid up Share Capital | : | 93.31 |
| 2. Reserves & other Funds | : | 477.05 |
| 3. Deposits | : | 4642.86 |
| 4. Advances | : | 2917.83 |
| 5. Working Capital | : | 5108.66 |
| 6. Net profit | : | 61.00 |

M.N. Sreenivasan
Secretary

V.K. Aravindan
Chairman



**സുബീഷ്**

രണ്ടാം വർഷ ബി.എ.
ഇക്കണോമിക്സ്


# അപൂർണ്ണം

ഇന്നീ വിറങ്ങലിച്ച രാത്രിയിൽ
ഒരു സ്വപ്നത്തിന്നൂടും പാവുമായി
നിന്നെയോർത്തിരിക്കുന്നു ഞാൻ
ശലഭങ്ങൾക്കും പൂക്കൾക്കും സ്തുതി
പുലരിക്കായ് ഒരു ഗീതകം
ഏതോ നക്ഷത്രങ്ങളുടെ
വർണ്ണരാജികൾക്കു കടംകൊടുത്ത
ഒരു സ്വപ്നരാഗം
ഇന്നീ നിശീഥിനിയിൽ
ഉറക്കെപ്പാടുവാനൊരു മോഹം
ഇരുട്ടിന്റെ വരവിൽ
ചീവിടുകളുടെ സന്തോഷം
നീ
ഒരു മായാത്ത ചിത്രം
തിരയെടുക്കാത്തൊരു മണൽത്തരി
ചാട്ടവാറിന്റെ ഒച്ചയിൽ തന്നെ
ചത്തൊടുങ്ങുന്ന ദിവ്യപ്രേമം
ഒരു കടൽത്തിരയെനിക്കു സമ്മാനിച്ച
മുത്തുച്ചിപ്പി
ഇന്ന് കടലിലേക്ക് വലിച്ചെറിഞ്ഞൊരെൻ
മനസ്സിന് മരണം വിധിച്ചു ഞാൻ
നിന്റെ കാലൊച്ചകൾ കേട്ടുപഴകിയ ഇടനാഴികളോടും
നീ വലിച്ചെറിഞ്ഞ ചെമ്പകപൂക്കളോടും
വെറുതെ ദേഷ്യം കാണിച്ച്
ഒന്നു മിണ്ടാൻ പോലുമാകാതെ
എന്റെ മൗനത്തിന്റെ നീലക്കടലിലേക്ക്
ഒരു തുള്ളിക്കണ്ണീർ കൂടിചേർത്ത്
എപ്പോഴും മുങ്ങിപോകാറുള്ള പഴയ കടലാസുകപ്പലുകളുടെ
കപ്പിത്താനാണെന്ന് വീമ്പുപറയുന്ന
നിന്റെയൊരു പഴയ പരിചയക്കാരൻ
നാമെല്ലാവരും ഒന്നും കാണാതിരിക്കാൻ
പഠിക്കേണ്ടിയിരിക്കുന്നു.
ഈ രാത്രി കൂടി നിന്നോടെനിക്ക്
സ്നേഹത്തോടെ, കനിവോടെ സംസാരിക്കാം
ഇനി മുതൽ നാം
സ്നേഹിതർ, ആരോ നെയ്തെടുത്ത
മാമൂലുകളുടെ കച്ചത്തുണികളിൽ
ഒരു ചിതാഭസ്മം പൊതിയാൻ ശ്രമിക്കുന്നവർ
ഇന്നത്തെ ഭാഗ്യശാലികൾ
നാളത്തെ സ്വപ്നങ്ങൾ നഷ്ടപ്പെട്ടവർ



Muhammed Habeeb
Ist P.D.C. IInd Group

# TENSION



*A thing which is gifted to all is tension*
*So many tensions;*
*It's so very difficult to mention*
*But there are some tensions*
*Which are common to our nation*
*Students face the tension of examination*
*Clerks have the tension of promotion*
*Political leaders suffer the tension of election*
*The forest department have tension*
*Due to increasing deforestation*
*Environmentalists have tension*
*In bringing out methods to decrease pollution*
*Doordarsan is under a lot of tension*
*After Cable TV's introduction*
*And there are many more tension*
*Which are beyond description*
*Some are never ending*
*Like, around the sun, the earth's rotation*
*But if we love our nation*
*And do our duties to satisfaction*
*We can reduce these tensions*
*In a very short duration*

GENERAL METALS

**MARKET LINK ROAD, IRINJALAKUDA 680 121**

**Dealers in:M.S. Angles, Flats, Squires, Torsteel Rounds etc.......**

Phone : Off:820314, 827218 Resi:827217,823524, 824765,825052.



**രാം കുമാർ പി.ജെ.**

രണ്ടാം വർഷ ഡിഗ്രി
മാത്തമാറ്റിക്സ്

# സായാഹ്നങ്ങളിലൂടെ

പടം പൊഴിക്കുവാനൊരുങ്ങുന്നു കാലം
പക്ഷാഘാതങ്ങളിൽ ഞെരുങ്ങുന്നു ജീവൻ
മനസ്സിലുണരുന്ന ബാല്യകാലങ്ങൾ
അമ്മിഞ്ഞ പാലിനായോ വിതുമ്പുന്നു?
നഷ്ടവസന്തത്തിനോർമ്മകൾ..................
വറ്റാത്ത കനിവിന്റെ ഉറവിടങ്ങളിൽ നിന്നും
മിഴിനീർചാലുകൾ
കാലത്തിൻ മടക്കുകൾക്കിടയിലൂടെ താഴ്ഷോട്ടിറങ്ങുമ്പോൾ
പാതി ചത്തശരീരത്തിലവശേഷിക്കുന്ന മനസ്സിൽ
കുട്ടിക്കാലങ്ങളിലെ നടന്ന തൊടിയും മുറ്റവും തുമ്പയും
വീണുരഞ്ഞ മുട്ടിൽ കിനിയുന്ന ചോരയും,
അതു തുടയ്ക്കുന്ന അമ്മയുടെ കൈകളും, തെളിയുന്നു
അച്ഛന്റെ വാത്സല്യവും അമ്മയുടെ ശകാരവും
തേങ്ങുന്ന നെഞ്ചിൽ തികട്ടുമ്പോൾ
ഇടറുന്നു ഗദ്ഗദത്താൽ  വർത്തമാനങ്ങളും
ഒരായിരം മുഖങ്ങളിൽ വിരിയുന്ന പള്ളിക്കൂടവും
പ്രണയം ഹൃദയത്തുടിപ്പായ കലാലയവും
ചവിട്ടിത്തള്ളിയ വഴികളിൽ ചുവന്ന റോസാദളങ്ങൾ വിതറുന്നുവോ
കാലത്തിന്റെ കാലൊച്ചകൾ പെരുമ്പറകളായി
ഉള്ളിൽ മുഴങ്ങുമ്പോഴും
കടിഞ്ഞാണില്ലാതെ പതിറ്റാണ്ടുകൾക്കപ്പുറത്തേക്കു
പായുന്ന പടക്കുതിരമാത്രമിന്നു ബാക്കിയാവുന്നു
മനസ്സ് മാത്രമിന്ന് ബാക്കിയാവുന്നു
ബന്ധങ്ങളില്ലാതെ ബന്ധനങ്ങൾക്കു നടുവിൽ
ഇരുണ്ട ഇടനാഴികൾ കാവൽനില്ക്കുന്ന മുറികളിൽ
ഏകാന്തവേളകളിലിടയ്ക്കെത്തിനോക്കുന്ന
സൂര്യനേയും കാത്തുകിടക്കുമ്പോൾ
ഓർക്കുവാനൊരു സായാഹ്നം മാത്രം ബാക്കിയാവുന്നു
ജീവിത സായാഹ്നം മാത്രം....

*With Best Compliments From*

NURO COMPUTERS

NURO
COMPUTER SYSTEMS
Alengadan Bldgns Near Court,
Main Road Irinjalakuda, Thrissur, Kerala - 680 121
Phone: 825407, E-mail: nnuro@hotmail .com

DEALERS FOR: COMPUTERS, PRINTERS, MODEMS, UPS, VINYL CUTTING PLOTTERS, PCO MONITORS, DTP, MULTIMEDIA, INTERNET SOLUTIONS AND SOFTWARES.

*With best compliments from*

IRINJALAKUDA KURIES & FINANCES

**Irinjalakuda Kuries & Finances (Private) Limited**

Kuries Buildings, Near Municipal Bus Stand,
**NADA-IRINJALAKUDA**

**19**

**Years of Service**

**REGD. OFFICE : IRINJALAKUDA**

**Branch : C 7, Nehru Ground, N.I.T. Faridabad.**



Prasanth

IInd B.A. Economics

# A TRUE FRIEND

True friendship is like a flower
Blooms when happiness strikes the heart.
Brings joy and smiles all around
Along its milky way;
Like the mist that dwelleth in the moors,
It dwelleth as a flame in our cold and lonely heart.
True friendship is to have someone special,
Someone so near and dear , yet very true,
To be with you in your joys and sorrows,
To guide you and cheer you,
Along the life's hanging bridge
Most of all, to love you to understand you and to trust you,
Through each passing day
A true friend will always be there with you
Like the sun who smiles all day along.

# AEROPLANE



Jishamol M.J.

IInd B.P.E .

" Once I saw a plane
Running on a plain
Swifter than the swiftest
Then flying against the rain,
It pierce a cloud
Making a fierce and loued sound.
It went up and up untill,
Copluds seemed like popcorns below
I could see the plane still
Its size reduced to a pill
My heart broke where it eas out of sight
For my mother was in the flight,
Then I ceased to watch the skies
But tears fell from my eyes.



**WILSON BROS**

**STUDIO & VIDEO**

Tana, Irinjalakuda

✆ Off. : 822887, Res. : 828997

ആശംസകളോടെ......................

**സുമംഗല ജ്വല്ലറി**

കിഴക്കേ നട, കൊടുങ്ങല്ലൂർ

*With best compliments from*

**OKAY MISSION HOSPITAL**

KODUNGALLUR

**DENTAL HEALTH CENTRE**

Tana (Jn.),
Irinjalakuda,
Church Building

Our Specialities - Fixed orthodontics
- Root Canal Therapy
- Crown & Bridge

Dr. E.F. Jolly B.Sc., B.D.S.

Consulting Timings

Morning 9.00 a.m. to 1.30 p.m. A.N. 2.30 p.m. to 6.00 p.m.

Sunday & Thursday Holiday

Remember : Dental Health Shows your General Health




മനോജ് വി. എസ്.

രണ്ടാം വർഷ ഡിഗ്രി

ജന്തുശാസ്ത്രം

# ആത്മാക്കൾ തുയിലുണർത്തുന്ന
# കാലം

അനാദിയായ
കാലത്തിലൂടെ
ആത്മാക്കളുടെ
യാത്ര
ചിലപ്പോൾ
ശരീരങ്ങൾ
കടമെടുത്തും
ചിലപ്പോൾ
ശരീരങ്ങൾ
ഉപേക്ഷിച്ചുമുള്ള യാത്ര
അവർ
നിലാവിൽ
നൃത്തംചവിട്ടി
ഇന്നലെകളെ
ഇന്നുകളാക്കി
ഇന്നുകളെ
നാളെകളാക്കാൻ
കൊതിച്ചു
ചരിത്രത്തിന്റെ
ഉഴവുചാലിൽ
വിത്തുകളെറിഞ്ഞ്
നൂറുമേനി
വിളയിക്കാൻ
കൊതിച്ചു
കക്കകൊണ്ട്



സമുദ്രത്തെ
അളക്കാൻ
ശ്രമിച്ചു
ഇനി
ഞാനോ നിങ്ങളോ
അറിയാതെ
ഭൂമിയിൽ
ആത്മാക്കൾ
തുയിലുണർത്തുന്ന
കാലമാണ്.
വരുന്നത്.
അവരറിയുന്നു,
ഇവിടെ
എല്ലാവരും
ഉണരാനാകാത്ത
നിദ്രയെന്ന
ശാപം പേറി
നാളുകൾ
താണ്ടുകയാണെന്ന്
എല്ലാവരും
ഉണർന്നെണീറ്റെങ്കിൽ
എന്ന്
അവർ
വെറുതെ
മോഹിക്കുന്നു.


അവനവനാത്മ സുഖ-
ത്തിനാചരിക്കുന്നവ-
യപരന്റെ സുഖത്തി-
നായ് വരേണം

(ശ്രീ നാരായണ ഗുരു)

**ELITE FABRICS**
M.O. Road, Thrissur - 1,
Ph : 423399, 421021

*With best compliments from*

**PRIYA BAKERY**
NADA, IRINJALAKUDA



*With best compliments from*

**PRIYA JEWELLERY**
Near Hotel Colombo, Nada, Irinjalakuda
Ph : 821785

**With best compliments from:**



**CHEMIND**

XX/X/185, Chemind House, Machingal Lane,
M.G. Road, Thrissur-680 001.

Ph : off:335173, Res: 429843,Fax: 91-0487 336641, Gram : Chemind



**ജിനേഷ് കെ.എസ്**
ഒന്നാം വർഷ
പി.ഡി.സി. II ഗ്രൂപ്പ്

# നഗ്ന സത്യങ്ങൾ



ഉഷസ്സിൽ ദിവ്യോജ്വല
ജാലങ്ങൾ പ്രകാശിച്ചു
ഉണരാൻ വൈകിയോ ഞാൻ
ഹൃദയമിടിക്കുന്നു

നിദ്രയിൽ സ്വച്ഛന്ദമായ്
പാഴ്കിനാവുകൾ കണ്ടു,
നിശബ്ദസംഗീതത്തി
ന്നീരടികളും കേട്ടു.

എന്തിനായുണരുന്നു
വിശാലശൂന്യതയി
ലെന്തിനായ് പടുക്കുന്നു
നിശിത നിരാശകൾ

നേടിയോ വൃഥാവിൽ ഞാൻ
ബി. എ.യാം ബിരുദത്തെ
യേകനായലയുവാ
നാശതൻ ഭാണ്ഡം പേറി

പണ്ടുഞ്ഞാനൊന്നാം ക്ലാസ്സിൽ
കൂട്ടുകാരെല്ലാം കൂടി
ക്കണ്ടൊരാ സ്വപ്നങ്ങൾ തൻ
സുവർണ്ണ നിമേഷങ്ങൾ

ഇന്നുമെൻ ഹൃദന്തത്തിൽ
മായാതെകിടക്കുന്നു
ണ്ടെന്നു മേനിലയ്ക്കാതെ
സ്വത്വവും നശിക്കാതെ

ആട്ടവും പാട്ടും പിന്നെ
സ്നേഹത്തിൻ സംഗീതവും
കൂട്ടത്തിൽ കണക്കുകൾ
സംജ്ഞകൾ സിദ്ധാന്തങ്ങൾ

എന്നല്ലകൺ മുമ്പിലെ
ക്കാഴ്ചകളെല്ലാം തന്നെ
യൊന്നൊന്നായാനന്ദത്തിൻ
വിത്തുകൾ വിതയ്ക്കവേ

അക്ഷരജ്ഞാനത്തിന്റെ
തികവിലെത്തിച്ചേരാ
നക്ഷണം തൊട്ടേ ചെയ്ത
കഠിന പ്രയത്നങ്ങൾ

ഒട്ടുമേ വിടാതെല്ലാ
മോർമ്മതൻ പ്രബന്ധത്തിൽ
ചിട്ടയായ് പരീക്ഷിച്ചോ
രന്തരാത്മാവിൻ മോഹം

ജീവിതം നയിച്ചിടു
മത്ഭുത പ്രതിഭാസ
മീവിധം കലുഷിത
മാകുമെന്നാരോ കണ്ടു

പച്ചിലച്ചാർത്തും പൂവും
കായ്കളും വസന്തത്തി
ന്നിച്ഛയാൽ വിലസിക്കു
മത്ഭുത പ്രപഞ്ചത്തിൽ

ജീവിത വസന്തത്തിൻ
ചാരുതയൊരുക്കുമീ
ജീവിത മലർവാടി
യേകിടും ലതകളിൽ

പാടുമെൻ ഹൃദന്തത്തി
ന്നുമ്മറപ്പടികളി
ലാടുമെൻ പ്രതീക്ഷ തൻ
മോഹപുഷ്പങ്ങൾ മാത്രം

കേവല ജ്ഞാനത്തിന്റെ
ശൂന്യമാം തലങ്ങളി
ലീവിധം പ്രണമിപ്പൂ
ഭാവിതൻ പ്രതിഭകൾ

ആശയും നിരാശയു
മേതുമീനിയതിത
ന്നൂഴമായ് വിളങ്ങുമീ
നഗ്നസത്യങ്ങൾ മാത്രം

ആശംസകളോടെ....................

# ഇരിങ്ങാലക്കുട
# ടൗൺ സഹകരണ ബാങ്ക് ക്ലിപ്തം

**സംസ്ഥാനത്തെ പ്രമുഖ അർബൻ ബാങ്കുകളിലൊന്ന്**

- സുശക്തമായ സാമ്പത്തിക അടിത്തറ
- സേവനത്തിന്റെ 80–ാം വർഷത്തിൽ
- നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ
- കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ

**ബ്രാഞ്ചുകളും ഫോണും**

| | | | |
|---|---|---|---|
| ഹെ. ആഫീസ് | 825379 | ഫാക്സ് | 823479 |
| മെയിൻ | 827279 | ചേലൂർ | 822679 |
| നട | 825079 | കാട്ടുങ്ങച്ചിറ | 826879 |
| മാർക്കറ്റ് | 826379 | കാറുകുളങ്ങര | 823779 |
| താണിശ്ശേരി | 821779 | | |

എം. പി. ജാക്സൺ
ചെയർമാൻ

ടി. കെ. ദിലീപ് കുമാർ
ജനറൽ മാനേജർ



# നിശബ്ദതയിലൂടെ ഒരു യാത്ര

**വാക്സ്റിൻ പി.വി.**
രണ്ടാം വർഷ
പി.ഡി.സി. I ഗ്രൂപ്പ്



സന്ധ്യതൻ അന്ത്യത്തിൻ
നിശ്ശബ്ദ താളത്തിൽ
മയങ്ങുമീ തീരം,
ഈ മഹാ നഗരത്തിൻ
അജ്ഞാതമാം കോണിൽ
രാവിൻ വരവേൽപ്പിനായ്
കുടികൊള്ളും കിനാവുകൾ
ദൂരെ കാൻവാസിൽ
കറുത്ത ചായം പൂശവേ,
കനകരാശികൾ മെല്ലെ പിൻവാങ്ങി
നിലാവിൽ നിഴൽ ചിത്രങ്ങ
ളെഴുതും പൂമരത്തിൽ
സ്വപ്നത്തിൻ നിർവൃതിയിൽ
അറിയാതെ അലിഞ്ഞു ചേരുന്നൂ
രണ്ടു രാക്കിളികൾ.
പുത്തനാം പുലർകാറ്റിൽ
കുളിർ കോരി വിതറും
അരുണ കിരണങ്ങളി-
ന്നൊരു പുതിയ പുലരിക്കായി
കാതോർത്തു നിൽക്കുന്നു.

എന്റെ നിശ്വാസധ്വനി പോലും
നിശ്ശബ്ദതയിൽ ലയിക്കുമീ തീരത്തിൽ
അറിയാതെ................
അറിയാതെ ലയിച്ചു ചേർന്നു ഞാൻ
പ്രകൃതി തൻ നിതാന്ത
പ്രയാണത്തിൽ സർവ്വവും മുന്നേറവേ
ഞാനൊരു നോക്കുകുത്തിയായി
എൻ സ്ഥായിയാം രൂപത്തിൽ
നിശ്ചലനായി.................
നിറഭേദങ്ങൾ കണ്ടാസ്വദിച്ച്....
ഇമവെട്ടാതെ ജന്മം കഴിക്കുന്നു.

With best compliments from :

**MAMBILLY CYCLE EMPORIUM**
**TANA, IRINJALAKUDA**

*With best compliments from*

JOE AGENCIES
BigBazar, Irinjalakuda

ആശംസകളോടെ......................

# ALPHA FOOTWEARS

## NADA, IRINJALAKUDA

- ബാഗുകൾ
- ചെരുപ്പുകൾ
- കുടകൾ



എന്നിവയുടെ
വിപുലമായ ശേഖരം

With best compliments from :

Ph : Res:823149 , Hotel : 820149

## WOODLANDS

Vegetarian Hotel & Restaurant
Nada, Irinjalakuda



**ബിജി വി.വി.**

ഒന്നാം വർഷ ഡിഗ്രി
ഫിസിക്സ്

# അവൻ



അവൻ
ഗർഭപാത്രത്തിൻ സത്യമാം ഇരുട്ടിൽ നിന്ന്
ലോകത്തിന്റെ മിഥ്യയാം വെളിച്ചത്തിലേക്ക്
ക്രൂരമാം വിധിയാൽ  വലിച്ചെറിയപ്പെട്ടവൻ
അവൻ
ബാല്യത്തെ ഏകാന്തതയുടെ തടവറയിലാക്കി
മൂകമാം ആത്മാവിനെ ചങ്ങലയിലിട്ട്
കാട്ടുമുള്ളാൽ കുത്തിനോവിച്ച്
നോവിൻ കയങ്ങളിൽ ലഹരി കണ്ടെത്തുന്നവൻ
അവൻ
യൗവ്വനത്തെ വ്യർത്ഥമാം ചിന്തയാൽ കൊന്നു
ബന്ധങ്ങൾ പൊട്ടിച്ചിതറുന്ന ശബ്ദം ശ്രവിക്കാതെ
പുതിയ ബന്ധങ്ങളാം മരീചികകൾ തീർത്തവൻ
അവൻ
സ്വപ്നങ്ങളുടെ വിലയറിയാതെ അവയുടെ
കഴുത്തറുത്ത് ഭ്രാന്തമായി പൊട്ടിച്ചിരിപ്പൂ
വ്രണിതമാം സ്വപ്നങ്ങളിൽ നിന്ന് രക്തം വമിക്കവെ
അവനറിഞ്ഞീലയവന്റെ നഷ്ടം
അവൻ
ഓർമ്മകളൊട്ടാകെ വിസ്മൃതി പൂല്കുമ്പോൾ
ചിന്തകളൊട്ടാകെ ജീർണിതമാകുമ്പോൾ
നേട്ടങ്ങളൊട്ടാകെ മണ്ണോടു ചേരുമ്പോൾ
ചുടലപ്പറമ്പിൽ നിന്നട്ടഹസിപ്പവൻ
അവൻ
വെളിച്ചം ഭയന്നപ്പോൾ കണ്ണുകൾ ചൂഴ്ന്നി
രുട്ടിന്റെ മാറിൽ തലചായ്പ്പൂ
ഭാവനകളൊട്ടാകെ ചിതലരിച്ചീടുമ്പോൾ
ഏകനായി കാതുകൾ കളഞ്ഞവൻ
അവൻ
എല്ലാംനഷ്ടപ്പെടവെ ശൂന്യതയെ സ്നേഹിച്ചവൻ
അതിനെ മനസ്സിലേക്കാവാഹിച്ചവൻ
അവനല്ലോ സ്വയമറിയാതെ അപരനെ അറിയാതെ
വിണ്ഡലം ചുറ്റും ശൂന്യതാദർപ്പണം
അവൻ
തന്നെ നോക്കും സഹജർതൻ കണ്ണിലീ
ശൂന്യത നിറയവെ, നെടുവീർപ്പിട്ടവൻ
തൻ ജീവിതമൊട്ടാകെ ശൂന്യതയിൽ വിലയിക്കെ
ഭൂമിക്ക് ഭാരമായ് ശാപമായ് തീർന്നവൻ
സംസാരമൊട്ടാകെ ശൂന്യത നിറച്ച്
ശൂന്യതയുടെ ഭാരം ഭൂമിയെ അറിയിച്ചവൻ
അവനാം ശൂന്യതയാണാധുനികതയുടെ സൃഷ്ടി
അവനാണാധുനിക മനുഷ്യൻ
സൂക്ഷിച്ചിരിക്കൂ  നിങ്ങൾ
അവനെ.........
അവനാം ശൂന്യതയെ

*With Best Compliments From*

# MASTHAMBI MARBLES

**MASTHAMBI MANZIL**
**CHRIST COLLEGE ROAD**
**IRINJALAKUDA**
**PHONE : 828670, FAX : 0488 - 820867**

*Dealers in*

**MARBLE, GRANITE & PEBBLE STONE**

*Opening Shortly*

# MASTHAMBI BAKERY

**CHRIST COLLEGE JUNCTION**
**IRINJALAKUDA**



# CRAZY THOUGHTS



Anoop kumar S
Ist D.C. Chemistry

Life...............
What is life .............
It is like...............
Ya, it is like a...............
Like the blue ocean.
Sometimes calm and quiet
But suddely to hellish Sometimes
It bewilders everyone, almost every one
It is more orless like an unused pathway
Very refreshing to walk through it
But hides many pits and thorns
Suddenly coming up with bends and twists
One cannot assert it
Simply! no one can assert it.
No one can predict the next second
But at lasts it comes to an end
An end, marked by a long sleep
A long undisturbed one
With all the peace in the world
One sleeps for ever
Dear ! Death is...................
What is death ?.....................
Death! Death is....................

*With Best Compliments From*


*An Exclusive Beauty Parlour in Irinjalakuda*



Anns
BEAUTY CARE
SOUTH BAZAR, IRINJALAKUDA
A HOUSE FOR BEAUTIES

# CONQUER THE COMPUTER WORLD

**Though JOB-ORIENTED COURSES from**



# ET&T

**(A GOVT. OF INDIA ENTERPRISE)**

## COMPUTER EDUCATION

**OFFERS**

**QUALITY COMPUTER EDUCATION AT REASONABLE FEE STRUCTURE**

*Courses offered :*

- P.G.D.C.S.T
- VISUAL BASIC
- C,C++
- D.T.P.
- H.D.C.S.T.
- ORACLE /DEVELOPER 2000
- AUTO CAD-14
- TALLY
- D.C.S.T.
- C.C.A.
- UNIX
- MS OFFICE PROFESSIONAL
- INTERNET ETC...........

ET&T

ईटीएण्डटी

**ET &T COMPUTER EDUCATION & TRAINING CENTRE**

**Aloor Complex, Near Christ College Jn, Thrissur Road,**


**Irinjalakuda. Ph : 820873**

**Because Education Goes Beyond Business**

# SPORTS & INTRA MURAL ACTIVITIES



**Basket Ball Team**




**Mr. Skeleton**

SINI THOMAS



Inter University
Kabadi - Simla

JIJO PAUL



Out Standing
Performance -
Basket Ball

MOHAMMED SHEJIN



Shot Put
Unviersity

JOE KANICHAI




Throw Events
University

PRASAD C.



Kho Kho
Inter University

LITTO THOMAS



Throw events
University

ANJALI



Individual
Champion (Girls)

IRSHAD



Individual
Champion ( Boys)

NISHA AUGUESTINE



Kabady - Inter
University

RAM MOHAN R.



Mr. Christ

JITH C.D.



University - Boxing

JISHAMOL M.J.



Goal Keeper
University

ആശംസകൾ

# ഇരിങ്ങാലക്കുട സർവ്വീസ് സഹകരണബാങ്ക്

## ക്ലിപ്തം നമ്പർ 594, ഇരിങ്ങാലക്കുട

" നിങ്ങളുടെ നിക്ഷേപങ്ങൾക്ക് പരിപൂർണ്ണ സുരക്ഷിതത്വവും

ആകർഷണീയമായ പലിശയും.

മിതമായ പലിശനിരക്കിൽ ലളിതമായ വായ്പാ സൗകര്യം "

പ്രസിഡണ്ട്

*ശ്രീ. എം. എസ്. കൃഷ്ണകുമാർ*

സെക്രട്ടറി

*ശ്രീമതി. ഷെർളി ആന്റണി*

---

ആശംസകളോടെ..............

"ഡിന്നർ-രസനേന്ദ്രിയത്തിന് ഒരു വിരുന്നാണത്. ഞങ്ങളൊരുക്കിയ ഡിന്നറാകുമ്പോൾ
അത് കണ്ണിനും ഒരു വിരുന്നായിത്തീരുന്നു"

ലാലീസ്
അത് മിക്ക അതിഥിക
ളുടേയും കണ്ണു തുറപ്പി
ക്കും. തീർച്ച

**ഔട്ട് ഡോർ കാറ്ററേഴ്സ്**

*താരതമ്യമില്ലാത്ത സൂക്ഷ്മത*

Laly's

*ലാലി ബിസ്ക്കറ്റ് കമ്പനി, മാർക്കറ്റ് റോഡ്, ഇരിങ്ങാലക്കുട*
*ഫോൺ : 0488-822167. 822434/0484 - 473643, 540836*

---

ആശംസകളോടെ..............


**സംഗീത**

**സാരീസ് & റെഡിമെയ്ഡ്സ്**

**അൽ-അമീൻ ഷോപ്പിങ്ങ് കോംപ്ലക്സ്**

**ഠാണാ, ഇരിങ്ങാലക്കുട**

**ഫോൺ - 821591**



കഥാകാരന്റെ മനസ്സാണ് അവന്റെ സൃഷ്ടി
ശലഭങ്ങളേപ്പോലെ
അവന്റെ ചിന്തകൾ പാറിപ്പറക്കട്ടെ.....
ചിന്തകളുടെ വളർച്ച അതിന്റെ ആശയങ്ങളിലൂടെയാകട്ടെ
അതിലെ നൊമ്പരങ്ങളും കണ്ണീരുമെല്ലാം
അവന്റെ സ്വപ്നങ്ങളിലെ വികാരങ്ങളാകട്ടെ.....
ദുഃഖങ്ങളുടെ പങ്കുവെയ്ക്കലാകട്ടെ,
എല്ലാം ഒത്തുചേർന്നുള്ളതാകട്ടെ
ഈ
കഥാപ്രപഞ്ചം

Visit our New Readymade Showroom

# JANATHA TEXTILES

## TANA, IRINJALAKUDA



★ JEANS ★ TROUSERS ★ SHIRTS
★ T-SHIRTS ★ CHURIDARS
★ MIDDY ★ SKIRTS.

---

ആശംസകളോടെ...................

# കരിഷ്മ റെഡിമെയ്ഡ്സ് & ടൈലേഴ്സ്

ലേഡീസ് & ജെന്റ്സ്

കെ. ജെ. കോംപ്ലക്സ്

ക്രൈസ്റ്റ് കോളേജ് റോഡ്, ഇരിങ്ങാലക്കുട.

---

*With best compliments from:*



# RANJO'S CYCLES

Cathedral Junction, Irinjalakuda

# ചിതറിയ ചിന്തകൾ



പ്രവീൺ എം. കുമാർ

രണ്ടാം വർഷ

എക്കണോമിക്സ്

സിരകളിലേക്ക് യുവരക്തം തീക്ഷ്ണമായി തിളച്ചുയുർന്ന ഇന്നലെകളിൽ പ്രത്യയശാസ്ത്രങ്ങളുടേയും സ്നേഹസൗഹൃദബന്ധങ്ങളുടേയും ആവേശത്തിൽ പ്രണയത്തേക്കാൾ അതിതീവ്രമായ ഒരു പ്രപഞ്ചത്തിലേക്ക് ഞാൻ സ്വയം ആനയിക്കപ്പെടുന്നതുപോലെ ....

അപ്പോൾ നീ.......


നീയെന്നുള്ളത് ഒരു വ്യക്തിയാണ്. ഒരാൾക്ക് വേണ്ടി ഒരു സമൂഹത്തെ മുഴുവൻ മറക്കാൻ എനിക്ക് സാധിക്കില്ല. നിന്നെയാണെനിക്ക് നേടേണ്ടതെങ്കിൽ അതിന് കാലഘടികാരത്തിന്റെ തുരുമ്പിച്ച സൂചികകൾ അല്പം കൂടി സമയം എനിക്ക് തരുമായിരിക്കാം.

എന്നാലും ഞങ്ങളുടെ ആശയങ്ങൾക്ക് വിരുദ്ധരായി നിൽക്കുന്നവരുടെ ശിരസ്സുകൾ കൊയ്ത് അവരുടെ കണ്ഠത്തിൽ നിന്നുള്ള ചുടുചോര എന്റെ കൈക്കുമ്പിളിൽ നിറയുമ്പോൾ ആ വിരൽപ്പാടുകൾ പതിപ്പിക്കേണ്ട ചുമരുകൾ തേടി നടക്കേണ്ട ദിനങ്ങളെ കുറിച്ചാലോചിച്ച് അറിയാതെ കൺപോളകളടയുന്ന രാവുകളിൽ ഞാൻ കണ്ട കിനാവുകൾ നിന്നെ ക്കുറിച്ച് മാത്രമായിരുന്നു. നിന്നെക്കുറിച്ച് മാത്രം.................

നമ്മുടെ മനസ്സുകളിൽ ഉത്സവാഘോഷങ്ങൾ എന്നും നിലനിൽക്കുന്നതിനായി ഞാൻ നിനക്ക് സമ്മാനിക്കുമായിരുന്ന കരിവളകളുടെ ഓർമ്മകൾ.

പിന്നീട് അവ ഞാൻ തന്നെ പൊട്ടിച്ചുകളയാറുള്ളതും അപ്പോൾ രക്തം പൊടിയുന്ന നിന്റെ കൈയിൽ തൊട്ട് നിന്റെ നെറ്റിയിൽ ഞാൻ സിന്ദൂരം ചാർത്തിത്തന്നതും.......

എന്റെ പേരിൽ പുഷ്പാഞ്ജലി



നടത്തി ഇടംകൈയിൽ പ്രസാദവുമായി വന്ന നീ എന്നെ ചന്ദനം തൊടുവിച്ചതും മനസ്സിൽ ഞാൻ കൊണ്ടു നടന്ന ഈശ്വരവിരുദ്ധാശയത്തിനോടുള്ള മാനസികമായ പ്രതിബദ്ധത മൂലം ഞാനതുടൻ മായിച്ചു കളഞ്ഞതും, അപ്പോൾ വാർന്നൊഴുകിയ നിന്റെ കണ്ണീരും, എല്ലാം ഗ്രാമീണ നിഷ്കളങ്കത സ്പന്ദിച്ചു നിന്നിരുന്ന എന്റെ മാത്രം ഓർമ്മകളായിരുന്നു. ആ ഓർമ്മകൾ മാത്രമായിരുന്നു ഇന്നലെകളിലെ എന്റെ കരുത്ത്.

നിയമപാലകരുടെ ആസ്ഥാനങ്ങൾ തകർക്കുവാനും ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനുമായി കാട്ടിലെ ഒളിസങ്കേതത്തിൽ ആത്മാർത്ഥസ്നേഹത്തിന്റെ വക്താക്കളായിരുന്ന സഖാക്കളുമൊത്ത് സമ്മേളിക്കുമ്പോഴും അനുഭവങ്ങളുടെ വറ്റാത്ത കണ്ണീരും, പ്രതികാര ദാഹം തിളക്കുന്ന രക്തവും തൂലികയിൽ മുക്കി ആശയപ്രചരണം നടത്തുമ്പോഴും, മാത്രമല്ല, തുരുമ്പിച്ച മനസ്സുമായി ഇരുമ്പഴികളിൽ പിടിച്ച് ഇരുളിലേക്ക് നോക്കി നിൽക്കുമ്പോഴും ഒരിക്കലും ഉണ്ടാകില്ലെന്ന് കരുതിയിരുന്ന നാളെകളെക്കുറിച്ച് സ്വപ്നം കാണുമായിരുന്നു.

പ്രണയമെന്താണെന്ന് പഠിപ്പിച്ചു തന്ന നിന്നെക്കുറിച്ച്............. അത് ഒരു നിമിഷത്തിലെ ഒരു നിമിത്തമല്ല ; പിന്നെ അത് രണ്ടുമനസ്സുകൾക്കും ലഭിക്കുന്ന ഒരു അസുലഭ അംഗീകാരമാണ്. കാലഘട്ടത്തിന്റെ ആവശ്യമാണോ അതോ അതൊരു ആവേശമാണോ..... നഷ്ടപ്പെട്ടതെന്തോ തിരിച്ചു പിടിക്കുവാനുള്ള ഒടുങ്ങാത്ത ആവേശം. ഇരുമനസ്സുകളിലും ഒരേ സമയം അലിഞ്ഞു ചേരുന്ന ഒരു ദിവ്യ സംഗീത

മാണത്. എന്റെ കണ്ഠനാളത്തിൽ നിന്ന് നിന്റെ കരളിലേക്ക് ഒഴുകിയ ഒരപൂർവ്വ രാഗം...... അനുരാഗം!!

യുഗയുഗാന്തരങ്ങളായി കാവ്യപ്രവീണന്മാർ ഒട്ടേറെ ശ്രമിച്ചിട്ടും യഥാർത്ഥ നിർവ്വചനം കിട്ടാതെ പോയ ആ വികാരത്തിന്റെ പവിത്രതയുടെ മൂല്ല്യം അളക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. പക്ഷെ, അന്യോന്യം ഇഷ്ടമാണെന്നറിഞ്ഞിട്ടും മനസ്സിന്റെ നാലുകെട്ടിൽ മാത്രം ഒതുങ്ങുന്നുവോ, നമ്മുടെ സ്നേഹം? ഉച്ചത്തിൽ, ഒരായിരം വട്ടം, ദിഗന്തങ്ങൾ മുഴങ്ങുമാറ് എനിക്ക് വിളിച്ചു പറയണമെന്നുണ്ടായിരുന്നു. പക്ഷേ, ഞാനെന്ന യുവവിപ്ലവകാരി വ്യക്തിജീവിതത്തിൽ വെറുമൊരു ഭീരുവായി തീരുന്നതുപോലെ....................

ഉറ്റ സ്നേഹിതന്റെ ഇരു കണ്ണുകളും ചൂഴ്ന്നെടുക്കുമ്പോൾ, അരുതേയെന്നോതുവാൻ പോലുമാകാതെ അവൻ വിലപിക്കുമ്പോൾ, അതൊന്നുമറിയാതെ പിഴുതെറിയപ്പെട്ട എന്റെ നഖങ്ങളെനോക്കി ഞാൻ ദുഃഖിക്കുമായിരുന്നു.........

എന്റെ വേദന അങ്ങകലെയിരുന്ന് നീ അറിയാതിരിക്കട്ടെ എന്നാശിച്ചു കൊണ്ട്-? ആശിക്കാനല്ലാതെ, പ്രാർത്ഥിക്കാനെനിക്കാകില്ലല്ലോ.....? എന്റെ ഓർമ്മകളിലെ കുളിർകാറ്റേ.......നിനക്കു പകരമായി ഞാനെന്താണ് നൽകേണ്ടത്......? എന്റെ ഹൃദയം .......അതോ നിനക്കെന്റെ ജീവൻ തന്നെ വേണമോ............?

നീയില്ലാത്ത ജീവിതം എന്റെ മരണമാണ് , ഒരുപാട് വട്ടം ഇന്നലെകളിൽ ഞാൻ ഓതിയ അർത്ഥരഹിതമായ വാക്കുകൾ.......... അതെ! ഇതെന്റെ അന്ത്യമാണ്.

സ്വപ്നങ്ങളെല്ലാം വിചിത്രങ്ങളും വികലങ്ങളുമായി മാറുന്നു. ജീവിതയാഥാർത്ഥ്യങ്ങളെപോലെ നേത്രസത്യങ്ങൾ പോലും അവിശ്വസനീയമായി മാറുന്നു. ഒടുവിൽ ആത്മാർത്ഥ പ്രണയം പോലും.....

ഒരു പെൺകുട്ടിയുടെ പ്രണയത്തേക്കാൾ തീവ്രമാണവളുടെ പ്രതികാരബുദ്ധിയെന്നറിയാം. പക്ഷെ, സ്നേഹിക്കാൻ പഠിക്കുന്നതിനോടൊപ്പം മറക്കാനും പഠിക്കണം. വേണ്ടിവന്നാൽ വെറുക്കുവാനും, ഒരുപാട് മോഹിച്ച് വളർത്തിയെടുത്ത ഒരു മോഹനസുന്ദര കുസുമത്തെ, ഒന്നു തലോടുന്നതിന് മുൻപേ...............

ഈ കൺമുമ്പിൽ അത് ഞെട്ടറ്റ് വീണുകിടക്കുന്നത് കാണേണ്ടി വന്ന ഒരു ഹതഭാഗ്യന്റെ ദീനരോദനം ആരും കേൾക്കാതിരിക്കട്ടെ........ ആരും അറിയാതിരിക്കട്ടെ....... എന്നും നീ പറയാറുള്ളതു പോലെ,

ഞാൻ ക്രൂരനാണ് സമൂഹം എന്നെ അങ്ങനെ വിലയിരുത്തട്ടെ. തോക്കിൽ കുഴലിലൂടെ ഈ ലോകജനതയെ വീക്ഷിക്കാൻ ശ്രമിച്ച ഞാൻ ഒരു വിഡ്ഢി കൂടിയാണെന്ന് ഞാനറിയുന്നു. മിന്നാമിനുങ്ങിന്റെ ഇത്തിരി വെട്ടത്തിൽ ഞാൻ കണ്ട സ്വപ്നങ്ങളെല്ലാം വെറുതെയായിരുന്നുവെന്നും.....

അപ്പോൾ എന്റെ പ്രതീക്ഷകളും ആശയും ആദർശങ്ങളും ആശയങ്ങളുമെല്ലാം കപടമായിരുന്നോ...............?

പ്രസ്ഥാനത്തെ പ്രണയിച്ച ഒരു വിപ്ലവകാരിയുടെ ആഗ്രഹങ്ങൾ ഇവിടെ അസ്തമിക്കട്ടെ. ഉത്തരം കിട്ടുവാനായി ഇനിയും സഞ്ചരിക്കണം. ഒത്തിരി ദൂരത്തേക്ക് .... പക്ഷെ എനിക്കറിയാം ഈ യാത്ര ഒരിക്കലും അവസാനിക്കുകയില്ലെന്ന്.

എന്റെ സ്വപ്നങ്ങളെപ്പോലെ, എന്റെ പ്രതീക്ഷകളെപ്പോലെ നാളെകൾക്ക് വേണ്ടിയുള്ള എന്റെ അടങ്ങാത്ത ദാഹം പോലെ, കഥയില്ലായ്മയുടെ ലോകത്ത് ഞാൻ കണ്ടെത്തിയിരുന്ന കദനകഥകളെ പോലെ, സമാന്തരരേഖകളായ നമ്മുടെ ഇരുവരുടേയും ജീവിതയാത്ര പോലെ...........

എന്റെ യാത്രകൾ തുടങ്ങാറല്ലേയുള്ളൂ. അവസാനിക്കാറില്ലല്ലോ!

അവസരവാദത്തിന്റെ മുഖം മൂടിയണിഞ്ഞവരെ എന്റെ പ്രസ്ഥാനത്തിന്റെ വഴിയോരങ്ങളിൽ ഞാൻ ദർശിച്ചപ്പോൾ അവരുടെ ഇന്നലെകളിലെ അടങ്ങാത്ത യുദ്ധകാഹളം ഞാൻ വീണ്ടുമോർക്കുന്നു.

നഷ്ടസാമ്രാജ്യത്തിലെ രാജകുമാരനെപ്പോലെ............ എല്ലാം വെറുതെയായിരുന്നു.......... എന്റെ കൗമാരത്തിന്റെ അന്ത്യനാളുകൾ, എന്റെ യൗവ്വനം, വിദ്യാഭ്യാസം, എല്ലാം നഷ്ട പ്പെടുത്തിയത് എന്തിനുവേണ്ടിയായിരുന്നു?

ഇനി എനിക്ക് ഒന്നും നേടണ്ടാ........... ഒന്നും........

ലാഭങ്ങളില്ലാത്ത ജീവിതമായിരിക്കട്ടെ എന്റേത്. അതിന്, ഒടുവിൽ നീയുമെനിക്ക് നഷ്ടപ്പെടണം പോരായ്മകളിൽ പൊട്ടിച്ചിരിക്കുന്ന, ഇല്ലായ്മകളിൽ മൂളിപ്പാട്ടുപാടുന്ന, എന്റേതു മാത്രമായൊരു സംതൃപ്തജീവിതം.

ഇന്നലെകളിലെ ചാപല്യമായിരുന്ന താത്കാലികതയിൽ നിന്ന് അതിർ വരമ്പുകളൊന്നുമില്ലാത്ത യഥാർത്ഥ്യങ്ങളിലേക്ക്....... ഏകാന്തപഥികനായി.........

എല്ലാം വളരെയകലെയാണ്...... ഒരുപാട് അകലെ..........

അങ്ങകലെ അതാ വീണ്ടുമൊരു മങ്ങിയ നിഴൽ കാണുന്നത് പോലെ ! അത് ഒരു പക്ഷെ, എന്റെ ജീവിതത്തിന്റെ നിഴലായിരിക്കാം; അതോ, അതെന്റെ......?

* * * *

*With Best Compliments From*

**CHITTILAPPILLY VISION CENTRE**

**OPP-M.C.P. SUPER MARKET, TANA, IRINJALAKUDA**



Tony Thomas A.

Ist M.Com.

# THE REUNION

I saw her agian after eight years. There, she was standing across the road, looking beautiful as ever, perhaps a little more mature. I had lost her after school when she had left us to go to Bombay, and try her luck as a model. There's no scope here, no openings, that's what she said. She had big dreams. Dreaming big was a fashion those days.

I had loved her badly then, I still do, but it seems God has given me an overdose of shyness. So I always remained a dumb spectator when opportunity came and went. She was the queen of our school. She had a never ending queue of boys and all she had to do was to wriggle her little finger and they would fall at her feet. Not that I was jealous, I loved her too much to be jealous. She would always come to me for notes and I would happily hand them over. When they returned, pages would be missing, but I didn't mind it at all. Those were the happiest days of my life.

Then it happened. She won a beauty contest She was on cloud nine. She started talking more and more about going away. Then suddenly one day she left all of us and went away. That day I got drank for the first time in my life. I tried to keep track of her, but it was impossible. Time healed the wounds of my heart. All that remained was a subdued longing, a dull ache somewhere inside me.

The same shyness now stopped me from running across the road to her. She seemed to be searching for some one, asking some thing to the passers by who didn't care and walked on with a shake of their heads. Looking for a friend perhaps, or may be waiting for her husband. I crossed the street and started to walk towards her hesitantly, unsure whether she would recognise me. I saw her more clearly, the lines on her face visible through the make up. The innocence and charm which once brought smile even to the most depressed were now gone. But those eyes, how could I ever forget those lovely eyes that had once been the sole reason for my existence?. I was now so close to her that I could smell her. My hand was about to touch her shoulder when suddenly she turned towards me, her eyes searching my face. Then she smiled.The same smile, perhaps a little better and said- " Just hundred rupees for the night mister, and my room is just around the corner" Those words stunned me. I had never been so shocked before. I turned and walked away slowly. After all I couldn't show her the tears streaming unshamedly down my face. I got drunk for the second time in my life...Alone..

# STUDENTS' P.G. CENTRE

(Women's College) Opp. Govt. Hospital, Irinjalakuda

*We arrange tuition classes for*
**Pre-Degree, Plus-2, and Degree Students in Physics, Chemistry, Maths, Accountancy, Costing, Statistics and Income Tax.**

- B.Sc Mathematics
- B.A. English-History
- B.Com Co-operation
- M.A. English
- M.A.Malayalam
- M.A. History
- M.A. Economics
- M.Com,
- M.Sc Maths
- H.D.C.

*Centre for Advanced Computer education*

## PG COMPUTERS

PGDCA, DCA, DOA, DTP, AUTO CAD & SHORT TERM COURSES

- ★ Convent Hostel
- ★ Well Equipped Library
- ★ Sunday and holiday classes for Gents & Employees

*With Best Compliments From*

# ALUKKAS JEWELLERY

## GOLD SUPER MARKET

ROUND EAST, THRISSUR,

PH : 331812, 331813.

# ഡിന്നർ



**ജോൺസൺ ഫ്രാൻസീസ്**

രണ്ടാം വർഷ
മാത്തമാറ്റിക്സ്

ചാരുകസാരയിൽ കിടന്ന് എപ്പോഴാണാവോ മയക്കത്തിലേക്ക് വഴുതി വീണത്. ഭാര്യയുടെ ശബ്ദം കേട്ടാണ് ഉണർന്നത്.

"പോകുന്നില്ലേ?" അവളുടെ ക്ഷീണിച്ച ശബ്ദം പിന്നെയും കേട്ടു. ഞാൻ ഒന്ന് നെടുവീർപ്പിട്ടു.

"രാജുമോനോ?"

"അവൻ ഉറങ്ങി"

"ഇത്രവേഗം നീ അവനെ ഉറക്കിയോ, സന്ധ്യയല്ലേ ആയുള്ളൂ?"

"ഉറക്കാതെ എന്തുചെയ്യും, ഉറക്കത്തിൽ വിശപ്പറിയില്ലല്ലോ".

അവൾ എന്നെ പരിഹസിക്കുകയാണോ? ഭാര്യയേയും മകനേയും പട്ടിണിക്കിടുന്ന ഞാൻ ഒരു ഭർത്താവാണോ? ഒരായിരം ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ എന്റെ മനസ്സിൽ ഉയർന്നു. ഇല്ല, അവളൊരിക്കലും എന്നെ പരിഹസിക്കില്ല. അച്ഛനമ്മമാരെ ധിക്കരിച്ച് എന്നോടൊപ്പം ഇറങ്ങി വന്നതാണവൾ. സുഖത്തിലും ദുഃഖത്തിലും അവൾ എന്നും എന്നോടൊപ്പമുണ്ട്. ഞാൻ സ്വയം ആശ്വസിക്കാൻ ശ്രമിച്ചു. പക്ഷെ ഓർമ്മകൾ എന്നെ വേട്ടയാടുകയായിരുന്നു. കുറച്ചുനാൾ മുമ്പുവരെ എത്ര സുന്ദരമായിരുന്നു ജീവിതം. എല്ലാം പെട്ടെന്ന് തകർന്നു. അന്ന് ആ ഡോക്ടറെ കാണേണ്ടിയിരുന്നില്ല എന്ന് പോലും ഇപ്പോൾ തോന്നുന്നു. ഇപ്പോഴത്തെ ഏക ആശ്വാസം അവളുടെ മെഡിക്കൽ ഷോപ്പിലെ ജോലിയാണ്. പക്ഷെ ആ തുച്ഛശമ്പളം എന്റെ മരുന്നിനുപോലും തികയാത്ത മട്ടാണ്. ഫലം പട്ടിണി. അവളെക്കുറിച്ചോർക്കുമ്പോൾ എന്റെ ഹൃദയം തകരുകയാണ്.



അവൾ മാനസികമായും ശാരീരികമായും തളർന്നുകൊണ്ടിരിക്കുകയാണ്.

"ഡിന്നറിന് നിങ്ങൾ പോകുന്നില്ലേ?"

ആ ചോദ്യം എന്നെ പിന്നെയും ഓർമ്മകളിൽ നിന്ന് തിരികെകൊണ്ടുവന്നു.

"ഇല്ല"

"എന്തേ, ഞാനിവിടെ പട്ടിണിയാണെന്ന് കരുതിയാണോ, നിങ്ങൾകൂടി ഇവിടെ പട്ടിണി കിടന്നാൽ വല്ല കാര്യവുമുണ്ടോ, ചെന്നില്ലെങ്കിൽ നിങ്ങളുടെ സുഹൃത്ത് എന്ത് കരുതും?"

അവൾ പറഞ്ഞതിൽ കാര്യമില്ലാതില്ല. എങ്കിലും അവളുടെ ക്ഷീണിച്ച മുഖം എന്നെ അലോസരപ്പെടുത്തുന്നു.

"നിങ്ങൾ പോയേ തീരൂ, ഞാനാണ് പറയുന്നത്".

മനസ്സില്ലാ മനസ്സോടെ ഞാൻ എഴുന്നേറ്റു. അകത്ത് പോയി ഡ്രസ്സ് മാറി. ഒന്നും പറയാതെ വീട്ടിൽ നിന്നിറങ്ങി നടന്നു. ടോണിയുടെ വീട്ടിലേക്ക് അധികം ദൂരമില്ല. അവന്റെ മകളുടെ ബർത്ത്ഡേ ആണ്. വലിയ ചടങ്ങായിരിക്കും. എന്തെങ്കിലും പ്രസന്റ് കൊടുക്കേണ്ടതാണ്. ടോണിക്ക് എന്റെ വിഷമതകൾ നന്നായി അറിയാം. അതുകൊണ്ട് കുഴപ്പമില്ല. അധികം സുഹൃത്തുക്കളില്ലാത്ത എനിക്ക് അവനുമായുള്ള ബന്ധം വളരെ വിലപ്പെട്ടതാണ്. വായനശാലയിൽ വച്ചുള്ള പരിചയമാണ്. അത് എന്നെ ഈ പ്രതിസന്ധിഘട്ടങ്ങളിൽ പിടിച്ചുനിൽക്കാൻ വളരെ സഹായിക്കുന്നുമുണ്ട്. ഓരോന്നാലോചിച്ച് നടന്ന് ടോണിയുടെ വീടെത്തി. നിറയെ ദീപാലങ്കാരങ്ങൾ കൊണ്ട് അലംകൃതമായിരുന്നു ആ ഭവനം. പൊട്ടിച്ചിരികളും സംഗീതവും അതിനെ ശബ്ദമുഖരിതമാക്കി. ഞാൻ അകത്തേക്ക് കയറി. നിറയെ വി.ഐ.പി. കൾ! ഞാനൊരു അധികപറ്റാണോ?

അപ്പോഴേക്കും ടോണി എന്നെ കണ്ടു. അവൻ എന്റെയടുത്തേക്ക് ഓടി വന്നു. "നീ വരാതിരിക്കുമോ എന്നായിരുന്നു എന്റെ ഭയം. വാ..ഞാനിവരെയെല്ലാം നിനക്ക് പരിചയപ്പെടുത്താം".

ഞാൻ അവനോടൊപ്പം നടന്നു. "ഇത് മി. സോമൻ, എന്റെ ഫ്രണ്ട്".

അവൻ പലർക്കും എന്നെ പരിചയപ്പെടുത്തി. ഞാൻ ചിലരോടെല്ലാം 'ഹലോ' പറഞ്ഞു. പക്ഷെ എന്റെ മനസ്സ് അവിടെയൊന്നും ആയിരുന്നില്ല. എനിക്ക് ഒന്നിനോടും താൽപര്യം തോന്നിയില്ല.

"ടോണീ" ഒരു വിളികേട്ടു, അതവന്റെ ഭാര്യയിൽ നിന്നായിരുന്നു. "എക്സ്ക്യൂസ് മീ. ഞാനിപ്പോൾ വരാം". ടോണി ഭാര്യയോടൊപ്പം നീങ്ങി. ഞാൻ ആരോടും സംസാരിക്കാതെ ഒരൊഴിഞ്ഞ ടേബിളിൽ ഇരുന്നു. ചുറ്റും പലരും വലിയവലിയ കാര്യങ്ങൾ ഡിസ്കഷൻ നടത്തികൊണ്ടിരിക്കുകയാണ്. വലിയവീട്ടിലെ കൊച്ചമ്മമാർ. ഞാൻ ചുറ്റിലുമുള്ള സംഭാഷണങ്ങളിലേക്ക് ഒന്ന് ശ്രദ്ധതിരിച്ചു.

"ഈ സാരി പതിനായിരത്തിന്റേതാ, കണ്ടിട്ട് തോന്നുന്നില്ലല്ലേ, ഇച്ചായൻ ഡൽഹീന്ന് കൊണ്ടുവന്നതാ".

"ഇന്നലെ സച്ചിന്റെ ബാറ്റിങ്ങ് കണ്ടോ, ഹൊ, അത്യുഗ്രൻ"

"ഞാനിന്നലെ ടൈറ്റാനിക് കണ്ടു. ജയിംസ് കാമറോൺ കലക്കി"

എന്റെ ചിന്ത പിന്നെയും അലഞ്ഞുതിരിഞ്ഞു. അല്പം കഴിഞ്ഞപ്പോൾ ഫംഗ്ഷൻ തുടങ്ങുന്നതിനുള്ള അനൗൺസ്മെന്റ് വന്നു.

എല്ലാവരും കേക്കുമുറിക്കൽ ചടങ്ങിനായി ഒത്തുകൂടി. മീനുമോൾ കേക്കുമുറിച്ചു. "ഹാപ്പി ബർത്ത്ഡേ റ്റുയൂ..........."

എല്ലാവരും ചേർന്ന് അവളെ വിഷ് ചെയ്തു. തുടർന്ന് ഡിന്നർ തുടങ്ങി. കുറച്ച് ഐറ്റംസ് എടുത്ത് ഞാൻ ഒരു ടേബിളിൽ ഇരുന്നു. ഞാൻ പ്ലേറ്റിലെ ഭക്ഷണ സാധനങ്ങളിലേക്ക് നോക്കി. ഓരോന്നിലും തളർന്നുറങ്ങുന്ന രാജുമോനെയാണ് ഞാൻ കണ്ടത്. എനിക്ക് ഒന്നും തിന്നാൻ കഴിഞ്ഞില്ല. എന്റെ മനസ്സാക്ഷി എന്നെ കുറ്റപ്പെടുത്തികൊണ്ടിരുന്നു.

"ദുഷ്ടാ നിങ്ങൾ ഒരു മനുഷ്യനാണോ, ഭാര്യയും മകനും പട്ടിണി കിടക്കുമ്പോൾ നീ ഇവിടെ തിന്നും കുടിച്ചും രസിക്കുന്നോ".

ഞാൻ ചുറ്റും നോക്കി. ഇല്ല. ആരും എന്നെ ശ്രദ്ധിക്കുന്നില്ല. പിന്നെ ഒന്നും ആലോചിച്ചില്ല. എന്റെ കൈകൾ യാന്ത്രികമായി ചലിച്ചു. കൈയിൽ കിട്ടിയതെല്ലാം നാപ്ക്കിനിൽ പൊതിഞ്ഞ് പാന്റ്സിന്റെ പോക്കറ്റിൽ കുത്തിനിറച്ചു. എനിക്കെന്നെത്തന്നെ നിയന്ത്രിക്കാനായില്ല. എന്റെ മനസ്സിൽ വാടിയ ആ മുഖങ്ങളായിരുന്നു. അവയാണ് എന്നെകൊണ്ടത് ചെയ്യിച്ചത്.ഇനി എത്രയും പെട്ടന്ന് വീട്ടിൽ ചെല്ലണം. രാജുമോനെ വിളിച്ചുണർത്തി ഇത് നൽകണം. എന്റെ മനസ്സ് വെമ്പൽ കൊണ്ടു.

പെട്ടെന്ന് മീനുമോളുടെ കരച്ചിൽ കേട്ടു. ആളുകൾ കാരണമന്വേഷിച്ചു. കൂടെ ഞാനും എഴുന്നേറ്റ് ചെന്നു. മീനുമോളുടെ വിലപിടിച്ച മാല കാണാനില്ലത്രേ, ടോണിയും തിരച്ചിലോട് തിരച്ചിൽ.

എന്റെ നെഞ്ചിൽ ഒരു വെള്ളിടി വെട്ടി. 'മാല കിട്ടാതെ വന്നാൽ..............' അതിഥികളെ പരിശോധിക്കാൻ തീരുമാനിച്ചാൽ.............

ഉടനെ തന്നെ ഒരു മുതിർന്ന മനുഷ്യൻ എല്ലാവരോടുമായി പറഞ്ഞു. "ആരും സ്വന്തം സ്ഥാനങ്ങളിൽ നിന്ന് മാറരുത്. വളരെ വിലപിടിച്ച മാലയാണ്. ഞങ്ങൾക്ക് എല്ലാവരേയും പരിശോധിക്കേണ്ടി വരും. പ്ലീസ് കോഓപ്പറേറ്റ് വിത്ത് അസ്".

അതെ, പ്രതീക്ഷിച്ചത് തന്നെ സംഭവിച്ചു. എന്റെ തല പെരുത്ത് കയറി. എനിക്ക് എങ്ങോട്ടും മാറാൻ പറ്റാത്ത അവസ്ഥയുമായി. സൈഡിലേക്ക് നീങ്ങി പോക്കറ്റിലേത് എടുത്ത് കളഞ്ഞാൽ മതിയെന്നായി എനിക്ക്. ടോണി എന്നെ അകത്തോട്ടൊന്ന് വിളിച്ചിരുന്നെങ്കിൽ............. ഞാൻ ആശിച്ചുപോയി. എല്ലാവരുടേയും മുമ്പിൽ വച്ച് എന്റെ പോക്കറ്റ് പരിശോധിച്ചാൽ, ഓ അത് ഓർക്കാനേ വയ്യ. പരിഹാസച്ചിരികൾ കശാപ്പ് ചെയ്യുന്ന ആ രംഗം. അവർ ഓരോരുത്തരെയായി പരിശോധിച്ചു തുടങ്ങി. ഒരിക്കലും ഒരു ദൈവവിശ്വാസിയല്ലാതിരുന്ന ഞാൻ അറിയാതെ 'ദൈവമേ' എന്ന് വിളിച്ചുപോയി. അതാ അവർ അടുത്തെത്താറായി. എന്റെ തൊണ്ട വരണ്ടു. ഞരമ്പുകൾ വലിഞ്ഞുമുറുകി. വിയർത്തൊലിച്ചു. കണ്ണിലിരുട്ട് കയറുന്നു. കാലുകൾ ഇടറുന്നു. എനിക്ക് എന്നെത്തന്നെ താങ്ങാൻ വയ്യെന്നായി. ഞാൻ വീഴുകയാണോ.

❖ ❖ ❖

മുഖത്ത് രണ്ടുമൂന്ന് തുള്ളി വെള്ളം വീണതുപോലെ തോന്നി എനിക്ക്. ഞാൻ ഞെട്ടിയെഴുന്നേറ്റു. എന്താണ് സംഭവിച്ചത്. എനിക്കൊന്നും മനസ്സിലായില്ല. എന്റെയടുത്ത് ടോണിയുണ്ട്.

"എന്താ സോമൻ എന്ത് പറ്റി?"

"ഒരു തലചുറ്റൽ പോലെ"

"എന്നാൽ അല്പനേരം വിശ്രമിച്ചോളൂ"

എന്ത് വിശ്രമം............ എന്റെ ഉള്ളിൽ തീയായിരുന്നു. പോക്കറ്റുകൾ പരിശോധിച്ചാൽ................

"ഓ സോമൻ മാല കിട്ടി കേട്ടോ. മേശയിലുണ്ടായിരുന്നു. ഒരു മിസ്അണ്ടർസ്റ്റാൻഡിങ്ങ് പറ്റിയതാണ്" ആ വാക്കുകൾ കൊടും വേനലിലെ മഴയായി തോന്നി എനിക്ക്. ദൈവത്തിന് സ്തുതി. ഒരു നനുത്ത മന്ദമാരുതൻ പോലെ അതെന്നെ തണുപ്പിച്ചു. എങ്കിലും കാലുകളുടെ വിറ മാറിയിരുന്നില്ല. എനിക്കിവിടെ നിന്ന് വീട്ടിലെത്താൻ ധൃതിയായി.

"ടോണീ", ഞാനവനെ വിളിച്ചു. "എനിക്ക് നല്ല സുഖം തോന്നുന്നില്ല. ഞാൻ വീട്ടിൽ പോകുകയാണ്".

"അല്പനേരം കഴിഞ്ഞ് പോരേ"

"ഏയ് എനിക്ക് പോയേ തീരൂ"

"നിർബന്ധമാണെങ്കിൽ പൊയ്ക്കോളൂ, എങ്കിൽ ശരി. നാളെ കാണാം. ഗുഡ്നൈറ്റ്"

ഞാൻ വിറയ്ക്കുന്ന കാലുകളോടെ ഗേറ്റ് കടന്ന് റോഡിലെത്തി. അങ്ങിങ്ങായി പാർക്ക് ചെയ്തിരിക്കുന്ന കാറുകൾക്കിടയിലൂടെ നടന്നു. വീട്ടിലെ തളർന്ന മുഖങ്ങൾ എന്റെ കാൽ വയ്പുകൾക്ക് ശക്തി പകർന്നു.



**രഞ്ജുസിംഗ്**
ഒന്നാം വർഷ ബി.എ.
എക്കണോമിക്സ്

# ഒരു പുതിയ വിപ്ലവം

അതിശക്തമായ ആ വർഷത്തിന്റെ അന്തരീക്ഷത്തിൽ ഒരു പുതിയ വിദ്യാർത്ഥി ജനിക്കുകയായിരുന്നു. വിദ്യാർത്ഥി എന്ന മുഖംമൂടിയുടെ മറവിൽ ബസ്സുകൾ നശിപ്പിക്കുവാനും മറ്റുള്ളവരെ ചീത്തവിളിക്കാനും വെമ്പുന്ന ഒരു മനസ്സിന്റെ ജനനമായിരുന്നു അത്. കാറൽ മാർക്സിന്റേയും ലെനിന്റേയും തത്വശാസ്ത്രങ്ങളേയും ഹിറ്റ്ലറുടേയും മുസ്സോളിനിയുടേയും നയങ്ങളേയും മനസ്സിലിട്ടു വളർത്തികൊണ്ടുവന്ന ഒരു വിദ്യാർത്ഥി.

ഹിറ്റ്ലറെപ്പറ്റിയും നെപ്പോളിയനെപ്പറ്റിയും താൻ കൺമുമ്പിൽ കണ്ടതുപോലെയുള്ള കാര്യങ്ങൾ പരീക്ഷാ പേപ്പറിലേക്ക് ചൊരിയുന്നത് അവൻ പതിവായി സ്വപ്നം കണ്ടിരുന്നു. തന്നെ സ്നേഹിക്കുന്ന, തനിക്കു വേണ്ടി ഊണും ഉറക്കവും നഷ്ടപ്പെടുത്തി സമ്പാദിക്കുന്ന അച്ഛനോടും അമ്മയോടും അവൻ പലപ്പോഴും ചോദിക്കണമെന്ന് കരുതും. നിങ്ങൾ എന്തിന് ബുദ്ധിമുട്ടുന്നു. ഞാൻ ഭാവിയിലെ ചരിത്രപുരുഷനാവും. ഹിറ്റ്ലറുടെ ഗുരു, കാറൽമാർക്സിന്റെ ചിന്തകളുടെ സൂത്രധാരൻ, മഹാത്മാ ഗാന്ധിയുടെ മാർഗ്ഗദർശി.

പക്ഷെ................ വിജയം ഉറപ്പുണ്ടായിരുന്ന ഒരു വിപ്ലവത്തിൽ ഒരു നിമിഷം കൊണ്ട് ആത്മവിശ്വാസം നഷ്ടപ്പെട്ട് തോല്ക്കാൻ തയ്യാറായ ഭടന്മാരെ പോലെ അവന് നിരാശയുണ്ടാക്കുന്നതായിരുന്നു അച്ഛന്റേയും അമ്മയുടേയും തീരുമാനം................ തന്റെ മകനെ ഒരു ഐൻസ്റ്റീൻ ആക്കാൻ ശ്രമിക്കുന്ന അവർക്കുമുമ്പിൽ അഹിംസാവാദിയായ മഹാത്മാഗാന്ധിയെപ്പോലെ ശാന്തമായി നില്ക്കാനേ അവനു കഴിഞ്ഞുള്ളൂ........ അങ്ങനെ ഒരു ജീനിയസ്സിന്റെ ഉദയം ........ ആസിഡും ആൽക്കലിയും പേശികളും അസ്ഥികളും സൂര്യനും ഭൂമിയും അവനിലെ ഫ്രഞ്ചുവിപ്ലവങ്ങളേയും ലോകമഹായുദ്ധങ്ങളേയും പരാജയപ്പെടുത്തിക്കൊണ്ടിരുന്നു. കുറച്ചു നാളുകൾക്കുള്ളിൽതന്നെ ലാബിൽ നിന്ന് ക്ലാസ്സുകളിലേക്കും അവിടെനിന്ന് ഹോസ്റ്റലിലേക്കുള്ള നിരന്തര യാത്രയിൽ അവന്റെ മനസ്സ് ഒരു മൂന്നാം ലോക മഹായുദ്ധത്തിന് തയ്യാറെടുക്കുകയായിരുന്നു. അവൻ മൈക്രോസ്കോപ്പിനേയും ലെൻസുകളേയും ഗ്ലാസ്സ് ജാറുകളേയും ആയുധങ്ങളാക്കി പാകപ്പെടുത്തികൊണ്ട് യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

അന്ന് അതിശക്തമായ കാറ്റിൽ അവൻ ആവിപ്ലവകാരിയായ സയൻസ് വിദ്യാർത്ഥി, ലാബിലെ അന്തരീക്ഷത്തിൽ വെച്ച് അവന്റെ ആദ്യത്തെ ആയുധപരീക്ഷണം നടത്തി. ആ ആയുധപരീക്ഷണത്തിൽ അവൻ ഹിറ്റ്ലറുടെ ബുദ്ധി സാമർത്ഥ്യം നേടി. പ്രൊഫസറുടെ കട്ടിയായ കണ്ണടക്കുളളിൽ അവൻ രണ്ട് ആറ്റംബോംബുകളെ കണ്ടു. ഹിരോഷിമയും നാഗസാക്കിയും നേരിട്ട അതേ ബോംബ്. നേരത്തേ ഒരുക്കിവെച്ചിരുന്ന ആയുധങ്ങൾ അവൻ യാതൊരു മുന്നറിയിപ്പും കൂടാതെ പ്രയോഗിക്കാനൊരുങ്ങിയിരുന്നു. അപ്പോഴും അവൻ തന്റെ അച്ഛനമ്മമാർക്ക് ഒരു ഐൻസ്റ്റീനെ നേടിക്കൊടുക്കുകയായിരുന്നു. തന്റെ വിജയം അറിയിക്കാൻ അവൻ വെന്നിക്കൊടി പരതുകയായിരുന്നു........ ലോകത്തെ മുഴുവൻ കീഴടക്കിയ ഒരു സ്വേച്ഛാധിപതിയുടെ വെമ്പലോടെ...... അവൻ ഒരു പുതിയ നെപ്പോളിയൻ ആകുന്നു.........

അപ്പോഴും പുറത്ത് കാറ്റ് ശക്തിയായി വീശുന്നുണ്ടായിരുന്നു. ലാബ് മൂന്നാം ലോകമഹായുദ്ധത്തിലെ പുതിയ ഹിരോഷിമയെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ഞരങ്ങുകയും, തുടർച്ചയായി പുകയും പൊടിപടലങ്ങളേയും വിസർജ്ജിക്കുകയും ചെയ്തുകൊണ്ടിരുന്നു.

❋ ❋ ❋

ക്ലാസ്സുകൾ ഉടൻ ആരംഭിക്കുന്നു

# *P.G. Centre*

CENTRE FOR POST GRADUATE STUDIES
North Bus Stand, Thrissur
Phone : 335709, 338983

❖ COMPUTER ❖ M.A. ❖ M.SC. ❖ M.COM

**REGULAR, SUNDAY, HOLIDAY CLASSES**

- ❖ M.A. English
- ❖ M.A. Malayalam
- ❖ M.A. Economics
- ❖ M.A. Sociology
- ❖ M.A. History
- ❖ M.Sc. Mathematics
- ❖ M.Com

**PROFESSIONAL COURSES**

- ❖ ICWAI
- ❖ ACS } Intermediate

**GUIDANCE & COACHING**

- ❖ B.Sc (Maths) Tution Classes

**COMPUTER CLASSES**

- ❖ PGDCA
- ❖ DCA
- ❖ DOA
- ❖ Other Job Oriented Packages

# MICROTECH

*Systems*

HINDI PRACHAR MANDAL ROAD, NEAR TOWN HALL, IRINJALAKUDA
Email : Manut@Sathyam.Net.In

Head Office : 38/201 Karshaka Road, Kochi-682016,
Phone-313356,311077

- ❖ COMPUTER SALES
- ❖ CHIPLEVEL SERVICE
- ❖ NETWORKING
- ❖ INSTALLATION
- ❖ INTERNET CAFE




സുജ ഡേവിസ്

രണ്ടാം വർഷ ബി.എസ്.സി.
ഫിസിക്സ്


# കനവുകൾ

രാഹുകാലം തുടങ്ങുന്നതിനു മുമ്പ് അതിരാവിലെ എന്നെ കുളിപ്പിച്ച് പുത്തനുടുപ്പിടുവിച്ച് അച്ഛന്റെ വിരൽ തുമ്പിൽ തൂക്കി നാലുകെട്ടിന്റെ പടി യിറക്കിയപ്പോൾ എന്റെ മനസ്സിൽ ഒരു ത്സവത്തിന്റെ ലഹരി. വിവാഹത്തിന്റെ മുഹൂർത്തത്തിന് മുമ്പുതന്നെ എത്ത ണം. അച്ഛൻ തിടുക്കത്തിൽ എന്നെ യും കൊണ്ട് റോഡിലെത്തി. മൂന്നുവ യസ്സുതികയാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കിയുണ്ടായിരുന്ന എന്റെ കണ്ണുകൾ ആ കാഴ്ച കണ്ട് അത്ഭുതം കൂറി. അച്ഛൻ മുന്നോട്ടുവച്ച കാൽ പിന്നോട്ടു വലിച്ചു. അപശകുനം! എന്നൊരു പിറുപിറുക്കലും. ഓർമ്മ യുടെ താളുകളിൽ ചവറിട്ടുമൂടിയ ആ രംഗം ഇന്ന് എൺപതു കഴിഞ്ഞ ഞാൻ ധൃതിപൂണ്ട് ചികയുമ്പോൾ ഒന്നു മാത്രം തെളിഞ്ഞുവരുന്നു. അതൊരു ശവമഞ്ചത്തിന്റെ വരവായിരുന്നു. ഇന്നും എന്റെ മനസ്സിൽ ഒരു ചോദ്യം. "എന്തേ മരണം അപശകുനമാകു ന്നു?" എല്ലാവരും മരിക്കേണ്ടതല്ലേ, കാലൻ ആരെയെങ്കിലും അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ അനുവദിക്കു മോ. മരണമണി കാതിൽ ഹൃദയ സ്പന്ദന രൂപത്തിൽ ഒരു തവണ അടി ച്ചിട്ടും എനിക്ക് ചോദ്യങ്ങളുടെ ഉത്തരം കിട്ടിയില്ല. ഞാൻ വീണ്ടും എന്റെ മനോ ഹരമായ ഭൂതകാലത്തിലേക്ക് ഊളിയി ടട്ടെ. ആദ്യമായി എന്റെ വീട്ടിൽ ഒരു മരണം നടന്നത് ഇന്നും എനിക്ക് മറ ക്കാനാവുന്നില്ല. അന്ന് എനിക്ക് എത്ര വയസ്സാണുണ്ടായതെന്ന് എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. എന്റെ മുത്തച്ഛൻ മരിച്ചു എന്നെനിക്ക് ഇന്നും വിശ്വസിക്കാനാവുന്നില്ല. സ്നേഹിക്കാൻ മാത്രമറിയാവുന്നവർക്ക് മനുഷ്യമനസ്സു കളിൽ മരിക്കാനാവുന്നില്ലല്ലോ, ഈറന ണിഞ്ഞ് എന്റെ അമ്മാവൻ മുത്തച്ഛ ന്റെ ചിതയ്ക്ക് കൊളുത്തിയ തീ എന്റെ മനസ്സിൽ കനലായി നീറിപ്പുക ഞ്ഞു. അന്നും എന്റെ മനസ്സിൽ ഒരു പാട് ചോദ്യശരങ്ങളുയർന്നു. വിശദീ കരിക്കാനാവാത്ത ഒരുപാട് ചുടുഗദ്ഗ ദങ്ങൾ.

ഇനി ഞാനെന്റെ സുന്ദരമായി രുന്ന പഠന കാലത്തിലേക്കെത്തി നോക്കട്ടെ. എന്റെ പഴയ തറവാട്ടിൽ ഞാൻ പത്താംക്ലാസ്സ് പാസായതിന്റെ സന്തോഷം ഒരു വലിയ ആഘോഷമായി മാറി. വീണ്ടും ആ പഴയ മൂന്ന് വയസ്സു കാരന്റെ നിഷ്കളങ്കതയോടെ, നിറഞ്ഞ ജിജ്ഞാസയോടെ അച്ഛന്റെ വിരൽതുമ്പിൽ തൂങ്ങി കോളേജിൽ പ്രവേശനം നേടി. അഞ്ച് മൈൽ എന്നും നടന്നാണ് ഞാൻ കോളേജിൽ പൊയ്ക്കൊണ്ടിരുന്നത്. തികച്ചും ആഹ്ളാദം നിറഞ്ഞ യാത്ര. ഒരുപാ ടൊരുപാട് പാഠങ്ങൾ അന്ന് പ്രകൃതി എന്നെ പഠിപ്പിച്ചിരുന്നു അധ്വാന ത്തിന്റെ, ഐക്യത്തിന്റെ, സ്നേഹ ത്തിന്റെ. ആ വർഷം എന്റെ ജന്മനാ ളിൽ ഭഗവത്ദർശനം കഴിഞ്ഞ് മടങ്ങു മ്പോൾ എന്റെ കാതിൽ ഒരു മണി നാദം മാറ്റൊലികൊണ്ടു. അത് പേരറി യാത്ത ആ സുന്ദരിയുടെ കിളികൊ ഞ്ചലോ അവളുടെ വെള്ളികൊലുസു കൾ ചിരിച്ചതോ, അതോ അവളുടെ സാരിത്തുമ്പിൽ കെട്ടിയ മണികൾ ശബ്ദിച്ചതോ അതും എനിക്കറിയില്ല. അതും എനിക്കറിയില്ല. നാലുകെ ട്ടിന്റെ പരിശുദ്ധിമാത്രം അറിയാവുന്ന എന്റെ നിഷ്കളങ്കത മനസ്സിന്റെ ഒരു കോണിൽ ആ തുളസിക്കതിർ ചൂടിയ മുടിയുള്ള സുന്ദരി സ്ഥാനം പിടിച്ചു. അത് ഒരു പ്രേമത്തിന്റെ ചിത്രമോ പരി ശുദ്ധസ്നേഹത്തിന്റെ ലേപനമോ അതും എനിക്കറിയില്ല. അവൾ ആരെ ന്നറിയാൻ ഞാൻ ശ്രമിച്ചില്ല. അവൾ മിണ്ടാപ്രാണികൾ വലിച്ചിരുന്ന വണ്ടി യിൽ കയറി പാഞ്ഞുപോയി. പിന്നീ ടൊരിക്കലും ഞാനവളെ കണ്ടില്ല. അതിൽ എനിക്ക് ദുഃഖമോ പരിഭവമോ അതോ എന്നോടു തന്നെ പുച്ഛ മോ അതും എനിക്കറിയില്ല. ഈ ചിന്തകൾ എന്റെ വിദ്യാഭ്യാസകാലത്ത് ഞാൻ വെള്ള പൂശി പഠനത്തിൽ ശ്രദ്ധ യൂന്നി. പഠനം കഴിഞ്ഞ് കോളേജിൽ നിന്ന് പുറത്തിറങ്ങിയതോടെ മാന്യ മെന്ന് പൊതുവെ പറയാവുന്ന ഒരു ജോലികിട്ടി. പല ജന്മിമാരുടേയും തോന്നിയവാസങ്ങൾ പലതും എനിക്ക് കണ്ടല്ലെന്ന് നടിക്കേണ്ടി വന്നു. പല സാധാരണ കുടിയന്മാർക്കും എനി ക്കെന്റെ ജോലിയിൽ ഇരുന്നുകൊണ്ട് തന്നെ നീതി നിഷേധിക്കേണ്ടി വന്നു. അന്ന് എന്റെ മനസ്സ് ആധുനീകയുഗ ത്തിലെ മൃതദേഹഭോജികൾ ഫ്രീസ റിൽ വച്ച ഭക്ഷണം പോലെയായിരു ന്നു. ഒന്നിനും ഒരു രുചിയും താല്പ ര്യവുമില്ലാത്ത വികാരശൂന്യമായ അവ

സ്ഥ. ഓർമ്മയുടെ ചെപ്പിലെ കറുത്ത മണ്ണ് ഞാനിളക്കി മാറ്റുമ്പോൾ വീണ്ടും ഒരു സംഭവം. അതും ഒരു മരണം തന്നെ. എന്തെ വീണ്ടും മരണം മാത്രം മായാതെ തെളിയുന്നു. ജീവിതത്തിലെ ഏറ്റവും വലിയ യഥാർത്ഥ്യമായതുകൊണ്ടാണോ...... അതും എനിക്കറിയില്ല. എന്റെ അച്ഛൻ മൺമറഞ്ഞതോടെ ജീവിതം എന്തെന്ന് ഞാനറിഞ്ഞു. കുടുംബഭാരം എന്റെ ചുമലിലായി. വിവാഹത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ ആ സുന്ദരിമാത്രം തെളിഞ്ഞുവന്നു. പക്ഷെ വിധി എന്നെ വേറൊരു സ്ത്രീയുടെ കഴുത്തിൽ താലിച്ചരടു കുരുക്കി. എനിക്ക് മനസ്സിൽ അസ്വസ്ഥതയോ സ്നേഹമോ ആയിരുന്നോ ആ സ്ത്രീയോട്. ആർക്കറിയാം എനിക്കു തന്നെ എന്റെ മനസ്സ് വായിക്കാൻ കഴിഞ്ഞില്ല. ഞാൻ ശരിക്കു കണ്ടിട്ടുപോലുമില്ലായിരുന്ന ആ പഴയ സുന്ദരി എനിക്ക് ഒരുപാട് വേദന തന്നു. അനുരാഗത്തിന്റെ വിരഹത്തിന്റെ ഞാൻ എന്റെ സഹധർമ്മിണിയുമായി പൊരുത്തപ്പെട്ട് പോകാൻ തന്നെ തീരുമാനിച്ചു. ഇന്നത്തെ ഇംഗ്ലീഷ് യുഗത്തിലെ മലയാളികൾമലയാലം കൊരച്ച് കൊരച്ച് അരിയും എന്ന് പറയാൻ കഷ്ടപ്പെടുന്നതിനു തുല്യമായ വിഷമം ആദ്യമൊക്കെ ആ അപരിചിത സ്ത്രീയുമായി പൊരുത്തപ്പെടാൻ എനിക്ക് തോന്നി. പക്ഷെ പാവനമായ സ്നേഹവും തികഞ്ഞ അനുസരണയും അടക്കവും പവിഴം പൊഴിയുന്ന പുഞ്ചിരിയും അവളെന്റെ മനസ്സിൽ ഒരായിരം വസന്തം വിരിയിച്ചു.

അങ്ങനെ ദുർഘടമായ ജീവിതവീഥിയിലൂടെ ഞങ്ങളുടെ ജീവിതരഥം സുഗമമായി ചലിച്ചുകൊണ്ടിരിക്കുമ്പോൾ വീണ്ടും ഒരു നടുക്കം. വീണ്ടും പഴയ സുന്ദരിയെ ഞാൻ കണ്ടു. പക്ഷെ ആ പവിഴ ശില്പം എന്നെ നോക്കി ലജ്ജയില്ലേ എന്ന് ചോദിക്കുന്നതുപോലെ എനിക്ക് തോന്നി. ഞാനൊന്നും സംസാരിച്ചില്ല. ആ സ്ത്രീക്ക് ജീവിതം കൈവിട്ടുപോയി എന്നറിഞ്ഞപ്പോൾ എന്റെ മനസ്സ് സ്വാർത്ഥമായി. ഉള്ളിൽ ചിരിച്ചു എങ്കിലും എനിക്ക് അതിശയമായി. ആ സ്ത്രീയുടെ പൂർവ്വകാല കഥയറിയാൻ ഞാൻ വെമ്പൽകൊണ്ടു. ആ സ്ത്രീയുടെ ജീവിതം ഒരുപാട് കല്യാണരാമന്മാരായ വയസന്മാർ തെളിച്ചു. ആ സ്ത്രീക്ക് ഒരിടത്തും വേരൂന്നാനായില്ല. അവസാനം ഒരു അനാഥാലയത്തിൽ ദിവസങ്ങളെണ്ണുന്നു. ഇപ്പോൾ എനിക്ക് ആ സ്ത്രീയോട് അനുകമ്പയോ സാന്ത്വനമോ അതോ ഒരുതരം വിരക്തിയോ ഒഴിഞ്ഞുമാറലോ അതും എനിക്കറിയില്ല. ഇന്ന് വാർധക്യത്തിലെത്തിയ ഞാൻ ആ സംഭവം ഓർക്കുമ്പോൾ രാഷ്ട്രീയ ഗുരുകുലങ്ങളുടെ മത്സരകളരികളിൽ റിഹേഴ്സൽ നടത്തി പത്രമോഫീസുകളുടെ ബ്യൂട്ടീ പാർലറുകളിൽ കയറി പരമാവധി കളികളുടെ ബുക്കിംഗുമായി പരസ്യത്തോടെ പുറത്തിറങ്ങുന്ന പെൺവാണിഭക്കഥകളോട് ഒരേ സമയം സഹതാപവും പുച്ഛവും തോന്നുന്നു. ഒരു ആത്മഹത്യയോ കാണാതാവലോ ഇത്തരം നാടകങ്ങൾക്ക് തിരശ്ശീലയിടുമ്പോൾ എന്റെ പഴയ സുന്ദരിയുടെ കഥ ഫ്ളാഷ് ലൈറ്റുകളുടേയോ പത്രപ്രസ്താവനകളുടേയോ അകമ്പടി കൂടാതെ ഒരു സ്വാഭാവികമരണത്തിൽ കലാശിച്ചു. ഓരോരോ സംഭവങ്ങൾ അയവിറക്കി ഞാൻ ഉമ്മറത്തെ ചാരുകസേരയിലവിരുന്നു. എന്റെ പ്രിയപത്നി എനിക്ക് ഇടക്കിടെ ചായകൊണ്ടുതന്നു. ഞാൻ തൊടിയിലെ ഇലഞ്ഞിയോടും മറ്റും കുശലം ചോദിച്ചുനടക്കുന്നതിനിടയിൽ എന്റെ പേരക്കുട്ടിയുടെ കിളികൊഞ്ചൽ കേട്ടു സ്തംഭിച്ചുനിന്നു. നാലുവയസുമാത്രം പ്രായമുള്ള എന്റെ കൊച്ചുമോൻ ഞാൻ മരിക്കുമ്പോൾ കരയേണ്ടതെങ്ങിനെയാണെന്ന് പ്രാക്ടീസ് ചെയ്യുന്നു. അന്ന് ഞാൻ ആദ്യമായി മരണത്തിന്റെ വേദന കണ്ടു. അനുഭവിച്ചു. അതോടെ ഉത്തരം കിട്ടാത്ത പലതിനും ഉത്തരം കിട്ടി. മരണത്തിന്റെ മരവിപ്പ് ഞാനറിഞ്ഞു. അങ്ങനെ ഞാൻ മരിക്കുവാൻ തയ്യാറായി ജീവിച്ചുതുടങ്ങി. ഇനി എന്നെ ആർക്കും പറ്റിക്കാനോ തോല്പിക്കാനോ കഴിയില്ല. മരിച്ച വീട്ടിലിടാനായി ഞാൻമുന്തിയ ഒരു ഓഡിയോ കാസറ്റും ഒപ്പിച്ചുവച്ചിട്ടുണ്ട്. ഇനി ഞാൻ പെട്ടെന്ന് മരിക്കുമ്പോൾ ധരിക്കാൻ പുത്തൻ കുപ്പായം കരുതിവച്ച എന്റെ കൊച്ചുമക്കളോ ഇവരാരുമല്ല കാലം തന്നെയോ.

*With best Compliments from :-*

**ALTHARA KURIES (P) LTD.**

**KALLINGAPURAM COMPLEX,**
**NADA, IRINJALAKUDA.**

# അജാതശത്രു



റൂഷ് എ.എം.
രണ്ടാം വർഷ
പി.ഡി.സി.

നാളെ രാവിലെ കൃത്യം 5.30ന് സഖറിയാസ് ഇഹലോകവാസം വെടിയും. കൃത്യമായി ഒരാളുടെ മരണം പ്രവചിക്കുവാൻ ഞാൻ ജോത്സ്യനോ ഭിഷഗ്വരനോ അല്ല. എങ്കിലും പരമോന്നത നീതിപീഠത്തിന്റെ വിധി മാനിച്ചുകൊണ്ട് പറയട്ടെ, സഖറിയാസ് നാളെ കാലപുരി പൂകും! ഇഹലോകജീവിതത്തിലെ അനിവാര്യതകളുടെ ചില ഏച്ചുകെട്ടുകൾ അഴിച്ച് പരിശോധിക്കാൻ നടത്തിയ ഒരു വിഫലശ്രമത്തിന്റെ സ്വാഭാവിക പരിണാമം..

ഒരു സാധാരണ സർക്കാരുദ്യോഗസ്ഥൻ എന്നതിൽ കവിഞ്ഞ് മറ്റെന്തൊക്കെയോ ആയിരുന്നു സഖറിയാസ്. പി. എഫും, ഗ്രാറ്റ്വിറ്റിയും, പ്രമോഷനുമെല്ലാം മറ്റു സർക്കാർ ജീവനക്കാരുടേതെന്ന പോലെ അയാളുടെയും ഉറക്കം കെടുത്തിയിരുന്നു. (?) സർക്കാരാഫീസിലെ ഉറക്കത്തിന്റെ അന്തരീക്ഷവും സംവത്സരങ്ങളുടെ നിശബ്ദപ്രയാണത്തിന് മൂകസാക്ഷികളായ ഫയൽകൂമ്പാരങ്ങളും അയാളുടെ വിഹ്വലതകൾക്ക് ആക്കംകൂട്ടി. തന്റെ നിത്യജീവിതത്തിന്റെ ത്വരിതമായ ഒഴുക്കിനെ തടസപ്പെടുത്തുന്ന എന്തിനേയും അയാൾ വെറുത്തു. ആ വെറുപ്പ് ക്രമേണ പന്തലിച്ച് ചില സാമൂഹിക സമസ്യങ്ങൾക്ക് മേൽ നിഴൽ പരത്തി. അവിടെയാരംഭിക്കുന്നു സഖറിയാസ് എന്ന ഗുമസ്തനിൽ നിന്ന് 'സഖറിയാസ്' എന്ന വിസ്ഫോടനത്തിലേക്കുള്ള പ്രയാണം.

ഭാര്യയും രണ്ടാൺമക്കളുമടങ്ങുന്നതായിരുന്നു സഖറിയാസിന്റെ കുടുംബം. ഉദ്യോഗത്തിൽ നിന്ന് പിരിഞ്ഞശേഷം ഒരു വിശ്രമജീവിതത്തിനായിരുന്നില്ല സഖറിയാസിന്റെ മനം വെമ്പൽകൊണ്ടത്. സഹസ്രാബ്ദങ്ങൾക്ക് ശേഷം പൊട്ടിത്തെറിക്കാനൊരുങ്ങുന്ന ഒരഗ്നിപർവ്വതത്തിന്റെ ഉൾക്കാമ്പിലെ അസ്വസ്ഥതയാണ് സഖറിയാസിന്റെ ഉള്ളിൽ പുകഞ്ഞത്. എന്തിനോടും, ഏതിനോടും പ്രതികരിക്കുന്ന സഖറിയാസ് ഒരു പുകഞ്ഞ കൊള്ളിയായിരുന്നു ; വീടിനും നാടിനും. കിട്ടുന്ന ശമ്പളം മുഴുവൻ വിശക്കുന്ന വയറുകളുടെ തീയണയ്ക്കാൻ സഖറിയാസ് ഹോമിച്ചു. എന്നാൽ എലിസബത്തിന്റെയും മക്കളുടെയും വിശപ്പ് എന്ന വികാരം സഖറിയാസ് അറിഞ്ഞില്ല. ഭാര്യയുടെ മരണം സഖറിയാസിനെ ഏകനാക്കി. അയാൾ ഒരിക്കലും മനസ്സിലാകാത്ത, മനസ്സിലാക്കാൻ ശ്രമിക്കാത്ത മക്കൾ അയാളെ ഉപേക്ഷിച്ച് സ്വന്തം മേച്ചിൽപ്പുറങ്ങൾ തേടി.

ജീവിതം അടിച്ചേല്പിച്ച ഏകാന്തതയുടെ തടവറയിൽ സഖറിയാസ് തന്റെ സ്വത്വം കണ്ടെത്തി. സർക്കാരുദ്യോഗത്തിൽ നിന്ന് സ്വമേധയാ പിരിഞ്ഞുപോകാൻ നിർബന്ധിതനാവുകയായിരുന്നു സഖറിയാസ്. സത്യസന്ധത എന്ന വാക്കിന്റെ സത്തയെ അതിന്റെ പൂർണ്ണതയിൽ ഗ്രഹിച്ച സഖറിയാസിനെതിരെ അഴിമതിയാരോപണത്തിന്റെ ഖഡ്ഗം ഉയർന്നപ്പോൾ അയാൾക്ക് പിടിച്ചു നിൽക്കാനായില്ല. നേരെ ഇറങ്ങിപ്പോന്നു. തനിക്കിഷ്ടപ്പെട്ട പോലെ ജീവിക്കാൻ. ഉദ്യോഗത്തിൽ തന്റെ സാന്നിധ്യം ഇഷ്ടപ്പെടാത്തവർ ഒരുപാടുണ്ടെന്ന് അയാൾക്കറിയാമായിരുന്നു. അവരെ മാനിക്കാതെ പണിയെടുത്തതിനുള്ള കൂലിയായിരുന്നു, ക്രമക്കേട് നടത്തിയെന്ന ആരോപണം. സഖറിയാസിന്റെ മനസ്സിൽ പകയുടെ പാഠഭേദങ്ങൾ എഴുതിച്ചേർത്തത് ഈ സംഭവമായിരുന്നു.

മടുപ്പിക്കുന്ന ഏകാന്തതയെ സ്നേഹിക്കാനോ വെറുക്കാനോ കഴിയാതെ സഖറിയാസിന്റെ മനം അസ്വസ്ഥതയുടെ കാണാക്കയങ്ങൾ താണ്ടി. അയാളുടെ വിചിത്രമായ-വിചിത്രമെന്ന് സമൂഹം കരുതുന്ന-സ്വഭാവം അയാളെ മറ്റുള്ളവരിൽനിന്ന് അകറ്റി. ഒടുക്കം, മക്കൾ പോലും തന്നെ ഉപേക്ഷിച്ചപ്പോൾ തന്റെ അസ്തിത്വത്തെക്കുറിച്ചായി സഖറിയാസിന്റെ ചിന്ത.

"സഖറിയാ സാറില്ലേ അവിടെ"?. അപരിചിതമായ ശബ്ദം സഖറിയാസിന്റെ ചിന്തകളുടെ ധാര മുറിച്ചു. അയഞ്ഞ മുണ്ട് മുറുക്കിക്കെട്ടികൊണ്ട് സഖറിയാസ് പൂമുഖത്തേക്ക് വന്നു.

"മനസ്സിലായില്ലല്ലോ"

"ഞാൻ ദാസൻ, ഓർക്കുന്നില്ലേ"

"ദാസൻ"! സഖറിയാസിന്റെ ഓർമ്മകൾ പതിറ്റാണ്ടുകൾക്ക് പുറകിലേക്ക് പാഞ്ഞു.

ദാസനും സഖറിയാസും, അവരായിരുന്നു അന്നത്തെ വിപ്ലവ പ്രസ്ഥാനത്തിന്റെ യുവ പ്രതീക്ഷകൾ. കാലത്തിന്റെ ചുഴികൾ അവരുടെ ആദർശത്തെയും ജീവിതത്തെയും വേർപെടുത്തി. ജീവിതത്തിന്റെ കടുത്ത ബാദ്ധ

വങ്ങൾ അകന്നു പോകുന്ന ആദർശ ങ്ങളെ തിരിച്ചുപിടിക്കുന്നതിൽ നിന്നും അവരെ വിലക്കി. ഒടുവിൽ ഇതാ, ജീവിത സായാഹ്നത്തിൽ അവർ കണ്ടു മുട്ടിയിരിക്കുന്നു. വൻമരങ്ങളെ കടപുഴക്കുന്ന കൊടുങ്കാറ്റിന്റെ മുന്നോടിയായി.

"ഇതെല്ലാം കണ്ടും കേട്ടും നിനക്ക് വെറുതെയിരിക്കാനൊക്കുമോ സക്കറിയാ?, ഒന്നുമില്ലെങ്കിലും ഒരുമിച്ച് കുറെ ആദർശം പ്രസംഗിച്ചിട്ടുള്ളവരല്ലേ നാം. എന്തൊക്കെയാ ഇവിടെ നടക്കുന്നത്. അടിച്ചമർത്തപ്പെട്ടവന്റെ വേദന കാണാനുള്ള ഒരു കണ്ണുണ്ടായിരുന്നിട്ടും.. ഇത് ക്രൂരതയല്ലേ സഖറിയാ?"

തനിക്ക് ഉത്തരം നൽകാൻ സാധിക്കാത്ത ഈ ചോദ്യങ്ങൾ തന്റെ മനസ്സിൽ ഒരു ചാട്ടുളി പോലെ തറയ്ക്കുന്നത് സഖറിയാസ് അറിഞ്ഞു. അയാളുടെ മനസ്സിൽ എവിടെയോ എരിഞ്ഞടങ്ങിക്കൊണ്ടിരുന്ന ഒരു തീപ്പൊരി ആളിക്കത്താൻ വെമ്പി.

സഖറിയാസ് കുറെ നേരം മിണ്ടാതിരുന്നു.

"നമ്മുടെ ചില പഴയ സുഹൃത്തുക്കളെ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാവരും ഒരുക്കമാ. സഖറിയായുടെ നേതൃത്വവും ഉറപ്പുണ്ടെങ്കിൽ നമ്മുക്ക് ചിലത് ചെയ്യാം. അന്ന് സ്വപ്നം കണ്ടതിൽ പാതിയെങ്കിലും നേടിയെന്ന് ചാരിതാർത്ഥ്യത്തോടെ നമുക്ക് കണ്ണടക്കാം സക്കറിയാ".

വാർദ്ധക്യത്തിന്റെ പടിവാതിലെത്തി നിൽക്കുന്ന ഒരു മദ്ധ്യവയസ്കന് ചേരാത്ത ഒരു ചെങ്കനൽ പ്രഭ ആ കണ്ണുകളിൽ ദാസൻ കണ്ടു. അന്ന് സ്വപ്നം കണ്ടതിൽ പാതിയെങ്കിലും ചെയ്യാൻ ശ്രമിച്ചതിന്റെ സാക്ഷ്യപത്രമായിരുന്നു സക്കറിയാസിന്റെ അറ്റു പോയ വലംകൈ. വലത്തേ ചുമലിലേക്കുള്ള നോട്ടം സഖറിയാസിന്റെ മനസ്സിൽ ഒരുപാട് ചിത്രങ്ങൾ നിമിഷാർദ്ധത്തിൽ മിന്നിമറഞ്ഞു പോകാനിടയാക്കി. സായുധവിപ്ലവം സ്വപ്നം കണ്ട നാളുകൾ, ജയിൽ, കൊടിയ പീഡനങ്ങൾ; ഒടുക്കം, ഒരു ജീവിതസഖിയും ജീവിച്ചുപോകാൻ ഒരുദ്യോഗവും. അവിടെയും തിരസ്കാരം മാത്രം. "മതി"- സഖറിയാസിന് ചിന്തകളുടെ ലോകം അസഹ്യമായി തോന്നി. അയാൾ വിയർത്ത് തുടങ്ങിയിരുന്നു.

"എന്തിന് വേണ്ടി".

"ആർക്ക് വേണ്ടി".

ഉത്തരം കണ്ടെത്താൻ തന്നെ സഖറിയാസ് തീരുമാനിച്ചു. നിറഞ്ഞ മനസ്സോടെ ദാസൻ തിരിച്ചുപോയി.

രണ്ടാഴ്ചകൾ കടന്നുപോയി. ഒരു ദിവസം പത്രങ്ങൾ പുറത്തിറങ്ങിയത് ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയുമായിട്ടായിരുന്നു. രാവണ പ്രതാപത്തോടെ വാണിരുന്ന രണ്ടു മുതലാളിമാർ ഒരേ ദിവസം ഒരേ സമയം വിവിധ സ്ഥലങ്ങളിൽ വച്ച് കൊല്ലപ്പെട്ടിരിക്കുന്നു. രണ്ടു ദിവസത്തെ ഇടവേള.അതിന് ശേഷം ഇതേ മാതൃകയിലുള്ള കൊലകൾ പല സ്ഥലങ്ങളിലും അരങ്ങേറി.

സഖറിയാസ് പിടിക്കപ്പെട്ടു. ഒറ്റയ്ക്ക്. സഖറിയാസ് മാത്രം. സംഘത്തിലുള്ള മറ്റുള്ളവരെല്ലാം- ദാസനടക്കം -ഏറ്റുമുട്ടലുകളിൽ വധിക്കപ്പെട്ടിരിക്കുന്നു, കോടതിയിൽ കുറ്റം തെളിയിക്കപ്പെട്ടു, എളുപ്പത്തിൽ. സഖറിയാസിന് ഒന്നും നഷ്ടപ്പെടാനുണ്ടായിരുന്നില്ല. ജീവൻ ഒഴികെ.

സെല്ലിന്റെ ഇരുമ്പുവാതിൽ ഒരു ഞരക്കത്തോടെ തുറക്കപ്പെട്ടു. ഇരുമ്പ് ലാടം പതിച്ച ബൂട്ട്സിന്റെ ശബ്ദം സഖറിയാസിനെ ഉണർത്തി.

മിസ്റ്റർ സഖറിയാസ്, യൂ ആർ അൺലക്കി, സ്റ്റേ അനുവദിച്ചില്ല. മനുഷ്യാവകാശവേദിയുടെ പ്രവർത്തകർ സമർപ്പിച്ച സ്റ്റേ അപ്പീൽ തള്ളിയ വിവരമറിയിക്കാനെത്തിയതായിരുന്നു ജയിൽ സൂപ്രണ്ട്. അയാൾ പിന്നെയും എന്തൊക്കെയോ പറഞ്ഞു. ആശ്വാസവചനങ്ങളായിരിക്കാം. ആരാച്ചാരുടെ വക സാന്ത്വനം.

മരിച്ച മനസ്സുമായി സഖറിയാസ് സെല്ലിലെ പരുക്കൻ തറയിൽ ചെരിഞ്ഞ് കിടന്നു. ഏഴു കൊലപാതകങ്ങൾ!! താൻ തന്നെയാണോ അതെല്ലാം നടത്തിയത്?. അയാൾക്ക് വിശ്വസിക്കാൻ വിഷമം തോന്നി. അണപൊട്ടിയ അമർഷവും പകയുമായിരുന്നു അത് ചെയ്തത്. സഖറിയാസ് എന്ന മനുഷ്യനായിരുന്നില്ല. അന്ന് സ്വപ്നം കണ്ടതിൽ പാതിയെങ്കിലും ചെയ്യാനുള്ള അദമ്യമായ ആഗ്രഹം, സഖറിയാസിലെ മനുഷ്യനെ എങ്ങനെയോ കൊന്നു. ഒരു മൃഗതുല്യമായ ജീവിതം! സഖറിയാസിന് എല്ലാം മറന്ന് കരയണമെന്നുണ്ട്. പക്ഷെ എന്തുചെയ്യാം. അയാൾക്ക് ഒന്നിനും കഴിയുന്നില്ല. അയാളിലെ കണ്ണുനീർ എന്നോ വറ്റിയിരുന്നു.

യാത്രയുടെ അന്ത്യത്തിൽ സഖറിയാസ് ഒന്നു മനസ്സിലാക്കുന്നു. അക്രമം ഒന്നിനും ഒരു പരിഹാരമല്ല. കാലം തെറ്റി ഒഴുകിയ ആവേശം അയാളെ എവിടെയും കൊണ്ടെത്തിച്ചില്ല. മാറാല പിടിച്ച് കിടക്കുന്ന മനസ്സിൽ ഒരു തിരി വെളിച്ചം പോലും അയാൾക്ക് കണ്ടെത്താനാകുന്നില്ല.

സമസ്യകൾ പൂരിപ്പിക്കാൻ സഖറിയാസിനായില്ല. കൂടുതൽ സങ്കീർണ്ണങ്ങളായ സമസ്യകളിലേക്കാണ് ഓരോ സമസ്യയും അയാളെ നയിച്ചത്. അയാളിലെ മാനുഷിക വികാരങ്ങൾ ഇനിയും നാമകരണം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

സമയം രാവിലെ 5.30. ഇരുണ്ട ഇടനാഴിയിലൂടെ സഖറിയാസ് നടക്കുകയാണ്. കാക്കിധാരികൾക്ക് നടുവിൽ. ചെങ്കനൽ പ്രഭ ചിതറിയ കണ്ണുകളിൽ ഇപ്പോൾ ഇരുട്ടാണോ? കാണാനൊക്കുന്നില്ല. സഖറിയാസ് നടക്കുകയാണ്........

അന്ന് സ്വപ്നം കണ്ടതിൽ പാതി പോലും ചെയ്യാനാകാതെ ചുട്ടുപൊള്ളിക്കുന്ന ചോദ്യങ്ങൾ സമൂഹമനസ്സാക്ഷിക്കു നേരെ എറിഞ്ഞുകൊണ്ട്.

***

# മാനാളി



**അജോയ് ആന്റണി**


രണ്ടാം വർഷ ബി.എ.

എക്കണോമിക്സ്

ഈ കുറിക്കുന്ന സംഭവരേഖ ജനുവരി 4നും 9 നും ഇടയിൽ നാല് വർഷങ്ങൾക്കുമുമ്പ് ഒരിടത്ത് നടന്ന താണ്. റെയിൽവേസ്റ്റേഷനിലെ പ്ലാറ്റ്ഫോമിന്റെ ഒരൊഴിഞ്ഞ കോണിൽ ഒരു അജ്ഞാത മൃതദേഹം!! തൊട്ട ടുത്ത ടീ സ്റ്റാളുകളിൽ നിന്ന് ഏതാനും ആളുകൾ തിടുക്കപ്പെട്ടെത്തി. യൂണിഫോമിട്ട പോർട്ടർമാർ അയാളെ തിരിച്ചറിഞ്ഞു. മൃതി യടഞ്ഞവൻ അവരുടെ സഹപ്രവർത്തകനാണ്. പത്ര വില്പനക്കാർ അല്പ നേരം നോക്കി നിന്നിട്ട് തന്താങ്ങളുടെ വഴിക്ക് പോയി. അല്പം കഴിഞ്ഞ് ഒരു തീവണ്ടി വന്നു. അതിലെ യാത്രക്കാർ ആൾക്കൂട്ടം കണ്ട് ആകാം ക്ഷഭരിതരായി. ചിലർ കാര്യം തിരക്കി. ചിലർ വാസ്തവികത അറിഞ്ഞ് സ്തബ്ധരായി.

വാർത്ത ഗ്രാമ മെങ്ങും പടർന്നു. ആളു കൾ വന്നുപോയികൊണ്ടിരുന്നു. ചിലർ അവിടെ കൂട്ടം കൂടി നിന്ന് അഭിപ്രാ യങ്ങൾ ഉരുവിട്ടു. കാഴ്ച കണ്ട് ഭയന്ന വരാണ് തിരികെ പോയത്. കൂട്ടത്തിൽ സ്ത്രീകളെയും കുട്ടികളെയും കാ ണായി. അവരുടെ മുഖങ്ങളും കണ്ണു കളും ചുവക്കുകയും ശരീരം ചൂടാവു കയും ചെയ്തു. ആ ഡിസംബർ മാസത്തിലെ തണുപ്പിൽപോലും ചിലരുടെ മുഖങ്ങൾ വിയർപ്പ് പൊടി ഞ്ഞ് കാണപ്പെട്ടു. നേരം പുലർന്നു കഴിഞ്ഞു. ചൂളം വിളി മുഴങ്ങി. തീവണ്ടി മുന്നോട്ട് കുതിച്ചു. യാത്രക്കാർ പുറ ത്തേക്ക് നോക്കിയിരുന്നു നെടുവീർപ്പി ടുന്നുണ്ടായിരുന്നു.

അധികനേരം ആരും അവിടെ കൂടി നിന്നില്ല. സ്റ്റേഷൻ മാസ്റ്റർ പോലീ സിൽ വിളിച്ചറിച്ചതാണു കാരണം. അവിടെ ഏതാനും മനക്കരുത്തു ള്ളവരും പോർട്ടർമാരും സ്റ്റേഷൻ



മാസ്റ്ററും മാത്രമായിട്ടവശേഷിച്ചു. ഇനിയൊരു തീവണ്ടി വരികയാ ണെങ്കിൽ യാത്രക്കാർക്ക് ജഡം കാണാൻ സൗകര്യമുണ്ട്. എന്നാൽ തീവണ്ടി വന്നില്ല.

ഏഴേകാലായപ്പോഴേക്കും ഇൻസ് പെക്ടർ മാർട്ടിൻ നയിക്കുന്ന പോലീസ് സേന എത്തി. കുറച്ച് കഴിഞ്ഞ് പത്ര ക്കാരും വന്നു. ജഡത്തിനുചുറ്റും ഈച്ച കൾ പാറിനടക്കുന്നുണ്ട്. കൊല്ല പ്പെട്ടയാളുടെ മുഖത്തും മാറിടത്തിലും വെട്ടേറ്റ് തുന്നലിട്ടതിന്റെ വടുക്കൾ തെളിഞ്ഞു കാണാം. ആ വടുക്കൾക്ക് കുറുകെ നീളത്തിലുള്ള പത്തിലേറെ വെട്ടുകൾ കയ്യിലും കാലിലും കഴു ത്തിലും മുഖത്തുമായി കാണപ്പെട്ടു. കയ്യിൽ രക്ഷാബന്ധനും ഏതോ ഭഗവാന്റെ രൂപം പച്ചകുത്തിയിരി ക്കുന്നതും കണ്ടു. ചുരുണ്ട മുടിയും പൊടിമീശയും രോമാ വൃതമല്ലാത്ത ശരീരവും

വെളുത്ത നിറവും നല്ല ഉയരവുമുള്ള പരേതന് നാല്പത് വയസ്സോളം തോന്നിക്കുമായിരുന്നു. വെട്ടുകൾക്ക് ആഴമില്ലാ ത്തതിനാൽ കുറ്റവാളി ദുർബലനാണെന്ന് കരുതാം. കുരുമുളകു പൊടി വിതറിയിരുന്ന തിനാൽ പോലീസ് നായ്ക്കൾക്കു മണം പിടി ക്കാൻ കഴിഞ്ഞില്ല. പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ, പരേതന്റെ മുറിവിൽ തുരുമ്പ് കണ്ടിരുന്നതിനാൽ പഴകിയ കത്തിയോ മറ്റായുധങ്ങളോ ആവാം കൊലയ്ക്കുപയോഗിച്ചതെന്ന നിഗമനത്തിലെത്തി.

മാർട്ടിൻ അന്വേഷണം ആരംഭി ച്ചതിന്റെ പിറ്റേന്ന് രാത്രി മുൻസംഭവം നടന്നതിന് കുറച്ചകലെ കുറ്റിക്കാട്ടിൽ നിന്ന് അല്പം മാറി മൂന്ന് ജഡങ്ങൾ കൂടി കാണപ്പെട്ടു. പരേതർ കരുത്ത രായ പുരുഷന്മാർ തന്നെ. കുരുമുള

കുപൊടി, മുറിവിൽ തുരുമ്പിന്റെ അംശങ്ങൾ എന്നിവ ഇവിടെയും ഉണ്ടായിരുന്നു. കുറ്റവാളി ദുർബല നാണെങ്കിൽ ചതി പ്രയോഗത്തിലൂടെ മാത്രമേ ഇത്തരത്തിൽ കൊലനട ത്താൻ കഴിയൂ എന്ന് ഇൻസ്പെക്ടർ ഊഹിച്ചു.

അദ്ദേഹം ഗ്രാമവ്യാപകമായി അന്വേഷണം ശക്തിപ്പെടുത്തി. നീണ്ട റെയിൽപാത നാഗരികത ബാധിച്ച ആ ഗ്രാമത്തിനു കുറുകെ പോയിക്കൊ ണ്ടിരുന്നു. റെയിൽവേ സ്റ്റേഷന്റെ വരവാണ് ആ ഗ്രാമത്തിൽ അല്പ മെങ്കിലും വികസനം ഉണ്ടാക്കി യതെന്നും, പരദൂഷണവും ഏഷണി യുമായി നടന്നിരുന്ന ജനങ്ങളിൽ കുറച്ച് മാറ്റം വരുത്തിയതെന്നും പറയാം. സ്വന്തം നാട്ടുകാരെപ്പറ്റി ഏഷണി പറഞ്ഞിരുന്ന അവിട ത്തുകാർ, തീവണ്ടിസ്റ്റേഷൻ നിലവിൽ വന്നശേഷം രാഷ്ട്രീയ നേതാക്ക ളെയും കലാ കായിക പ്രതിഭകളേയും ഇംഗ്ലീഷ് രാജകുടുംബത്തെപോലും കെട്ടുകഥകൾക്കിരയാക്കി. തീവണ്ടി സ്റ്റേഷനോടനുബന്ധിച്ച് അല്പം പൂക്കൾ നിറഞ്ഞ ഏതാനും കുറ്റിക്കാ ടുകളും അതിനരികിൽ മുൻപേതോ കൊടുങ്കാറ്റിൽ പെട്ട് തകർന്ന ഏതാനും പഴയ തീവണ്ടി മുറികളും കിടന്നിരുന്നു. കുറച്ച് നീങ്ങി അല്പം തുറസ്സായ സ്ഥലത്ത് ഏതാനും അഭയാർത്ഥികൾ കൂടാരം കെട്ടി താമസിക്കുന്നുണ്ട്. അവിടവിടെയായിട്ട് തടിക്കഷണങ്ങൾ കൂട്ടിയിട്ടിരുന്നു. അതിനരികെ ഒരു ടാറിട്ട വഴി പോകുന്നുണ്ട്. അവിടെ ഇടത്തര ക്കാരും ധനികരും താമസിക്കുന്നു. തീവണ്ടി പാതയിലൂടെ കുറെകൂടി പോയാൽ പാലത്തിന്റെ മുകളി ലെത്താം. അതിന്റെ അടിയിലും ഇരുവശങ്ങളിലുമായിട്ട് സമൃദ്ധമായ നീരുറവയുള്ള കായൽ വ്യാപിച്ചു കിടക്കുന്നു. കായലിനു കുറുകെ യുള്ള ആ തീവണ്ടി പാലമാണ് ആ ഗ്രാമത്തിന്റെ അതിർത്തി.

മറ്റ് മൂന്നുപേർ പ്ലാറ്റ്ഫോമിലെ പരേതന്റെ സുഹൃത്തുക്കളായിരു ന്നെന്ന് അന്വേഷണങ്ങളിൽ നിന്ന് വ്യക്തമായി. പരേതന്റെ ബയോഡാറ്റ പരിശോധിച്ചപ്പോൾ അയാൾ ഒരു താന്തോന്നിയും സ്വന്തം വർഗ്ഗതാത് പര്യങ്ങൾക്കുവേണ്ടി അക്ഷീണം പോരാ ടിക്കൊണ്ടിരുന്ന വർഗ്ഗീയവാദിയാ ണെന്ന വിവരമാണ് ലഭിച്ചത്. നാട്ടു കാർക്ക് അയാളെകുറിച്ച് നല്ല അഭി പ്രായമൊന്നുമില്ലായിരുന്നു. പതി നൊന്ന് വർഷങ്ങൾക്കുമുമ്പ് ഈ പരേതൻ മൂലം ഒരു പെൺകുട്ടി മരിച്ചിട്ടുണ്ട്. ഹരിത എന്നായിരുന്നു അവളുടെ പേര്.

ഇനി അവളുടെ ചരിത്രം. അവൾ താമസിച്ചിരുന്നത് ഒരു ഹാജിയാരുടെ ബംഗ്ലാവിലാണ്. ഹാജിയാർ നല്ല സുഹൃത്തും സ്വന്തം മുത്തച്ഛനേ പ്പോലെയുമാണവൾക്ക്. ഹരിത ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അവളുടെ അച്ഛന് ഗൾഫിൽ മർച്ചന്റ് നേവിയിലും അവളുടെ അമ്മയ്ക്ക് പെട്രോൾ മാർക്കറ്റിംഗ് കമ്പനിയിലും, ഹാജിയാർ വഴി ജോലി ലഭിക്കുന്നത്. മതമൗലിക വാദിയെങ്കിലും മതേതര കാഴ്ചപ്പാ ടുള്ളവനും എല്ലാവർക്കും പ്രിയങ്കര നുമായ ഹാജിയാരുടെ വീക്ഷണ ങ്ങളോട് ഹരിതയും മാതാപിതാക്കളും അനുഭാവം പുലർത്തി. എഴുപതുകാ രനാണെങ്കിലും അവിവാഹിതനായ ഹാജിയാർ, തന്റെ മകളെപ്പോലെ കരുതുന്ന, ഇരുണ്ട നിറവും തേജ സ്സാർന്ന കണ്ണുകളുമുള്ള ഹരിതയ്ക്ക് തന്റെ സ്വത്തെല്ലാം എഴുതി വച്ചു. അവൾ സ്ക്കൂളിലും കോളേജിലും പ്രഥമസ്ഥാനം അലങ്കരിച്ചവളായിരുന്നു. കൂടാതെ അവളൊരു ചിത്രകാരിയും കൂടിയായിരുന്നു. അവൾ ബഹുവർ ണ്ണങ്ങളിൽ വരച്ച ഹാജിയാരുടെ വലിയ മനോഹര ചിത്രം ആ ബംഗ്ലാവിൽ കയറി ചെല്ലുന്നിടത്ത് അനാച്ഛാദനം ചെയ്തു വച്ചിട്ടുണ്ട്. സുസ്മേര വദനയായ ഹരിതയുടെ നേതൃത്വ ത്തിൽ കോളേജിൽ ഒരു മെഡിറ്റേറ്റിങ്ങ് സൊസൈറ്റി രൂപപ്പെട്ട് നിരവധി അംഗസംഖ്യയായി വരികയായിരു ന്നുവെന്നും, 'അതിനുമുമ്പേ പോയി ല്ലേ' എന്നും പറഞ്ഞ് അവളുടെ കോ ളേജ് പ്രിൻസിപ്പാളും ഇപ്പോൾ മഞ്ചാടി കുന്ന് പള്ളിവികാരിയുമായ ഫാദർ വർഗ്ഗീസ് കിഴക്കൻ പൊട്ടികരഞ്ഞു. അവൾ ബേനസീർ ഭൂട്ടോയെപോലെ ആയിത്തീരണമെന്നായിരുന്നു മി.കുട്ടി ആഗ്രഹിച്ചിരുന്നത്.

ആയിടക്കാണ് തെക്കുനിന്ന് വന്ന് തദ്ദേശവാസികളായി മാറിയ വർഗ്ഗീയവാദികളായ രാമചന്ദ്രനും കൂട്ടരും അവിടെ താമസമാരംഭിച്ചത്. അവർ അവിടെ പോസ്റ്ററിലൂടെയും വടി വാൾ കഠാരി മുതലായവയിലൂടെയും വർഗ്ഗീയ തയെ വളർത്തി. രാമചന്ദ്രൻ പോർട്ടർമാരുടേയും തലവനായി ത്തീർന്നു. അതുവരെ പരദൂഷണവും പൊങ്ങച്ചവും മാത്രമുണ്ടായിരുന്ന ആ ഗ്രാമത്തിൽ അസമാധാനത്തിന്റെ ചുടുകാറ്റ് ആഞ്ഞടിച്ചു തുടങ്ങി. സുസ്മേരവദനയായ ഹരിതയിൽ അയാളുടെ കണ്ണുകൾ ഉടക്കി. അയാൾ പ്രണയാഭ്യർത്ഥനയുമായി പുറകെ നടന്നെങ്കിലും അവൾ അത് നിരസിച്ചു.

അതിനിടയിൽ ഹാജിയാരുടെ അനുയായികളും മതപ്രചരണം നട ത്തിക്കൊണ്ടിരുന്നു. ഒരു പോസ്റ്റർ പതി ക്കുന്നിന്റെ പ്രശ്നത്തിൽ രണ്ടുമത ക്കാരും തമ്മിൽ സംഘട്ടനം നടന്നു. അതിനു പകരമെന്നോണം രാമച ന്ദ്രൻ അടങ്ങിയ നാൽവർ സംഘം ഹാജിയാരുടെ വീട് പാതിരാക്ക് കയറി ആക്രമിച്ചു. ഹാജിയാരെ കെട്ടിയിട്ട് ഹരിതയെ പിച്ചിചീന്തി, അതിനുശേഷം ഹാജിയാരെ വെട്ടിനുറുക്കി. ഈ സംഭ വത്തിൽ മനംനൊന്ത് അവൾ കായ ലിൽ ചാടി ആത്മഹത്യ ചെയ്തു. വിവ രമറിഞ്ഞ് ഗൾഫിൽ നിന്നും വന്ന അവ ളുടെ മാതാപിതാക്കൾ ഇസ്ലാം മതാനു യായികളായി മാറി. അവളുടെ അച്ഛൻ മുഹമ്മദ്കുട്ടിയാവുകയും അമ്മ കല്ല്യാണി സുബൈദാബീവിയായിതീരു കയും ചെയ്തു. ഹരിതയുടെ ജഡം

കണ്ടുകിട്ടിയില്ല. പകരം അവളുടെ ചീഞ്ഞളിഞ്ഞ ഉടതുകൈ കായലിൽ നിന്ന് കണ്ടുകിട്ടി. അവൾ കുത്തൊഴുക്കിൽ പെട്ടുപോയെന്ന് നാട്ടുകാർ പറഞ്ഞു. അവളുടെ മരണശേഷം അവളുടെ അച്ഛനും അമ്മയും നാട്ടിൽ തന്നെ കഴിഞ്ഞുകൂടി. ഹരിതയുടേയും ഹാജിയാരുടേയും മരണത്തെ സംബന്ധിച്ച് കേസുണ്ടായെങ്കിലും രാമചന്ദ്രന്റെ കൈക്കരുത്തിൽ അത് മൂടിപോയി.

ഇൻസ്പെക്ടർ അന്വേഷണം രാത്രിയിലും നടത്തിക്കൊണ്ടിരുന്നു. രാത്രി എന്തെങ്കിലും കച്ചിത്തുരുമ്പ് കിട്ടുമെന്നയാൾ പ്രതീക്ഷിച്ചു. കാരണം മറ്റ് മൂന്ന് മരണങ്ങൾ അർദ്ധരാത്രി 10 മിനിറ്റ് ഇടവിട്ടും ഒന്നാമത്തേത് വെളുപ്പിന് 4.30നുമാണല്ലോ നടന്നത്. രാത്രി ചുറ്റിക്കറങ്ങുന്നതിനിടയിൽ ഒരു ദിവസം അയാൾ ഹരിതയുടെ വീടിന് കുറച്ചകലെയുള്ള കൊല്ലപ്പണിക്കാരൻ ചെല്ലപ്പന്റെ വീട്ടിലെത്തി. ഒൻപതുമണി കഴിഞ്ഞു. പവർകട്ട് സമയം ചെല്ലപ്പന്റെ അവിവാഹിതനായ മുപ്പത്തിരണ്ടുകാരൻ മകൻസാബു എങ്ങോ പുറപ്പെടാനെന്ന മട്ടിൽ നിൽപ്പാണ്. ആ കുടുംബവുമായിട്ട് ഹരിതയ്ക്ക് വളരെയേറെ ബന്ധമുണ്ട് . സാബു പത്താം തരം തോറ്റതിനെ തുടർന്ന് പാരമ്പര്യതൊഴിലിലേക്കു തിരിഞ്ഞു. മാർട്ടിൻ അവിടെ ചെന്നപ്പോൾ അകത്തെ മുറിയിൽ മനോഹരിയായ പത്തുവയസ്സുള്ള ഒരു പെൺകുട്ടി വിളക്കിനരികിലിരുന്ന് പദ്യം ചൊല്ലി പഠിക്കുന്നുണ്ടായിരുന്നു. ചാലിൽ നിന്ന് കണ്ടെത്തിയതിനെതുടർന്ന് അവളെ ദത്തെടുത്ത് വളർത്തുകയായിരുന്നുവത്രേ അവർ. സാബു തൂക്കുപാത്രത്തിൽ ഭക്ഷണവുമായിട്ട് പുറത്തെ കാലാവസ്ഥ നിരീക്ഷിച്ചുകൊണ്ട് നില്ക്കുകയാണ്. മാർട്ടിന്റെ സാന്നിദ്ധ്യം പരിഭ്രമമുണ്ടാക്കിയെന്ന് അയാളുടെ മുഖം വിളിച്ചോതി. മാർട്ടിനും ചെല്ലപ്പനും സംസാരിക്കുന്നതിനിടയിൽ സാബു ഇറങ്ങിപ്പോയി. കുറച്ചു നേരം കഴിഞ്ഞ് ചെല്ലപ്പനോട് യാത്ര പറഞ്ഞ് സാബു പോയ വഴിയേ മാർട്ടിനും പുറപ്പെട്ടു. സാബു അങ്ങകലെ എത്തിക്കഴിഞ്ഞിരുന്നു.

'ഭക്ഷണപാത്രത്തിനുള്ളിൽ ആയുധങ്ങളായിരിക്കുമോ? മി. കുട്ടിയുടെ ഭാര്യയ്ക്കു സുഖമില്ല. ഇപ്പോൾ വീട്ടുകാര്യസ്ഥൻ സാബുവാണല്ലോ? ഒരുപക്ഷേ , അവർക്കായിരിക്കും ഭക്ഷണം. മി. കുട്ടിയും സാബുവും തമ്മിൽ എന്തെങ്കിലും ഗൂഢാലോചന കാണും' എന്നിങ്ങനെയുള്ള ചിന്തകളുമായി മാർട്ടിൻ അയാളെ പിൻതുടർന്നുകൊണ്ടിരുന്നു.

സാബു പരിഭ്രമത്താൽ ചുറ്റും തിരിഞ്ഞുകൊണ്ടാണ് മുന്നോട്ട് നീങ്ങികൊണ്ടിരുന്നത്. ഹരിതയുടെ വീടിന്റെ മുന്നിലെത്തിയപ്പോൾ അയാൾ പലവട്ടം തിരിഞ്ഞ് നോക്കി നിന്നു. ഹരിതയുടെ വീട്ടിലേക്ക് കയറുന്നതിനുപകരം വീട്ടുമതിലിന്റെ ഓരത്തുകൂടിയുള്ള നടപ്പാതയിലേക്കാണ് അയാൾ പ്രവേശിച്ചത്. ആ നടപ്പാത റെയിൽവേസ്റ്റേഷനിലേക്കുള്ള കുറുക്കു വഴിയാണ്. ആ ഭാഗം നന്നായി ഇരുട്ട് ബാധിച്ചിരുന്നു. അവിടെ പഴകിയ ഏതാനും തീവണ്ടി ബോഗികളാണുണ്ടായിരുന്നത്. കുറച്ചകലെ ഒരു അഭയാർത്ഥിക്യാമ്പും. വഴിവിളക്കുകൾ ഉണ്ടായാലും ഇല്ലെങ്കിലും, കത്തിയിരുന്നില്ല. അവിടെ ഏകാന്തതയും ശ്മശാനമൂകതയും ബാധിച്ചിരുന്നു. തീവണ്ടിയുടെയും ഗെയിറ്റ് കടക്കുന്ന വാഹനങ്ങളുടെയും ശബ്ദം അകലെ കേൾക്കാം. എങ്ങോ നിന്ന് ഒരു കുളിർക്കാറ്റ് വീശുന്നുണ്ട്.

സാബു ഇരുളിമ ബാധിച്ച തീവണ്ടി മുറികളുടെ ഭാഗത്തായി നിലകൊണ്ടു. അപ്പോൾ പഴകി തുരിമ്പിച്ച ഒരു ബോഗിയുടെ വാതിൽ തുറന്ന് ചുക്കിച്ചുളിഞ്ഞ ശരീരമുള്ള, ശുഭ്രവസ്ത്രധാരിയായ, തലമുണ്ഡനം ചെയ്ത് ശരീരത്തിൽ ഭസ്മം പൂശിയ ഒരാൾ പതുക്കെ വന്ന് ആ പാത്രം വാങ്ങി. അയാൾ വാതിലടയ്ക്കാൻ തുനിയവേ മാർട്ടിൻ തോക്ക് ചൂണ്ടി ശബ്ദം കനപ്പിച്ചു. തിരിച്ചൊരാക്രമണം പ്രതീക്ഷിച്ചുകൊണ്ട് ഒരു കയ്യിൽ ടോർച്ചും മറുകയ്യിൽ തോക്കുമായി ഉള്ളിലേക്ക് കയറി. കർപ്പൂരത്തിന്റെ നേരിയ ഗന്ധം. നിരവധി വേദപുസ്തകങ്ങൾ കിടക്കുന്നുണ്ട്. മാർട്ടിൻ ആ പ്രശാന്തമായ മുഖത്തേക്ക് ടോർച്ചടിച്ചു. നാല്പത്തഞ്ച് വയസ്സ് തോന്നിക്കുന്ന അയാളുടെ കണ്ണിലെ തേജസ്സ് കെട്ടടങ്ങിയിരുന്നില്ല്. നല്ല പരിചയമുള്ള മുഖം. മാർട്ടിൻ സൂക്ഷിച്ച് നോക്കി. അല്ല! അത് ഹരിതയായായിരുന്നു. അങ്ങകലെ ചൂളം വിളി മുഴങ്ങി........... തീവണ്ടി പുറപ്പെട്ടു തുടങ്ങിയിരുന്നു.

അതെ പതിനൊന്നു വർഷം മുൻപ് ബിരുദത്തിനു പഠിക്കുമ്പോൾ ആത്മഹത്യക്കു തുനിഞ്ഞ ഹരിതയായിരുന്നു അവർ. ആത്മഹത്യ പാപമാണെന്നും ജീവിത പ്രശ്നങ്ങളെ ലാഘവത്തോടെ കാണണമെന്നുമുള്ള ബോധം അനുഭവജ്ഞാനത്തിലൂടെ നേടിയ അവർ മരിച്ചില്ല. അവർ സുസ്മേരലവദനയായി തന്റെ വസ്ത്രവശിഷ്ടങ്ങൾ കായലിൽ എറിഞ്ഞു തിരികെ പോയി. ഒരിക്കൽ തന്റെ ഇഷ്ടതോഴനായിരുന്ന സാബുവുമായി രഹസ്യമായി സന്ധിച്ച് അയാളുടെ സഹായത്താൽ അവർ പദ്ധതികൾ തയ്യാറാക്കി. അവർക്കുവേണ്ടി എന്തും ചെയ്യാൻ അയാൾ സന്നദ്ധനായിരുന്നു. അശുഭസാഹചര്യത്തിൽ ജന്മമെടുത്ത ഹരിതയുടെ കുഞ്ഞിനെ അയാൾ സ്വന്തം മകളെപ്പോലെ വളർത്തി. അയാൾ ഭക്ഷണത്തോടൊപ്പം കൊണ്ടുകൊടുത്ത നിരവധി ഗ്രന്ഥങ്ങൾ വായിച്ച് അവർ സർവ്വജ്ഞാനിയായിത്തീർന്നു. രാത്രിയിൽ മാത്രമാണ് അവർ ഭക്ഷണം കഴിച്ചിരുന്നത്. അവരുടെ തീവണ്ടിമുറിയിൽ നിശ്ശബ്ദതയും മങ്ങിയ കർപ്പൂരഗന്ധവും തളം കെട്ടി നിന്നു. സദാസമയവും ധ്യാനവും വ്രതവുമായി ബോഗിയുടെ സുഷിരങ്ങളിലൂടെയുള്ള വായു ശ്വസിച്ചുകൊണ്ട് യോഗിനിയായി കഴിഞ്ഞിരുന്ന അവർക്ക്, ഇന്ദ്രിയ നിഗ്രഹണശേഷിയും, ഇരുട്ടിൽ കാണാനുള്ള ശക്തിയുമുണ്ടായിരുന്നു. അങ്ങേയറ്റം ആത്മശക്തി

ന്നേടിയ അവർ തന്റെ ഇടതുകൈ ലാഘവത്തോടെ വെട്ടിമാറ്റി കായലിലിടുവാൻ സാബുവിനെ ഏൽപ്പിച്ചു. മുറിവേറ്റ ഭാഗത്ത് അയാൾ കൊടുത്ത പച്ച മരുന്നുകൾ പുരട്ടി. ജനനസമയത്ത് തന്റെ കുഞ്ഞിന്റെ കരച്ചിലടക്കാൻ ഒരു ചെടിയുടെ നീര് കൊടുത്ത് മയക്കി.

ഒരിക്കൽ ഹിച്ച് കോക്കിന്റെ ആരാധികയായിരുന്ന അവർ അതേ നാടകീയത തന്നെ തന്റെ ഓരോ കൃത്യങ്ങളിലും നിലനിർത്തി. തികച്ചും നിസ്സാരമായ സംഗതികളെകൊണ്ട് അവർ തീർത്തും നിർവ്വികാരയായായാണ് തന്റെ കൃത്യങ്ങൾ വിജയിപ്പിച്ചത്. സാബു നാൽവർ സംഘവുമായി ചങ്ങാത്തം ഭാവിച്ച് മരണക്കെണിയൊരുക്കി കൊടുക്കുകയായിരുന്നു. ഇപ്രകാരം അവർ ആ ഗ്രാമത്തിനു ശാന്തി നല്കി സാമൂഹ്യസേവനം ചെയ്തു. പഞ്ചഭൂത നിയന്ത്രണത്താൽ പ്രപഞ്ചശക്തികളെ ആവാഹിച്ച് പരിശുദ്ധയായ അവർക്ക് സ്നാനം മുതലായ ശൗചക്രിയകൾ ചെയ്യേണ്ടിയിരുന്നില്ല. അപ്രമേയശക്തിയാൽ പരിപൂരിതയായ അവർ സോവിയറ്റ് യൂണിയനിലേയും അമേരിക്കയിലേയും മറ്റ് ലോകരാഷ്ട്രങ്ങളിലേയും പ്രശ്നങ്ങളെക്കുറിച്ചും വംശീയ കലാപങ്ങളെക്കുറിച്ചും അണുപരീക്ഷണ പരിണിതഫലങ്ങളെക്കുറിച്ചും ചൈനയുടെ വളർച്ചയെക്കുറിച്ചും പ്രവചിച്ചെങ്കിലും ഭൗതികകാര്യങ്ങളിൽ താല്പര്യമില്ലാത്തതിനാൽ പ്രശസ്തയായില്ല. ധ്യാനത്തിന്റെ തീവ്രതമൂലം അവർക്കു ഇഹലോകവാസം അർത്ഥശൂന്യമായി തോന്നിതുടങ്ങിയിരുന്നു. അവരുടെ കഥ ബോഗിയിലിരുന്ന് കേട്ട മാർട്ടിൻ അത് തുമ്പില്ലാക്കേസാക്കി മാറ്റി കേസിന്റെ പട്ടികയിൽ നിന്നും നീക്കി ശിഷ്ടകാലം അവരെ ആത്മീയ ജീവിതം നയിക്കുവാൻ അനുവദിച്ചു. പരേതരുടെ ബന്ധുക്കൾ കേസ് വീണ്ടും കുത്തിപൊക്കി കേന്ദ്രാന്വേഷണവകുപ്പിന് വിട്ടുകൊടുത്തു എന്ന് പിന്നീട് അറിയാൻ കഴിഞ്ഞു.

ഒന്നരവർഷം മുമ്പ് ഈയുള്ള ലേഖകനും മാർട്ടിനും ഒരുമിച്ച് അവരെ കാണാൻ ചെന്നപ്പോൾ അവർ അവിടെ ഉണ്ടായിരുന്നില്ല. അവർ എഴുതിയ തത്വശാസ്ത്രങ്ങളും, ദർശനങ്ങളും, അവരുടെ തുരുമ്പിച്ച കത്തിയും, വിളക്കും, വെള്ള വസ്ത്രങ്ങളും അവിടെ അവശേഷിച്ചു. ബോഗിയുടെ ചുവരുകളിലും കോണുകളിലും ചിലരുടെ പേരുകൾ കോറപ്പെട്ടിരുന്നു. ശ്രീനാരായണ ഗുരു, വിവേകാനന്ദൻ, രാമകൃഷ്ണപരമഹംസൻ, ജിദ്ദുകൃഷ്ണമൂർത്തി, മീരാഭായി മാതാ അമൃതാനന്ദമയി തുടങ്ങിയവർ. ധവള പ്രഭാവലയം പരന്നിരുന്നു. ആ ആത്മീയ പ്രഭാവലത്തിൽ അവർ ലയിച്ചു പോയിരിക്കുന്നു. ഒരു വേള അവരുടെ തൽസ്വരൂപം ഒരു മിന്നൽ പോലെ ഞങ്ങൾ ദർശിച്ചു. ബഹുമാനപൂർവ്വം ഭക്തിപുരസ്സരം കൂപ്പുകൈകളാൽ മാർട്ടിനോടൊപ്പം നമ്രശിരസ്കനായ ഈയുള്ളവൻ അയാൾ ആർദ്രമായി ഗദ്ഗദത്തോടെ ഇപ്രകാരം ഉച്ചരിക്കുന്നത് കേട്ടു.

അല്ലയോ പുണ്യാത്മാവേ, മാതാ ഹരിതാനന്ദമയീ.........

*With Best Compliments From*

നിങ്ങളുടെ

**സൗന്ദര്യസങ്കൽപ്പങ്ങൾക്ക്**

ഒരു സാക്ഷാത്ക്കാരം

**ROSE CHARMS**

**BEAUTY PARLOUR**

**COURT SIDE ROAD, NADA, IRINJALAKUDA.**

# സൂര്യഗ്രഹണം



ഷിനോയ് വി. ജോസ്

രണ്ടാം വർഷ ബി.എസ്.സി.
കെമിസ്ട്രി

ആറേഴുദിവസമായി മഴ തുടങ്ങിയിട്ട്; രാപ്പകൽ, തുള്ളിതോരാതെ. മഴ ഇന്നും തോരുന്ന ലക്ഷണമില്ല. ഇരുണ്ടു കിടക്കുകയാണ് ആകാശം. ഇടക്കിടക്ക് വീശുന്ന കോടക്കാറ്റ് ദന്തനിരയെ താളം പിടിപ്പിക്കുന്നു. വീടിന്റെ ഉമ്മറത്തിരുന്നാൽ ജോത്സ്യന് ഇടുങ്ങിയ തെരുവിന്റെ അങ്ങേയറ്റം വരെ കാണാം. ദൂരെ വളവിൽ വഴിവക്കിലെ മരങ്ങളുടെ ഇരുണ്ട പച്ചയിൽ വഴി നഷ്ടപ്പെടുന്നു.

തെരുവ് വിജനമായിരുന്നു. 'ജോതി ഷാലയം' എന്ന ബോർഡിനു കീഴെ ആരെങ്കിലും ഒരാൾ വരുന്നതും നോക്കി ഇരിക്കാൻ തുടങ്ങിയിട്ട് ഇന്നേയ്ക്കെത്രയായി? കാലക്കേട് ഇപ്പോൾ ജോത്സ്യർക്ക് തന്നെയാണെന്ന് പറയേണ്ടി വരുന്നു. അല്ലെങ്കിൽ ജാതകപ്പൊരുത്തം നോക്കാനോ കുട്ടിക്കു ചോറൂണിനു നല്ല ദിവസം നോക്കാനോ, പാല് കാച്ചലിന് മുഹൂർത്തം ഗണിക്കാനോ പോലും ആരും വരാത്തതെന്ത്?

ഒരു കൈയിൽ വേൽപിടിച്ച് മറു കൈയിൽ മയിലിനെ തഴുകി നിൽ ക്കുന്ന ഭഗവാൻ സുബ്രഹ്മണ്യന്റെ പടത്തിനുമുമ്പിൽ ഇന്നലെ സന്ധ്യക്ക് മുമ്പ് ഒടുവിലത്തെ ചന്ദനത്തിരിയും എരിഞ്ഞുതീർന്നു. പൊടിപിടിച്ച തറയിൽ കന്നുകാലിക്കൂട്ടിൽ വൈ ക്കോൽ വാരിവിതറിയ പോലെ ജ്യോതിഷഗ്രന്ഥങ്ങൾ ചിതറിക്കിടക്കുന്നു. അയാൾ ആത്മഗതം ചെയ്തു. ഇപ്പോൾ ജോത്സ്യർക്ക് തന്നെ കാലക്കേട്.

ഉമ്മറത്തിരുന്നാൽ ദൂരെ മുറുക്കാൻ കടയും, ബാർബർ ഷോപ്പും, പാർട്ടിയാപ്പീസും, യക്ഷിപാലമരവും കാണാം. തോരാത്ത മഴകാരണം ജോത്സ്യൻ പുറത്തിറങ്ങാറില്ല. ഇന്നു തെരുവിൽ കണ്ടത് ചായക്കടക്ക് മുമ്പിൽ കടിപിടികൂട്ടുന്ന കൊടിച്ചിപ്പട്ടിയേയും അതിന്റെ കുഞ്ഞുങ്ങളേയുമാണ്. പാൽക്കാരൻ സൈക്കിളിൽ നനഞ്ഞുപോകുന്നു. അയാൾ പാൽപ്പാത്രം മൂടിയിട്ടില്ല, പാലിൽ മായം ചേർക്കാതിരിക്കാനാവണം (?)

മഴ പിന്നെയും മുറുകുകയാണ്. കാറ്റുവീശുന്നു....ഹോ! എന്ത് തണുപ്പാണ് കാറ്റിന്? സമയം എന്തായിട്ടുണ്ടാവും ഇപ്പോൾ? ഒരു പഴയ ടൈം പീസ് ഉണ്ടായിരുന്നത് കേടായതിൽപ്പിന്നെ സമയകാലങ്ങളറിയുന്നില്ല. ശകലം കാപ്പി അനത്തിത്തരാൻ പറഞ്ഞപ്പോൾ തീയില്ലെന്ന് പറഞ്ഞ് രുഗ്മിണി പിന്നെയും പഴംപായിൽ ചുരുണ്ടുകൂടി. ഭാര്യയുടെ പരുക്കൻ സ്വരത്തിൽ നിന്ന് ജോത്സ്യന് എല്ലാം മനസ്സിലായി. തീ മാത്രമല്ല, ഇല്ലാത്തത് എന്ന് കുറ്റപ്പെടുത്താൻ ആർക്കും കഴിയും? അയാൾ നെടുവീർപ്പിട്ടു. എല്ലാം എന്റെ കാലക്കേട്........

മുരുകാ!!! മഴയത്ത് കുടചൂടി പരിവാരസമേതം ആരോ ഇങ്ങോട്ട് വരുന്നുണ്ടല്ലോ!! ധാന്യം പൊടിക്കുന്ന മില്ലും ബാർബർ ഷോപ്പും യക്ഷിപ്പാലയും പിന്നിട്ട് അയാൾ ഇങ്ങോട്ട് തന്നെയാണല്ലോ വരുന്നത്. മൂന്നുവീടും പിന്നിട്ട വിവാഹദല്ലാൾ അപ്പുനായരുടെ വീടിന് മുമ്പിൽ അയാൾ നിന്നു. അപ്പുനായരും അവരിൽ അലിഞ്ഞുചേർന്നു. കേടുപിടിച്ച് കിടന്ന ഒരു യന്ത്രത്തിന് എങ്ങനെയോ പെട്ടന്ന് ജീവൻ വച്ചതുപോലെ ജോത്സ്യന്റെ ഹൃദയം മിടിക്കാൻ തുടങ്ങി.

അതേ! അയാൾ ഇങ്ങോട്ട് കൂട്ടാളികളോടൊത്ത് വരികയാണ്. അയാൾ കാടുപിടിച്ചുകിടക്കുന്ന തൊടിയും കടന്ന് ജോത്സ്യന്റെ പടികയറിച്ചെന്നു. ജോത്സ്യൻ അപാരമായ വിനയത്തോടെ വരുന്നവർക്ക് ഇരിക്കാനുള്ള ബഞ്ച് തുടച്ചിട്ടു. പടികയറിവരുന്ന ആളെ സ്വീകരിക്കാൻ കാത്തുനിന്നു...................

കുടമടക്കി ഇടതുകൈയിൽ പിടിച്ച് വലതുകൈയാൽ അയാൾ ജോത്സ്യന് ഹസ്തദാനം നൽകി. വിവാഹദല്ലാൾ അപ്പുനായർ പറഞ്ഞു. 'വികസനത്തിന്റെ ജനനേതാവാണ്'

'അപ്പോൾ ഹസ്തദാനം ചെയ്തയാൾ'

അണ്ഡകടാഹങ്ങളും വിഴുങ്ങാനെന്നവണ്ണം വെളുക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഞാനാണ് നിങ്ങളുടെ സ്ഥാനാർത്ഥി'. വീട്ടുകാരേയും ചില വീട്ടുകാര്യങ്ങളും അന്വേഷിച്ച് ഒന്നുകൂടി ചിരിച്ച് അയാൾ യാത്ര പറഞ്ഞു.

ഫാ.....എന്നൊരാട്ട് കൊടുക്കാനാണ് ജോത്സ്യന് ആദ്യം തോന്നിയത്. പിന്നെ ഗ്രഹണസമയത്തും ഞാഞ്ഞൂലിനും വിഷമുണ്ടല്ലോ എന്നോർത്ത് മനസ്സിൽ ചിരിച്ചു. ഇനി അടുത്ത ഗ്രഹണത്തിനല്ലേ ദർശനം സാധ്യമാകൂ എന്ന് ചിന്തിച്ച് ജോത്സ്യൻ ഒരു കൈയിൽ വേൽ പിടിച്ച് മറുകൈയിൽ മയിലിനെ തഴുകുന്ന ഭഗവാനെ നോക്കി...

# മൗനയാത്ര



**ജോഷി കെ. നമ്പാടൻ**

മൂന്നാം വർഷ ബി.എ

**കൈ**വിരൽ തുമ്പുകളിൽ അക്ഷരങ്ങൾ ചലന നൃത്തമാടുന്ന വേളയിൽ, ശ്രദ്ധയുടെ കോണുകളിലേക്ക് അല്പം വഴുതിയപ്പോൾ ഇതാ ഉണ്ണികൃഷ്ണൻ വരുന്നു . ചെവികളിൽ കേട്ട ആ വാക്കുകൾ ആഹ്ലാദത്തിന്റെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് എന്റെ മനസ്സിൽ നിറഞ്ഞു. ചുണ്ടിൽ മധുരമായി തത്തിക്കളിക്കുന്ന ഗാനത്തിന്റെ സ്വരമാധുരിയോടെ ഉണ്ണികൃഷ്ണൻ എന്റെ അടുത്തു വന്നു. അതെ! ഉണ്ണികൃഷ്ണൻ, ഒരു യുഗം മുഴുവൻ മനസ്സിൽ ആവാഹിച്ച് കാലത്തിന്റെ മണ്ണിൽ സംഗീതത്തിന്റെ നീർച്ചാലുകൾ കൊണ്ട് ഉഷ്ണമേറുന്ന ജീവനുകൾക്ക് അല്പം ശീതളത പകരുന്നവൻ, സംഗീതജ്ഞൻ, ജീവിക്കുവാൻ ജീവിതത്തോട് മല്ലടിക്കേണ്ടിവന്ന ഒരു അസാധാരണ മനുഷ്യൻ. ഉണ്ണ്യേട്ടൻ , എന്റെ ചുണ്ടുകൾ മനസ്സോടൊപ്പം ചലിച്ചു. ആ സരസ്വതി ക്ഷേത്രത്തിന്റെ വെളിയിലേക്ക് ഞങ്ങൾ മെല്ലെ കൈകോർത്തുപിടിച്ചു നടന്നു. ഒന്നും സംസാരിക്കാതെ... ഞങ്ങൾ നടക്കുന്നത് ജീവിത യാഥാർത്ഥ്യങ്ങളിലേക്കാണോ?... സരസ്വതീ ക്ഷേത്രത്തിന്റെ മുൻപിൽ നിൽക്കുമ്പോൾ, ജീവിതത്തിൽ ഒന്നും ചെയ്യുവാൻ കഴിയാനാകാത്ത നിസ്സംഗതാമനോഭാവം ഉള്ളിൽ പേറികൊണ്ട് എന്നാൽ എന്തൊക്കെയോ ജീവിതത്തിൽ ചെയ്തുതീർക്കണമെന്നുള്ള ആവേശത്താൽ സമയത്തിന്റെ ചലന വേഗതയെ സൂചികയായി കണക്കാക്കി ഞാൻ ചോദിച്ചു. ഇന്നത്തെ നമ്മുടെ പരിപാടി എന്താണ്? . ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കിയെന്നവണ്ണം ഉണ്ണ്യേട്ടൻ പറഞ്ഞു, അടുത്തുള്ള അമ്പലത്തിൽ പോയി ഒന്നു തൊഴണം . സങ്കടങ്ങളുടെ മറവിൽ നില്ക്കുമ്പോഴും ജീവിതം ആസ്വദിക്കാനുള്ളതാണ്. അതിനാൽ എന്തോ- എന്റെ മനസ്സിനെ പിടികൂടിയിരുന്ന ഒരു വികലമായ സങ്കല്പത്തിന്റെ പുറത്ത് നിന്നുകൊണ്ട് ഞാൻ ചോദിച്ചു, ഏതമ്പലത്തിൽ?

അടുത്തുള്ള ദേവീക്ഷേത്രത്തിൽ കാലം മനസ്സിൽ കോരിയിട്ട കുളിർമ്മയുമായി ഉണ്ണ്യേട്ടൻ പറഞ്ഞു. മനസ്സിൽ ബാല്യത്തിന്റേതായ വികൃതികൾ ചേക്കേറുന്ന കൗമാരപ്രായമായതിനാൽ കാലം വരച്ചുതീർത്ത ഒരു ഗൂഢസ്മിതവുമായി ഞാൻ ചോദിച്ചു. ഞാനും അമ്പലത്തിലേക്ക് വരട്ടെ? , പോന്നോളൂ... നമുക്കൊന്നിച്ച് തൊഴാം . ഞാൻ ഞെട്ടി. ഒരു ക്രിസ്ത്യൻ യുവാവ് അമ്പലത്തിൽ കയറുകയെന്ന് വച്ചാൽ... തുടർന്നാലോചിക്കാൻ കഴിയാതെ തരിച്ചുനിന്നുപോയപ്പോൾ മനസ്സിന് സാന്ത്വനം പകരാനെന്നവണ്ണം ഉണ്ണ്യേട്ടൻ പറഞ്ഞു. ഉം, പോന്നോളൂ.......... ഒരു കുഴപ്പവുമില്ല . ഇങ്ങനെ ഒരു മറുപടി ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ആ വാക്കുകൾ കേട്ടപ്പോൾ ഞാൻ അതിശയോക്തിയോടെ ആരാഞ്ഞു. അമ്പലത്തിൽ അഹിന്ദുക്കൾക്ക് പ്രവേശനം ഇല്ലല്ലോ?



കാലം മനസ്സിൽ തീർത്ത സങ്കല്പങ്ങളുടെ ഔചിത്യം മനസ്സിലാക്കിയിട്ടെന്നവണ്ണം ആ വാക്കുകൾ എന്റെ കാതുകളിൽ മുഴങ്ങി, മനുഷ്യർക്കേ മതമുള്ളൂ, ദൈവത്തിന് മതമില്ല . സംസാരിക്കുവാൻ വാക്കുകളില്ലാതെ നില്ക്കുമ്പോൾ എന്റെ കാലുകൾ മെല്ലെ ചലിക്കുവാൻ തുടങ്ങി. ജീവിതത്തിലേക്ക്........യാഥാർത്ഥ്യങ്ങളിലേക്ക്.......എന്റെ കാലുകളുടെ ഗതിവേഗത വർദ്ധിച്ചപ്പോൾ മനസ്സും എന്തോ ഒന്ന് നേടിയെടുക്കും എന്ന വിശ്വാസത്താൽ ആഹ്ലാദപൂരിതമായപ്പോൾഒരിക്കലും പൂർണ്ണമാകാത്ത അറിവിന്റെ ദാഹശമനത്തിനുവേണ്ടി ഞാൻ അമ്പലത്തെക്കുറിച്ചും അതിന്റെ ഐതിഹ്യങ്ങളെക്കുറിച്ചും ചോദിച്ചു. വർണ്ണനകൾക്കതീതമായ വിവരണം കേട്ടപ്പോൾ ദേവിയുടെ സങ്കല്പം എന്റെ മനസ്സിലേക്ക് കടന്നുവന്നു. അതിൽ നിന്നും ഗ്രാമത്തിലെ പെൺകൊടികളുടെ നിഷ്കളങ്കത എനിക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞു. മുക്കുറ്റിയും മഞ്ചാടിയും വാരിയെറിഞ്ഞ് ആഹ്ലാദത്തിന്റെ അതിർവരമ്പുകൾക്കുമപ്പുറം തലയിൽ മുല്ലപ്പൂവും കയ്യിൽ പൂവട്ടിയും പാവാടത്തുമ്പിൽ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടുളള അവളുടെ മനോഹരമായ കാലുകളുടെ വേഗതയും.... മിഴികളിലെ ലാസ്യനൃത്തവും......... നെറ്റിയിലെ ചന്ദനക്കുറിയും.......... ഒരു ഗ്രാമത്തിന്റെ സൗന്ദര്യം മുഴുവൻ ആവാഹിച്ച അവളുടെ സൗന്ദര്യവും......... എന്റെ മനസ്സിനെ ഉന്മത്തമാക്കിതീർത്തു.

ഇതാ അമ്പലമെത്തി . സ്വപ്നലോകത്തുനിന്ന് വേറിട്ടപ്പോൾ വല്ലാത്ത

ദുഃഖം തോന്നി. പക്ഷെ....ഒന്നും പറയാനാവാതെ..............

ഷർട്ടൂരണം, ചെരുപ്പ് ഇവിടെ വയ്ക്കാം, എല്ലാം ഞാൻ പറഞ്ഞുതരാം, അതുപോലെ ചെയ്യണം . അനുസരണയുള്ള ഒരു കൊച്ചുകുട്ടിയെ പോലെ ഞാൻ അവയെല്ലാം അനുസരിച്ചു.

ഇനി അമ്പലം ചുറ്റണം, നട തുറന്നില്ല, അപ്പോഴേക്കും തിരിച്ചെത്താം .

ശരിയാണ്. എന്റെ മിഴികൾ അവിടെയെല്ലാം പരതി. സ്ത്രീകളും കുട്ടികളും പുരുഷന്മാരുമായി ജീവിതത്തിന്റെ നാനതുറയിൽപെട്ടവർ സാന്ത്വനത്തിന്റെ.... ആശ്വാസത്തിന്റെ...... നീർത്തുള്ളികൾ തേടി അവിടേക്ക് വരുന്നത് എനിക്ക് കാണാമായിരുന്നു. ജീവിത നൈരാശ്യങ്ങളിൽ നിന്ന് മോക്ഷം തേടുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നിരിക്കാം.... മനോഹരമായ സങ്കല്പങ്ങൾക്ക് കോട്ടം തട്ടിയപ്പോൾ കാരണം അന്വേഷിക്കാൻ എത്തിയവരാകാം...കാലത്തിന്റെ ധനുസ്സിൽ ദുഃഖനിവാരണം ആവശ്യപ്പെട്ട് എത്തിയവരാകാം..അല്പനിമിഷം അവരുടെ ചെയ്തികൾ വീക്ഷിച്ചതിനുശേഷം ഒരു നെടുവീർപ്പുമായി ഞാൻ ക്ഷേത്രം ചുറ്റുവാൻ തുടങ്ങി. മനസ്സ് ശാന്തമായിരുന്നപ്പോൾ കാതുകളിൽ ശിവതാണ്ഡവത്തെ ഓർമ്മപ്പെടുത്താറ് മുഴങ്ങിയ ഇടയ്ക്കയുടെ ധ്വനികൾ ഒരു പക്ഷെ കലാഹൃദയം അന്യമായിരുന്നതുകൊണ്ടാകാം, എന്റെ മനസ്സിൽ ഒരു അസ്വസ്ഥത വരുത്തിത്തീർക്കുകയാണ് ചെയ്തത്.

ഞങ്ങ്ളെ കണ്ടപ്പോൾ മറ്റുള്ളവർ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. അല്ല എന്നെ സസൂക്ഷ്മം വീക്ഷിക്കുന്നുണ്ടായിരുന്നു. അവരുടെ ചുഴ്ന്നിറങ്ങുന്ന നോട്ടം എന്തോ അർത്ഥവത്തായ ഒരു സൂചനയുടെ ഉള്ളറകളാണോ? എന്റെ മനസ്സ് വിഭ്രാന്തി പൂണ്ടു.......... വല്ല കുഴപ്പവും . ഭൗതീക ജീവിത്തിലേക്കുള്ള ഒരു മൗനയാത്രയാണ് അവരുടേതെന്ന് എനിക്ക് തോന്നി. ആർഷ ഭാരത സംസ്ക്കാരത്തെ ഉറക്കെ ഉദ്ഘോഷിച്ചുകൊണ്ട് പൗരാണികതയുടെ സംഗീതം എന്ന പോലെ ഒരു സംസ്കാരത്തിന്റെ മുഴുവൻ ജീവൻ ആവാഹിച്ചതുപോലെയുള്ള ആ ശംഖുനാദം എന്റെ കാതുകളിലേക്ക് മനോഹരമായ ഒരു ദൈവസംഗീതം പോലെ അപ്പോഴാണ് എത്തിചേർന്നത്. നടതുറക്കാറായി . ഉണ്ണ്യേട്ടന്റെ വാക്കുകൾ- വരൂ....... ഏതോ ദാർശനികതയുടെ ആവരണം എന്നിൽനിന്ന് മാറ്റപ്പെടുകയാണെന്ന് തോന്നി. ഞാൻ മെല്ലെ പറഞ്ഞു. ഞാനില്ല. നമുക്ക് തിരികെ പോകാം . വിറപൂണ്ട സ്വരത്തിന്റെ നടുക്ക് നിന്നുകൊണ്ട് ഞാൻ പറഞ്ഞു. ലോകത്തിന്റെ നാശത്തിനായി കാലം വരച്ചുതീർത്ത നേർവരയാണ് മതം. അത് ലോകത്തെ രണ്ടാക്കി വെട്ടിമുറിക്കുന്നു. മനുഷ്യനെ വെട്ടിമാറ്റുന്നു. മനുഷ്യൻ ജീവിതമാകുന്ന യാഥാർത്ഥ്യങ്ങൾക്കിടയിൽ കൂടുതൽ സുഖം നേടുവാനുള്ള ഒരു മാർഗ്ഗം കണ്ടെത്തി -മതം. ആ മതത്തെ ഒരു ആയുധമാക്കി മാറ്റി. പരസ്പരം പോർവിളിക്കുന്നു. പരസ്പരം കുരുതികൾ നടത്തുന്നു. മനുഷ്യൻ തന്നെ മനുഷ്യർക്കിടയിൽ മതിലുകൾ തീർക്കുന്നു. പലരും ശ്രദ്ധിക്കുന്നു, ഇപ്പോൾ അതിനെക്കുറിച്ച് സംസാരിക്കണ്ട . ആ വാക്കുകളിലെ ദൃഢതയേറിയതിനാൽ മനസ്സിന്റെ ആഴങ്ങളിൽ നിന്നും ഒരു സ്വരം ഉയർന്നുവന്നു. ശരി

ആവേശഭരിതമായ വാക്കുകളുടെ നടുവിൽ നിന്നുകൊണ്ട് എന്റെ ഓർമ്മകൾ മണൽത്തരികൾക്കിടയിൽ നിന്നെന്ന പോലെ ചിക്കിച്ചികഞ്ഞ് പുറത്തുവന്നു. ഞാൻ കേട്ട ആ ശംഖനാദം! മനസ്സിൽ ഒരു നെടുവീർപ്പുണർന്നു. ദൈവമേ , അതെ, എല്ലാം ഒരു സംഗീതമാണ്, നാശത്തിനു മുൻപുള്ള സംഗീതം. മനുഷ്യമനസ്സുകളിൽ ചേക്കേറിയ സ്വാർത്ഥചിന്തയുടെ പരിണതഫലം. എന്താണ് മനുഷ്യ ജീവന്റെ വില. എന്റെ മനസ്സിൽ ഉത്തരം കിട്ടാത്ത ചോദ്യമായി അത് അവശേഷിച്ചു.

നടതുറന്ന് ദേവിമന്ത്രം ജപിക്കുന്ന ശാന്തിക്കാരൻ......., ഞങ്ങൾ ചെന്നു തൊഴുതു. പ്രസാദം ഉണ്ണിയേട്ടന്റെ കൈകളിൽ കൊടുത്തതിനുശേഷം ശാന്തിക്കാരൻ ചോദിച്ചു. ഇയാൾ... പരിചയത്തിന്റെ മറവിൽ നിന്നുകൊണ്ടുള്ള പ്രതീക്ഷിക്കാത്ത ചോദ്യം പോലെ ഉണ്ണിയേട്ടൻ പെട്ടെന്ന് തരിച്ചുനിന്നു. മതത്തിന്റെ ക്രൂരവിളയാട്ടം തന്റെ നഗ്നനേത്രങ്ങളാൽ കാണുവാൻ കെല്പില്ലാത്ത വിധം പറഞ്ഞു. സുഹൃത്താണ്.. ഓ ശരി. ശാന്തിക്കാരൻ തിരികെ പോയപ്പോൾ ആശ്വാസം തോന്നി. കയ്യിൽ കിട്ടിയ പ്രസാദവുമായി അമ്പലം കടന്നപ്പോൾ, ആരും അറിയാതെ പോയ അനേകരുടെ പാതയിലൂടെ, ഞങ്ങൾക്കുമുമ്പേ കടന്നു പോയ പുണ്യാത്മാക്കളുടെ ഓർമ്മകളിലൂടെ, കാലത്തിന്റെ ശിരസ്സിൽ പൊൻതൂവൽ അർപ്പിക്കുവാൻ വെമ്പിയ മഹാന്മാരുടെ കാലടി പുരണ്ട വഴിയിലൂടെ, അനേകം തലമുറകൾ ഞങ്ങൾക്കു പിന്നാലെ കാതോർക്കുന്നു എന്ന വിശ്വാസത്തോടെ..

തിരിച്ചുള്ള യാത്ര ആരംഭിച്ചപ്പോൾ ഞാൻ പറഞ്ഞു. ഹൊ, ആശ്വാസം, ഞാൻ എന്തെങ്കിലും പ്രതീക്ഷിച്ചിരുന്നു. എന്റെ വാക്കുകളിലെ ഭയവിഹ്വലത കണ്ടിട്ടാവണം ഉണ്ണ്യേട്ടൻ പറഞ്ഞു. ദൈവത്തിനെ ആരാധിക്കുന്നതിന് ആർക്കും തടസ്സമില്ല, മതം മനുഷ്യനുള്ളതാണ്. ഇസ്ലാമും ഹിന്ദുവും ക്രിസ്ത്യാനിയും എല്ലാം കാലം വരച്ചുചേർത്ത ചിത്രങ്ങളാണ്. അവയിൽ കറുത്ത ചായം കലക്കി ഒഴിച്ച് അതിനെ വികൃതമാക്കി തീർക്കുകയാണ് മനുഷ്യർ.... കാലത്തിന്റെ ഗതിയിൽ അവ കറയായി പുരളുന്നു. ഇരുണ്ട ലോകമായി മാറുന്നു. കാർമേഘാവൃതമാകുന്നു.

എന്റെ മനസ്സ് വീണ്ടും ശാന്തി അന്വേഷിക്കുന്നുവെന്ന് തോന്നി. ഞാൻ മെല്ലെ നടന്നു. ജീവിതത്തിലേക്ക് ....... അറിവിന്റെ വേഴാമ്പലായി.

*With Best compliments from*

**PLEASANT FOOD PRODUCTS**


**PULLAZHI, THRISSUR - 12., PH : 362538**

**Manufactures of ❖ BREAD ❖ BUN ❖ CAKE etc.**

*With best Compliments from :-*

**Vimala Stores**

**OPP- COURT, NADA, IRINJALAKUDA.**



**മോജോ പി.ജെ.**

രണ്ടാം വർഷ ബി.എസ്.സി.
ഫിസിക്സ്

# നൊമ്പരങ്ങൾ

ഇന്ന് ആകാശം നിറയെ നക്ഷത്രങ്ങളുണ്ട്. കാറ്റിന് നല്ല കുളിർമ്മ. വീട്ടിലെത്താൻ ഇത്രയും വൈകുമെന്ന് കരുതിയില്ല. എട്ടുമണിയാകാറായിരിക്കുന്നു. വൈകുന്നേരങ്ങളിൽ ഒരു പാർട്ടിക്കും പോകേണ്ടെന്ന് തീരുമാനിച്ചതായിരുന്നു. പക്ഷെ അലക്സിനോട് വരില്ലെന്ന് പറയാൻ പറ്റില്ലല്ലോ. സുഹൃത്തുക്കളായിട്ട് കുറച്ചു ദിവസങ്ങളേ ആയിട്ടുള്ളു എങ്കിലും ഇന്ന് അവന്റെ ജന്മദിനാഘോഷത്തിന് ചെല്ലുവാൻ വളരെ നിർബന്ധിച്ചിരുന്നതാണ്. എത്ര വേഗമാണ് ആളുകൾ തമ്മിൽ അടുക്കുന്നത്.

ഗേറ്റ് കടന്ന് വേഗം വാതിലിനടുത്തേക്ക് നടന്നു. തുറക്കാൻ താക്കോലെടുത്തപ്പോഴാണ് ശ്രദ്ധിച്ചത്, താക്കോൽ പഴുതിനുള്ളിൽ ഒരു മിന്നാമിനുങ്ങ്. അതിനി പുറത്തേക്ക് വരുമെന്ന് തോന്നുന്നില്ല. സുരക്ഷിതമായ താവളം കിട്ടിയതിന്റെ സന്തോഷത്തിൽ അത് പ്രകാശം പൊഴിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുള്ളിലിരുന്ന് ചാകാനായിരിക്കും ഈ ജീവിയുടെ വിധി. താക്കോലിട്ട് കതക് തുറന്നു. താക്കോലിന്റെ അറ്റത്ത് ചതഞ്ഞ മിന്നാമിനുങ്ങിന്റെ അവശിഷ്ടം.

വല്ലാത്ത ക്ഷീണം. മുറിക്കുള്ളിലെ നിശബ്ദതയെ വെല്ലുവിളിക്കാതെ കട്ടിലിൽ കിടന്നു. അലക്സ് വളരെ നിർബന്ധിച്ചതാണ് അവിടെ തങ്ങാൻ. ഈ കൊച്ചുമുറിയിലെ കട്ടിലിൽ കിടന്നാലേ എനിക്ക് ഉറക്കം വരികയുള്ളുവെന്ന് അവന് അറിയില്ലല്ലോ. കൺപോളുകൾ ഉറക്കത്തെ മാടി വിളിക്കുന്നുണ്ട്. ഞാൻ എന്നെ മറക്കുന്ന ആ നിമിഷങ്ങൾക്കായി കാത്തുകിടന്നു.

......ബസ് കുതിച്ചുപായുകയാണ്. എനിക്ക് പേടി തോന്നുന്നു.... എന്തിനാണ് ഇത്രയും വേഗത്തിൽ പോകുന്നത്. ചുറ്റും കൂരിരുട്ടാണല്ലോ. ആരും ഒന്നും അറിയുന്നില്ലെന്നോ. ബസിലുള്ളവരെല്ലാം ഉറങ്ങുകയാണ്. ആരും



ആരേയും അറിയുന്നില്ല. എല്ലാവരും അവരവരുടെ സ്വകാര്യ ലോകത്താണ്. ഈ ബസ് എവിടേക്കാണ് ഈ മരണപ്പാച്ചിൽ നടത്തുന്നത് ? ഭാഗ്യം. ഇപ്പോൾ അല്പം വെളിച്ചം വരുന്നുണ്ട്. അതാ അവിടെ ആരാണ് ഉണർന്നിരിക്കുന്നത്. അത് ഗോപിയല്ലേ......എനിക്ക് ഗോപിയെ വിളിക്കാൻ കഴിയുന്നില്ലല്ലോ.........ശബ്ദം കിട്ടുന്നില്ലല്ലോ......അവനെന്താ പുറത്തേക്ക് നോക്കിയിരിക്കുന്നത്. നിരത്തിൽ ആരുമില്ലല്ലോ......അന്ധകാരത്തിൽ അലിയാൻ ശ്രമിക്കുന്ന പ്രകാശം മാത്രം.........ഗോപിയെന്തിനാണ് ഉറ്റുനോക്കുന്നത്. അയ്യോ അതാ റോഡരികിൽ മായ. മുഖത്ത് ഒലിക്കുന്ന രക്തവുമായി അവൾ ബസിനോടൊപ്പം ഓടുകയാണ്. അവളുടെ പുറകിൽ ഒരു കറുത്ത ചെന്നായ. ദൈവമേ.... .ഇനി കാണാൻ വയ്യ........ ഗോപി പുറത്തേക്ക് ചാടാൻ പോകുകയാണ്......... അരുതെന്ന് പറയാൻ കഴിയുന്നില്ലല്ലോ........ ബസ് പായുകയാണ്.'' ഗോപി'' !!

ഞാൻ ഞെട്ടി എഴുന്നേറ്റു. ശരീരം മുഴുവൻ വിയർപ്പിൽ കുളിച്ചിട്ടുണ്ട്. ഇന്നെന്താണ് ഗോപിയെ സ്വപ്നം കണ്ടത്. ദൈവമേ..........ഇന്നാണ് മെയ് മൂന്ന്.

എല്ലാ വർഷവും ഗോപിയെ കാണാൻ പോകാറുള്ള ദിവസം. വീണയുടെ ഫോട്ടോയിൽ പൂക്കളർപ്പിക്കാറുള്ള ദിവസം. ഗോപി ജയിലിലായതിൽ പിന്നെ ഇവ രണ്ടും ഞാൻ തെറ്റിച്ചിട്ടില്ല. ഇന്ന് അവൻ എന്നെ പ്രതീക്ഷിച്ചിട്ടുണ്ടാവണം. ഇരുമ്പഴിക്കുള്ളിൽ മുരടിക്കുന്ന ഒരു ജീവൻ. വർഷങ്ങൾക്ക് മുമ്പ് അതിന് ഒരുപാട് പ്രതീക്ഷകളുണ്ടായിരുന്നു. സ്വപ്നങ്ങളുണ്ടായിരുന്നു. കാലത്തിന്റെ ഒഴുക്കിൽ അത് അലിഞ്ഞലിഞ്ഞ് പോയി. മുരടിക്കുന്ന ഒരു മനസിനെ മാത്രം ബാക്കിയാക്കി.......... ഹൊ ! എത്ര കഷ്ടം! ഈ ദിവസം ഞാൻ ഒരിക്കലും മറക്കാൻ പാടില്ലാത്തതായിരുന്നു. അല്ലെങ്കിലും അങ്ങനെയാണല്ലോ. കുറെ ഒഴുകിക്കഴിയുമ്പോൾ നദി

തന്നെ ജനിപ്പിച്ച മലയെ മറക്കും. വളർത്തിയ സമതലങ്ങളെ മറക്കും. പിന്നെ ലക്ഷ്യം പുതിയ ശാഖകളും കടലും മാത്രം.........വെറുതെ ആകാശത്തേക്കുനോക്കി. വർദ്ധിച്ച സന്തോഷത്തോടെ കാർമേഘക്കൂട്ടം ചന്ദ്രനെ മൂടുന്നത് മിഴിനീരിന്റെ മറയിലൂടെ ഞാൻ കണ്ടു. എഴുന്നേറ്റ് പുറത്തുവന്നിരുന്നു. അപ്പോൾ എന്റെ മനസ്സ് ഭൂതകാലത്തിലേക്ക് ഊളിയിടുകയായിരുന്നു.

ഒരു ദിവസം തെങ്ങിൻ തോപ്പിൽ കളിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു ഞാനവനെ ആദ്യമായി കണ്ടത്. ഒരു സ്ത്രീയുടെ കൈയിൽ പിടിച്ചുകൊണ്ട് തോണിയിറങ്ങി മെല്ലെ നടന്നുവരുന്നു. എന്തുകൊണ്ടെന്നറിയില്ല, അവൻ എന്നെ നോക്കി ചിരിച്ചു. നിഷ്കളങ്കതയും സ്നേഹവും വിളിച്ചറിയിക്കുന്ന ആ പുഞ്ചിരി ഇപ്പോഴും മനസ്സിലുണ്ട്. ഞാനന്ന് ആറാം ക്ലാസ്സിലായിരുന്നു. എവിടെയൊക്കെയോ വച്ച് വീണ്ടും കണ്ടുമുട്ടികൊണ്ടിരുന്നു. ക്രമേണ അവനെന്റെ കൂട്ടുകാരനായി, അല്ല ഒരു സഹോദരനായി. ഒരുമിച്ച് സ്കൂളിൽ പോയിത്തുടങ്ങി. ഞങ്ങളുടേതായ ലോകത്ത് പാറി നടന്നു. പെട്ടെന്ന് ദേഷ്യം പിടിക്കുന്ന സ്വഭാവമായിരുന്നു അവന്റേത്. നിസ്സാരകാര്യങ്ങൾക്കുപോലും വഴക്കുണ്ടാക്കും . ചിലപ്പോഴൊക്കെ കൊച്ചുപെൺകുട്ടികളെ കാണുമ്പോൾ അവൻ തന്റെ കൊച്ചനുജത്തിയെക്കുറിച്ച് പറയും. അവളെവിടെയാണെന്ന് ചോദിച്ചാൽ നിറകണ്ണുകളോടെ ഒന്ന് പുഞ്ചിരിക്കും. കുറെ നാളുകൾക്ക് ശേഷമാണ് എനിക്ക് മനസ്സിലായത്. അവൾ-വീണ-ചെറുപ്പത്തിലേ ഈ ലോകത്ത് നിന്ന് യാത്ര പറഞ്ഞെന്ന്.

അല്പം കൂടെ അന്തർമുഖനായെന്നതൊഴിച്ചാൽ വലുതായിട്ടും ഗോപിയുടെ സ്വഭാവത്തിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായില്ല. ആദർശവുമില്ല അഹങ്കാരവുമില്ല. പക്ഷെ കാണുന്നവരൊക്കെ ശത്രുക്കൾ. നാട്ടുകാർക്ക് വേണ്ടാത്തവൻ. ശരിക്കും ഒരു ഒറ്റയാൻ. അമ്മ മരിച്ചപ്പോൾ കൊച്ചു കുട്ടിയെ പോലെ ഒരുപാട് കരഞ്ഞു. ഇടക്കിടക്ക് നഷ്ടങ്ങൾ മാത്രം മുതൽകൂട്ടായുള്ള തന്റെ ജീവിതത്തെപ്പറ്റി നിർത്താതെ സംസാരിക്കും.

ആകസ്മികമായിട്ടായിരുന്നു മായയെ, അപ്പുവേട്ടന്റെ മകളെ, ഗോപി കണ്ടുമുട്ടിയത്. അതിനുശേഷം ചിലപ്പോഴൊക്കെ അവളെപ്പറ്റി എന്നോട് ചോദിക്കാറുണ്ടായിരുന്നു. എവിടെയെങ്കിലും വച്ച് അവളെ കണ്ടുമുട്ടുമ്പോൾ കണ്ണിമവയ്ക്കാതെ നോക്കിനില്ക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷെ ഒരിക്കൽ പോലും ഗോപി അവളോട് സംസാരിച്ചിട്ടില്ല. ഒരു ദിവസം പുഴക്കരികിലിരിക്കുമ്പോൾ പറഞ്ഞു.

"എന്റെ വീണ മായയെപോലെയായിരുന്നു. സന്ധ്യക്ക് വിളക്ക് കൊണ്ടുവയ്ക്കുമ്പോൾ അവളുടെ മുഖം പൗർണ്ണമിനാളിലെ ചന്ദ്രനെപോലെ തിളങ്ങുമായിരുന്നു".

മായയുടെ വിവാഹനിശ്ചയം അറിഞ്ഞതിനുശേഷം ഗോപി വളരെ സന്തോഷത്തിലായിരുന്നുവെന്ന് എനിക്ക് തോന്നി. പക്ഷെ വിവാഹത്തിന്റെ തലേദിവസം അത് സംഭവിച്ചു. രാവിലെ നാട്ടുകാരാണ് പറഞ്ഞത്, ഗോപി ഏതോ ഒരാളെ കൊന്നു. അപ്പുവേട്ടന്റെ വീടിനടുത്ത് വച്ച്. പിന്നീട് പോലിസിന് കീഴടങ്ങിയത്രെ, കവർച്ചാ ശ്രമത്തിനും കൊലപാതകക്കുറ്റത്തിനും പോലീസ് കേസെടുത്തു. അവസാനമായി അവൻ എന്റെ അടുത്ത് വന്നപ്പോൾ മുഖത്ത് ഏതോ സത് കൃത്യം ചെയ്തതിലുള്ള ചാരിതാർത്ഥ്യ മാണ് ഞാൻ കണ്ടത്. ഒരു ഭീകരജന്തുവിനെയെന്നപോലെ ഗോപിയെ നോക്കിനിൽക്കാനേ എനിക്ക് കഴിഞ്ഞുള്ളു.

മായയുടെ വിവാഹം നടന്ന ദിവസം രാത്രി അപ്പുവേട്ടൻ എന്നെ കാണാൻ വന്നു. കരഞ്ഞുകൊണ്ടാണ് അയാൾ ഇത്രയും പറഞ്ഞത്.

"ചന്ദ്രനെകൊന്നത് ഗോപികുഞ്ഞല്ല ഞാനാണ്. ചന്ദ്രന് എന്നോട് പണ്ടേ ശത്രുതയായിരുന്നു. വീട്ടിൽ വന്ന് എന്റെ മോളെ ഉപദ്രവിക്കുന്നതു കണ്ടപ്പോൾ...... അതെ........ ഈ കൈകൊണ്ട് തന്നെയാ വെട്ടിയത്. ഗോപികുഞ്ഞ് പുറത്തുനിന്ന് എല്ലാം കാണുന്നുണ്ടായിരുന്നു. ഉടനെ അകത്തേക്ക് വന്ന് ചോരയിൽ കുളിച്ചുകിടന്ന ചന്ദ്രനെ എടുത്തുകൊണ്ടു പോയി. വാതിൽക്കലെത്തിയപ്പോൾ പറഞ്ഞു- 'മായയുടെ കല്യാണം മുടങ്ങരുതെന്ന്' പക്ഷെ ഇതുപോലൊരു സാഹസത്തിനാണ് ഗോപികുഞ്ഞ് ഒരുങ്ങിയതെന്ന് ഞാൻ അറിഞ്ഞില്ല"...

ഞാനത് കേട്ട് തരിച്ചിരുന്നുപോയി. ആ നിമിഷം മുതൽ ഗോപിയോടുള്ള എന്റെ സ്നേഹം ബഹുമാനമായി മാറി. അതിപ്പോഴും ആളിക്കത്തേണ്ടതായിരുന്നു. പക്ഷെ ഇന്ന് ഞാൻ.......

ഒരു ദിവസം ജയിലിലേക്ക് ഞാൻ കാണാൻ ചെന്നപ്പോൾ ഒരു പുഞ്ചിരിയോടെയായിരുന്നു എന്നെ വരവേറ്റത്. ആദ്യം കണ്ടുമുട്ടിയപ്പോൾ സമ്മാനിച്ച അതേ പുഞ്ചിരി. ഈയിടെയായി വളരെയധികം ചിന്തിക്കുന്നുണ്ടെന്ന് മുഖം കണ്ടപ്പോൾ എനിക്ക് തോന്നി.പിരിയാറായപ്പോൾ ഉരുകുന്ന ദുഃഖത്തെ അടക്കിപ്പിടിച്ചുകൊണ്ട് ഇത്രയും പറഞ്ഞു.

ഇത്രയും നാൾ ഞാൻ നിധിപോലെ സൂക്ഷിച്ചിരുന്ന ഒന്ന് എന്റെ കുടിയിലിരുപ്പുണ്ട്. എന്റെ വീണയുടെ ഛായാചിത്രം. അതിനി നീ സ്വന്തമെന്നപോലെ സൂക്ഷിക്കണം. ഒരു മെയ് 3നാണ് അവൾ എന്നെ വിട്ട് പോയത്. ആ ദിവസം ഞാൻ അവളുടെ പടത്തിൽ പൂമാലയിടാറുണ്ട്. അത് നീ തുടരണം. കഴിയുമെങ്കിൽ അന്നെന്നെ കാണാൻ വരണം. കൂടെകൂടെ നീയിവിടെ വരണമെന്നില്ല. ഞാനും എന്റെ ലോകവും മാത്രം ഇവിടെ.........

ഒരു തണുത്ത കാറ്റ് തഴുകിയപ്പോൾ ചിന്തകൾക്ക് വിരാമമിട്ട് ഞാൻ എഴുന്നേറ്റു. മുറിയിൽ വന്ന് വീണയുടെ ചിത്രത്തിലേക്ക് നോക്കി. ഞാനതിൽ മുഖമമർത്തി. 'ഞാൻ നിന്നെ ഒരിക്കലും മറക്കി'ല്ലെന്ന് മനസ്സ് മന്ത്രിക്കുകയായിരുന്നു. കണ്ണീർമുത്തുകൾ അവൾക്ക് വേണ്ടി മാലകെട്ടുകയാണെന്ന് ഞാൻ അറിഞ്ഞു.

# അഡ്മിഷൻ തുടരുന്നു (Boys & Girls)

# വിക്ടറി I.T.C.

M.O. റോഡ്, തൃശൂർ
Ph : 440603, 441581

കഴിഞ്ഞ കേരള സർക്കാർ പരീക്ഷകളിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിജയം. 98 ജൂലായ് N.C.V.T പരീക്ഷാ വിജയം (Electronics-100%, MRCA & D/Civil-86%, MMV-96%) പുതിയ ബാച്ചുകൾ N.C.V.T, KGCE, IETS, Diploma (IETE, T.Engg.)-S.S.L.C, P.D.C യോഗ്യതയുള്ളവർക്ക് Two years, 3 years Diploma കോഴ്സുകളിലേക്കും വിദ്യാഭ്യാസം കുറഞ്ഞവർക്കും എളുപ്പത്തിൽ ജോലി തേടുന്നവർക്കും 12,6,3 മാസ പ്രാക്ടിക്കലധിഷ്ഠിത കോഴ്സുകൾക്കും അപേക്ഷിക്കാം. Automobile, electrical, civil, refrigeration & Aircondition, AC PLant, Car A/C Mechanical, Electronics & Communication Radio T.V., V.C.R., Auto Electrical, Turner, Fitter, Wireman, Driving

Dip-IETE-Electronics & Communication, T-Engg. Mechanical, Welding (X-ray-Tig, Gas, Arc)
Computer-DCA, PGDCA, DTP, Autocad, MS. Office, Multimedia etc.

ഗവ. കോഴ്സുകളിൽ തിരഞ്ഞെടുക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് മുഴുവൻ ഫീസിളവും പ്രതിമാസ സ്റ്റൈഫന്റും Ex. Service, Coffee Tea ആശ്രിതർക്ക് സ്കോളർഷിപ്പുകൾ, ട്രെയിൻ, ബസ്, കൺസഷൻ താമസസൗകര്യങ്ങൾ പ്രോസ്പെക്ടസ് / ഫോമിന് 30 ക. നേരിട്ടോ തപാലായോ അടക്കുക.

**വിക്ടറി I.T.C.**
**P.O. റോഡ്, ഷൊർണ്ണൂർ**

**ടെക്നിക്കൽ സെന്റർ,**
**സുന്ദരയ്യർ റോഡ്, ഒറ്റപ്പാലം**
**Ph : 644913**

*Trust Victory for lifes's Victory*



# ST.THOMAS
## COACHING CENTRE

**(For Boys & Girls)**

SEVANA BUILDING,
CATHEDRAL JUNCTION,
IRINJALAKUDA - 680 121

## Coaching for M.B.B.S. & Engineering

# സെന്റ് തോമസ്
## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
## മെഡിക്കൽ ടെക്നോളജി

സേവന ബിൽഡിംഗ്സ്
കത്തീഡ്രൽ ജംഗ്ഷൻ, ഇരിങ്ങാലക്കുട
ഫോൺ: 821931,821645

ഇന്ത്യയിലും വിദേശത്തും ധാരാളം ജോലി സാദ്ധ്യതകളുള്ള താഴെ പറയുന്ന കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

1. നഴ്സിംഗ് & മിഡ് വൈഫറി,
2. ഫാർമസി & ഇ.സി.ജി.
3. ലാബറട്ടറി ടെക്നീഷ്യൻ

അടിസ്ഥാന യോഗ്യത S.S.L.C.

**പ്രവേശനം പെൺകുട്ടികൾക്ക് മാത്രം**

# ഞാൻ കഥയെഴുതാൻ പോണൂ........



CHRIST COLLEGE LIBRARY
ACC. No. 57658
CALL NO.

**അമർനാഥ് വി. ധർമ്മൻ**
രണ്ടാം വർഷ പി.ഡി.സി

ഈ കഥയിലെ നായകന്റെ (അതായത് എന്റെ) ജീവിതത്തിലെ ഒരു ദിവസം അന്നും പതിവു പോലെ രാവിലെ തന്നെ നേരം വെളുത്തു. എന്റെ വിടാണ് സീൻ. കഥ ആരംഭിക്കുമ്പോൾ വീട്ടിൽ ഒരു തകർപ്പൻ ബഹളം. എന്താണത് ? നമുക്കൊന്നു ചെവിയോർക്കാം.

"ഞാൻ കഥയെഴുതാൻ പോണൂ"

"പോടാ, നിന്നെക്കാൾ മുമ്പു ഞാൻ കഥയെഴുതും."

"എന്താണത്? എന്താണവിടെ ഒരു ബഹളം?"

ചോദ്യകർത്താവ് എന്റെ മാതാവാണ്.

"അമ്മേ, ഞാൻ കഥയെഴുതാൻ പോണൂ."

"അമ്മേ, അവനേക്കാൾ മുമ്പ് ഞാൻ കഥയെഴുതും."

ഇതിൽ പറഞ്ഞിരിക്കുന്ന മൂന്നാമത്തെയാൾ എന്റെ പരമ ശത്രുവും 'അസുരിയും', എന്നിരുന്നാലും എന്റെ ചേച്ചിയുമാകുന്നു.

പറഞ്ഞതുപോലെ എന്റെ ചേച്ചി കഥയെഴുതിത്തുടങ്ങി. എന്തുകൊണ്ടും യോഗ്യത എനിക്കാണെന്ന് നിങ്ങൾ മനസ്സിലാക്കുക. എന്തിനധികം പറയുന്നു. യുദ്ധം തുടങ്ങുകയായി.

നമ്മുടെ ചേച്ചിയായ പ്രേതാക്ഷി കുംഭ നിറക്കാൻ പോയ സമയത്ത് കഥ കട്ടുവായിക്കാൻ ഞാൻ ഒരു ശ്രമം നടത്തി. അതിനുപകരമായി തകർപ്പൻ ഇടിയും തൊഴിയും എനിക്ക് കിട്ടി. രണ്ടു കിട്ടിയപ്പോൾ എനിക്ക് സമാധാനമായി. കഥ മുഴുവനുമെഴുതിയിട്ട് കാണിക്കാമെന്ന് അരുളപ്പാടും ഉണ്ടായി. ഹമ്പടി ഒരു ഡംഭ്. എനിക്ക് വാശിയായി. കഥയെഴുതണം. ഉടനടി പേപ്പറും പേനയും എടുത്ത് മാവിൻ ചുവട്ടിൽ പോയിരുന്നു. കഥയെഴുതാൻ മാവിൻചുവട്ടിൽ പോയിരുന്നതിന്റെ കാരണം നിങ്ങൾക്ക് മനസ്സിലായി എന്ന് ഞാൻ കരുതട്ടെ. ഇങ്ങിനെ തകർപ്പൻ സ്റ്റൈലിൽ ഞാൻ കഥയെഴുതാൻ തുടങ്ങുമ്പോഴാണ് ഒരു കാര്യം മനസ്സിലെത്തിയത്.

"എന്തെഴുതും"?.

ഞാൻ മാതാവിന്റെയരികിൽ സംശയ നിവാരണത്തിനായി ചെന്നു ചോദിച്ചു. "എന്തെങ്കിലും"- അമ്മയുടെ അരുളപ്പാടുണ്ടായി. 'അങ്ങനെ പറഞ്ഞാൽ എങ്ങനെയാ, സിനിമാക്കഥ എഴുതിവിടാൻ പറ്റുമോ' - എന്ന് ഞാൻ. മാതാവിനോട് ചോദിച്ചാൽ രണ്ടു കിട്ടിയാലോ. മഹതിയായ എന്റെ ചേച്ചി, അഥവാ ആ രാക്ഷസിയുടെ കഥ കോപ്പിയടിച്ചാലോ? കൊള്ളാം, തകർപ്പൻ ബുദ്ധിയിൽ അഭിമാനം കൊണ്ടു. എങ്ങിനെ കോപ്പിയടിക്കും. ഞാൻ ആലോചിച്ചു. എന്തിനധികം പറയുന്നു. ആ ദിവസം അങ്ങിനെ കടന്നു പോയി. ഞാൻ കണ്ണു തുറന്നപ്പോഴുണ്ട് സഖാവ് ബാലഭാസ്ക്കരൻ എന്നെ നോക്കി ഇളിക്കുന്നു. 'പോടാ എരപ്പാളി'! എന്നൊരു തകർപ്പൻ പ്രസ്താവനയുമായി ഞാൻ കിടക്കയിൽ നിന്ന് എഴുന്നേറ്റ് നോക്കുമ്പോഴുണ്ട് സഖാവ് രാക്ഷസി നടുവേദന പ്രമാണിച്ച് ആശുപത്രിയിലേക്ക് എഴുന്നള്ളുകയാണ്. കൊള്ളാം. ഇതുതന്നെ അവസരം.

ഞാൻ പരിശോധന തുടങ്ങി. ഈ പരിശോധന വഴിയാണ് പണ്ട് അച്ഛന്റെ സ്വർണ്ണപേന കണ്ടുപിടിച്ചതും പിതാവിൽനിന്ന് കരണത്തിട്ട് രണ്ടുകിട്ടിയതും. ആ മഹാസംഭവം ഞാൻ വേണമെങ്കിൽ നിങ്ങൾക്കായി ഇവിടെ കുറിക്കാം.

ഈ മഹാസംഭവത്തിനു കാരണം ഒരു സുന്ദരൻ പേനയാണ്. എന്റെ പരിശോധന വൈദഗ്ദ്ധ്യത്തെക്കുറിച്ച് വളരെയേറെ ഐതിഹ്യങ്ങളും മിത്തുകളും നിലവിലിരുന്ന കാലമായതിനാൽ എന്റെ പിതാവ് മേൽ ചൊന്ന സുന്ദരൻ പേനയെ അലമാരിയുടെ മുകളിൽ ഭദ്രമായി സൂക്ഷിച്ചിരുന്നു. ഇത്, പേന ഞാൻ കണ്ടുപിടിക്കാതിരിക്കാൻ വേണ്ടി പിതാവ് ചെയ്ത ഒരു വിക്രിയയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. പക്ഷെ ഞാൻ വിദഗ്ദ്ധ പരിശോധന നടത്തി പുള്ളിക്കാരനെ (പേനയെ) കണ്ടുപിടിച്ചു. ഹമ്പട, കൊള്ളാമല്ലോ. ഉടൻ തന്നെ പുള്ളിക്കാരന്റെ അന്തർഭാഗങ്ങൾ എല്ലാം ദർശിക്കാനായി തുറന്നു പരിശോധിച്ചു. എല്ലാം ദർശിക്കുകയും ചെയ്തു. ഉടൻ തന്നെ അതിന്റെ ഉടൽ കൂട്ടിയോജിപ്പിച്ചു. അപ്പോഴുണ്ട് രണ്ടു മൂന്ന് സാധനങ്ങൾ ബാക്കി. കഥയിലെ പ്രധാന നായകനായ (വില്ലൻ വേഷമാണ് പുള്ളിക്ക് കൂടുതൽ യോജിക്കുക) പേനയുടെ ആന്തരാവയവങ്ങളല്ലേ എന്ന് കരുതി ഞാനത് ഭദ്രമായി സൂക്ഷിച്ചു. സുന്ദരൻ പേനയാകട്ടെ കൂട്ടുകാരുടെ മുമ്പിൽ പ്രദർശിപ്പിച്ചു. ചില തകർപ്പൻ പ്രസ്താവനകളുമായി ചിറ്റിനടന്നു. ഒടുവിൽ അത് ബാഗിൽ നിക്ഷേപിച്ചു. വീട്ടിലെത്തിയ ശേഷം പേനയെടുക്കാൻ ബാഗിൽ കൈയിട്ടു. അദ്ഭുതം. പുള്ളിക്കാരൻ അവിടെനിന്ന് അന്തർധാനം ചെയ്തിരിക്കുന്നു. ഞാൻ ഞെട്ടിയെന്ന് നിങ്ങൾ വിചാരിക്കും. പക്ഷെ ഞെട്ടിയില്ല.

എന്തിനു ഞെട്ടുന്നു. പേനയുടെ ആന്തരാവയവങ്ങൾ എന്റെ കൈയിലുണ്ടല്ലോ. ഞാനത് പേനയുടെ സ്ഥാനത്ത് സൂക്ഷിച്ചുവച്ചു.

എന്റെ പരിശോധനയുടെ ചുരുളഴിഞ്ഞത് കുറെ ദിവസങ്ങൾക്കുശേഷമാണ്. അച്ഛൻ സ്വന്തം പേന എവിടെയോ കൊണ്ടുകളഞ്ഞു. (കളഞ്ഞുപോയി എന്ന് ചുരുക്കം) തുടർന്ന് സ്വർണ്ണപേന വച്ചിരുന്ന സ്ഥലത്ത് നോക്കിയപ്പോൾ കണ്ടത് സ്വർണ്ണപേനയുടെ ആന്തരാവയവങ്ങൾ മാത്രം. "എടീ്്്്്..... ". അച്ഛൻ വിളിച്ചു. 'എന്താ' അമ്മ ചോദിച്ചു. "ഇതിന്റെ ബാക്കി ഭാഗമെവിടെ"?. "അവനായിരിക്കും". അമ്മ പറഞ്ഞു.

അവൻ എന്നു പറയുന്നത്. 'ഇവനെ'യാകുന്നു. ഐതിഹ്യമനുസരിച്ച് ലോകത്ത് എല്ലാ അനിഷ്ടസംഭവങ്ങളും നടക്കുന്നത് എന്റെ കുരുത്തകേടുകൊണ്ടാണ്. എന്ത്കൊണ്ട് രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുന്നു ?. എന്തുകൊണ്ട് ആളുകൾ ചറപറചാകുന്നു. കാരണം ദിസ്ബോയ് എന്ന് തുടങ്ങി 2,68,88,579 ചോദ്യങ്ങൾ. അവയുടെ ഉത്തരങ്ങൾ എല്ലാംതന്നെ കാരണം ദിസ്ബോയ് എന്നാണ്. ഇതിൽ നിന്ന് സ്ഥലത്തെ ഏറ്റവും മാന്യനായ വ്യക്തി ആരെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ. എന്തിനധികം പറയുന്നു. അച്ഛൻ എന്നെ വിളിക്കുകയും സംഭവത്തിന് വിശദീകരണം നൽകാൻ നോട്ടീസ് നൽകുകയും ചെയ്തു. തുടർന്ന് ഞാൻ ഉണ്ടായ സംഭവങ്ങളെല്ലാം അങ്ങ് പറഞ്ഞു കളഞ്ഞു. തുടർന്ന് ഒരു കരണത്ത് ഒരു തകർപ്പൻ കൈപ്രയോഗം. ഒരു കരണത്തടി കൊണ്ടാൽ മറ്റേ കരണവും കാട്ടികൊടുക്കുക എന്ന യേശുവാക്യം ഞാൻ അനുസരിക്കുന്നതിന് മുമ്പ്തന്നെ മറ്റേ കരണത്തും ഒരടി.

തുടർന്ന് കണ്ണിൽ ഒരു മിന്നൽ. പിന്നീട് ഞാൻ കാണുന്നത് കുറ്റാക്കൂരിരുട്ടിൽ നക്ഷത്രങ്ങൾ കിടന്ന് ചിരിക്കുന്നതാണ്. ഹമ്പടാ പോത്തുണ്ണികൾ ഒരാൾ അടികൊണ്ട് വീണതുകണ്ട് ചിരിക്കുന്നു. കണ്ണിലെ ഇരുട്ട് കുറഞ്ഞപ്പോൾ ഞാൻ കാണുന്നത് ഒരു രാക്ഷസി ഇരുന്ന് ചിരിക്കുന്നതും രാക്ഷസീമാതാവ് പേടിച്ചിരിക്കുന്നതുമാണ്. എന്റെ സ്വന്തം മാതാവ് ആ രാക്ഷസിയുടെ മാതാവായതിൽ ഞാൻ ദുഃഖിക്കുന്നു. എന്തിനേറെ പറയുന്നു. ആ സംഭവം കഴിഞ്ഞു.

ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത് രാക്ഷസിയുടെ കഥ തിരയലാണ്. തിരഞ്ഞു തിരഞ്ഞ് അവസാനം കഥ കണ്ടുപിടിച്ചു. അപ്പോൾ വളരെ ഭാരമുള്ള എന്തോ വസ്തു എന്റെ മുതുകിൽ പതിച്ചു. എന്താണത്? . ഹിമാലയം ഇടിഞ്ഞുവീണതാണോ? . ഞാൻ തിരിഞ്ഞുനോക്കി. എനിക്ക് കാര്യങ്ങൾ മനസ്സിലായി. മുതുകത്ത് വീണത് ഹിമാലയമല്ല. രാക്ഷസീകരങ്ങളായിരുന്നു. ആശുപത്രിയിൽ പോയ രാക്ഷസിയെ അത് മൃഗാശുപത്രിയല്ലെന്ന് പറഞ്ഞ് തിരിച്ചയച്ചതായിരിക്കും. എന്തിനേറെ പറയുന്നു. ഞാൻ കിടപ്പിലായി. നടുവേദനയായതിനാലാണെന്ന് ചുരുക്കം. അതിനാൽ നിങ്ങൾ ഞാൻ കഥയെഴുതുമെന്ന് സ്വപ്നം കാണുക......

എന്ന് സ്വന്തം ഞാൻ




MELODY CORNER

THE

Music Shop

SIMIS COMPLEX, KURUPPAM ROAD, THRISSUR, PH: 424455

# വിരമിച്ച അദ്ധ്യാപകർ



Dept. of Physics
Prof. N.O. Inassi



H.O.D. Commerce
Prof. Lakshmi Narayanan



H.O.D. History
Prof. Raphael Thattil

# സന്ദീപിന് അഭിനന്ദനങ്ങൾ



പ്രീഡിഗ്രി, എൻട്രൻസ് റാങ്ക് ജേതാവ്




# YOUNG MOTORS



## TVS-SUZUKI



**SALES, SPARES & SERVICE**
**NEAR CARS INDIA**
**Main Road, North Chalakudy**
**Ph : 847950, 836414 (R)**

**TVS XL SUPER, MAX 100 R,**
**SUZUKI SAMURAI, TVS SCOOTY, SHAOLIN**

TVS-Suzuki യുടെ വാഹനങ്ങൾക്കും സ്പെയർപാട്ട്സിനും
സർവ്വീസിങ്ങിനുമായുള്ള ചാലക്കുടിയിലെ ഏക അംഗീകൃത സ്ഥാപനം.
ഇന്നു തന്നെ സമീപിക്കുക

## തൂലിക പടവാളാക്കിയവർ

ഇന്നലെ വരെയുണ്ടായിരുന്ന

വിശ്വാസങ്ങളെ മാറ്റിമറിക്കാൻ തൂലികകൾക്കായിട്ടുണ്ട്

ഇന്നലെകളുടെ വിപ്ലവസമരങ്ങളുടെ അണിയറയിൽ

കൂർമ്മബുദ്ധിയുള്ള പ്രൗഢലേഖകരുടെ തൂലികയുണ്ടായിരുന്നു

ഇന്നുകളിലെ പൊയ്മുഖങ്ങളണിഞ്ഞ

കാപട്യത്തിന്റെ വക്താക്കൾക്കു നേരെ

മാറ്റത്തിന്റെ കാഹളമുയർത്തികൊണ്ട് യുവജനതയുടെ

# വീക്ഷണങ്ങൾ

◆ Peter England,

◆Writer ◆Byford ◆Sanfrisco

◆Henry Hill ◆Independence

◆Republic,

എന്നീ കമ്പനികളുടെ ഷർട്ടുകളും ട്രൗസറുകളും സ്വരൂപിച്ചുകൊണ്ട്
പുരുഷൻമാർക്കുവേണ്ടി മാത്രം ഒരു ഷോറൂം

*Leo Dandy*

*Mens Wear Shop*

ROYAL SPOT COMPLEX
KODUNGALLUR - 680 664
PH : (SHOP) : 802790, FAX : 803040

# അയോദ്ധ്യ – എരിയുന്ന കനൽ



**സന്തോഷ് പോൾ**
രണ്ടാം വർഷ എം.എസ്.സി.

ശ്രീരാമനും വാല്മീകിയും വറുത്തത് അയോദ്ധ്യയിൽ സംഘപരിവാർ സാധന ചെയ്തു. വാൽമീകിയെന്ന വ്യാധ കവിയുടെ സമ്പൂർണ്ണ ഭാവനയുടെ ത്രിതല ഭാവാവിഷ്ക്കാരമാണ്. രാമായണമായുടലെടുത്തത്. രാമൻ രാമായണത്തിലെ ദേവനാണ്. വാൽമീകി അവസാനിപ്പിച്ചിരുന്നതു തിരുത്തി ബി.ജെ.പി. രക്തകറയാൽ സ്വാർത്ഥമായെഴുതി. കാട്ടാളൻ കവിയായപ്പോഴുണ്ടായ ആ ദു:ഖകാവ്യം ഇന്ന് 'മാനിഷാദ' എന്നലറി വിളിക്കുകയാണ്. സൂര്യവംശരാജാക്കന്മാരുടെ അയോദ്ധ്യയെന്ന രാജധാനി ചാമ്പലാകുന്നില്ല, കത്താതിരിക്കുന്നില്ല, സാവധാനത്തിലത് എരിയുകയാണ്. പക്ഷേ എരിഞ്ഞു തീരുന്നില്ലല്ലോ! കൃഷ്ണ ശാപമേറ്റ അശ്വത്ഥാമാവിനെപ്പോലെ അയോദ്ധ്യയുമൊരു പ്രേതാത്മാവായില്ലേ? പ്രിയ ശിഷ്യനുവേണ്ടി കാട്ടാള പുത്രന്റെ പെരുവിരൽ അറുത്തുവാങ്ങിയ ആചാര്യനെപ്പോലെ സ്വാർത്ഥിയായപ്പോൾ, മരുമകനു ബുദ്ധി ഉപദേശിച്ച അമ്മാവനായി ചമഞ്ഞപ്പോൾ സംഘപരിവാർ ഹിന്ദുസ്ഥാനുമുന്നിൽ പരശതം ചോദ്യങ്ങൾ നിരത്തിയിരുന്നു. ആലോചിച്ചോളൂ. നിങ്ങളുത്തരം നൽകിയാലും അതിവിടെ തികയില്ല. കാരണം അവര് കഥയെഴുതുകയാണ്.

അയോദ്ധ്യ പ്രശ്നം ഉടലെടുക്കുന്നത് ബാബർ 1528 ൽ അയോദ്ധ്യയിലൊരു മസ്ജിദ് നിർമ്മിക്കുന്നതോടെയാണ്. മസ്ജിദ് പണിയുവാൻ രാമക്ഷേത്രം തകർത്തുവെന്ന് ഹിന്ദുക്കളും ഇല്ലെന്ന് മുസ്ലീങ്ങളും വാദിക്കുന്നു. ചരിത്ര പണ്ഡിതന്മാർക്കിടയിൽ പോലും ഭിന്നാഭിപ്രായമുള്ള ഇക്കാര്യത്തിൽ അയോദ്ധ്യ കുഴിച്ചു നോക്കിയപ്പോൾ ക്ഷേത്രാവശിഷ്ടങ്ങൾ കിട്ടിയെന്ന് ഹൈന്ദവ പക്ഷപാതികളും എന്നാൽ അവശിഷ്ടങ്ങൾ ക്ഷേത്രത്തിന്റേതല്ലെന്ന് മറുപക്ഷവും കടുംപിടുത്തം തുടരുകയാണ്. എന്തായാലും ഹിന്ദുവും ബുദ്ധമതാനുയായിയും, ജൈനനുമെല്ലാം മതവിശ്വാസങ്ങൾ നടത്തിയ അയോദ്ധ്യയിൽ അവസാനം ഇസ്ലാമും സ്ഥാനം നേടി എന്നു പറയുന്നതാവും ശരി.

1855 ലുണ്ടായ വർഗ്ഗീയ ലഹളയോടെ മസ്ജിദിനു ചുറ്റും ഒരു വേലി നിർമ്മിക്കുവാനും പൂജയും, നമസ്കാരവും പ്രത്യേകം സമയങ്ങളിൽ നടത്തുവാൻ ഇരുവിഭാഗങ്ങളും തീരുമാനിച്ചതോടെ ഒരു വൻ വിപത്ത് തൽക്കാലം കെട്ടടങ്ങി. പാവനമായൊരാരാധനാലയത്തെ ചൊല്ലിയുള്ള തർക്കം വേദങ്ങളെയും , ഉപനിഷത്തുകളേയും ഉപാസിച്ച ആർഷ ഭാരത സംസ്കൃതിയുടെ ചുവട്ടിൽ തീയിടുകയായിരുന്നു. യാഥാസ്ഥിതികത ഉദാരതയ്ക്കുമേൽ വിജയം നേടിത്തുടങ്ങിയതോടെ കുറേ നാൾ വർഗ്ഗീയ വിഷമേൽക്കാതെ നിന്നിരുന്ന അയോദ്ധ്യ മതഭ്രാന്തിന്റെ തീജ്വാലയിൽ വെന്തു തുടങ്ങി. 1885 ൽ രാമജന്മഭൂമിയുടെ പൂജാരിയെന്ന് വിശേഷിപ്പിച്ചുകൊണ്ടാരാൾ ക്ഷേത്രം പണിക്കുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് കോടതിയിലെത്തിയെങ്കിലും ക്രമസമാധാന പ്രശ്നമുണ്ടാകുമെന്ന് മനസ്സിലാക്കിയ കോടതി കേസ് തള്ളുകയാണുണ്ടായത്. 1949 ൽ അക്രമാസക്തരായ ഒരു സംഘമാളുകൾ മസ്ജിദിനുള്ളിൽ അതിക്രമിച്ച് കയറി രാമവിഗ്രഹം പ്രതിഷ്ഠിച്ചതോടെ വീണ്ടും പ്രശ്നങ്ങളായി. അടുത്ത ദിവസം തന്നെ ജില്ലാ മജിസ്ട്രേട്ടിന്റെ ഉത്തരവു പ്രകാരം പ്രധാനകവാടം താഴിട്ടു പൂട്ടി. 1950 ൽ വിഗ്രഹം മാറ്റുന്നതിൽ നിന്നും യു.പി. ഗവൺമെന്റിനേയും, മുസ്ലീംകളേയും, തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായി. കൂടാതെ ശ്രീകോവിലിനു പുറത്ത് ആരാധന നടത്തുന്നത് തടയുവാൻ പാടില്ലെന്നും നിർദ്ദേശിക്കപ്പെട്ടു. പിന്നീട് കണ്ടത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയും, ജനാധിപത്യവും, മതനിരപേക്ഷതയുമെല്ലാം നിരന്തരം പരീക്ഷിക്കപ്പെടുകയും, കബളിപ്പിക്കപ്പെടുകയും ചെയ്ത നാളുകളായിരുന്നു. ലോകത്തിന്റെ മുഖഭാവം കൂടുതൽ ലളിത വൽക്കരിക്കപ്പെട്ടു തുടങ്ങിയതോടെ നമ്മളും തിരക്കു കൂട്ടുകയായിരുന്നു. ത്രേതായുഗത്തിലേക്കു മടങ്ങിപ്പോകുവാൻ!! അതെ പഴയ കാട്ടാളനായിത്തന്നെ തുടരുവാൻ !!!

മതാവേശത്തിന്റെ കിരീടം വെച്ച ചെകുത്താന്മാരായി വിശ്വഹിന്ദു പരിഷത്ത് രംഗപ്രവേശം ചെയ്തതോടെ സ്ഥിതിഗതികൾ കൂടുതൽ അപകടകരമായ നിലയിൽ ഓടാൻ തുടങ്ങി. 86 ഫെബ്രുവരി 1ന് തർക്കഭൂമിയിൽ എല്ലാവർക്കും പ്രവേശനം അനുവദിച്ചുകൊണ്ട് കോടതിയുത്തരവുണ്ടായി. പ്രശ്ന സ്ഥലത്ത് ക്ഷേത്രത്തിന് തറക്കല്ലിടൽ കർമ്മം ചെയ്യുവാൻ വി.എച്ച്.വി. തീരുമാനിച്ചെങ്കിലും കല്ലിടുന്ന സ്ഥലം വിവാദനിലമായതിനാൽ നിലവിലുള്ള സ്ഥിതി തുടരണമെന്ന് കോടതി വിധിച്ചു. സംഘ് പരിവാറിന്റെ ഹിന്ദു വർഗ്ഗീയതയ്ക്കു ലഭിച്ച അപ്രതീക്ഷിത വിജയമായി നവംബർ 9 ന് ശിലാന്യാസം നടന്നതോടെ എല്ലാ സമ

വാക്യങ്ങളും പൊളിച്ചെഴുതുകയായി. രാഷ്ട്രീയ കക്ഷികൾ അയോദ്ധ്യാ ബാങ്കിൽ നിക്ഷേപങ്ങളിറക്കുന്നതി നാണ് മത്സരിച്ചതെങ്കിലും ആദായം ലഭിച്ചത് ബി.ജെ.പി.യുടെ മതഫാസി സമെന്ന ഒരായുധത്തിനാണെന്ന താണ് ഏറ്റവും വലിയ വിരോധാഭാസ മായി തോന്നുന്നത്.

1990 ഒക്ടോബർ 30 ന് തർക്ക മന്ദിരത്തിന് നാശനഷ്ടങ്ങൾ വരുത്തി യപ്പോൾ വ്യക്തമായത് മതഭ്രാന്തൻ മാർ കോടതികൾക്ക് പുല്ലു വിലയാണ് നൽകുന്നതെന്നാണ്. എല്ലാ പ്രശ്നങ്ങ ളുടെയും കൊടുങ്കാറ്റഴിച്ചുവിട്ട അദ്വാ നിയുടെ രഥയാത്ര തടഞ്ഞ് നവം. 23 ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്തതോ ടെ വി.പി. സിംഗിന്റെ അവസരവാദപ രമെന്ന് പറയാവുന്ന ബി.ജെ.പി. ബാന്ധവം അവസാനിച്ചു. മതചങ്ങ ലയിൽ ഇന്ത്യാ രാജ്യത്തെ വരിഞ്ഞു മുറുക്കി പ്രഹരമാരംഭിക്കുവാൻ തുടങ്ങിയത് ഈ രഥയാത്രയോടെ യാണ്. സർവ്വനാശത്തിന്റെ രക്തരക്ഷ സുകൾ അലറിവിളിച്ചുകൊണ്ട് പാവനമായ ആധ്യാത്മികതയെ പ്രതി ക്കൂട്ടിൽ നിർത്തി വിചാരണ ചെയ്തു. ലോകസഭ കണക്കിന്റെകളിയായി മാറാൻ തുടങ്ങിയത് ബി.ജെ.പി. അയോധ്യയെന്ന ചെണ്ടയിൽ മതവി ദ്വേഷത്തിന്റെ ഞാങ്ങണകൊണ്ട് ആഞ്ഞടിക്കാൻ തുടങ്ങിയപ്പോഴാണ്. തെരഞ്ഞെടുപ്പ് ഗോദയിൽ മതവിഷം കുത്തിയിറക്കിയപ്പോൾ ഹൈന്ദവ സിരകളിൽ പുതിയൊരു ആവേശം കത്തിയുയരുകയായിരുന്നു. ഒരു തരം ആക്രമണ മനോഭാവത്തോടെ ബി. ജെ.പി. അതേറ്റെടുക്കുകയും ചെയ്തു.

ഒരു പുണ്യാത്മാവിന്റെ ധന്യത യോടെയാണ് അദ്വാനി സംസാരി ക്കുകയും പ്രവർത്തിക്കുകയും ചെയ്തത്. ദാർശനികമെന്ന് തോന്നു മാറുള്ളതായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ. അദ്വാനിക്കുശേഷം വന്ന ബി.ജെ.പി. പ്രസിഡന്റ് എം.എം. ജോഷി തീവ്രമതവികാരത്തിന്റെ വക്താവായിരുന്നു. നിയമത്തെ കാ റ്റിൽ പറത്തി ഹിന്ദുത്വമാണ് ഏകത്വ മെന്ന് ഉദ്ഘോഷിക്കാൻ അദ്ദേഹം ശഠിച്ചു. ശരിയായ ഫാസിസ്റ്റ് ചിന്താ ഗതികൾത്തന്നെ അദ്ദേഹത്തിന്റെ മാർഗ്ഗങ്ങളായി. കൂടെ വർഗ്ഗീയ വിഷബീജങ്ങളായ അശോക് സിംഘ ലും, ആർ.എസ്.എസും. ക്ഷേത്ര നിർമ്മാണം തടയുവാൻ ഭൂമിയിൽ ഒരു ശക്തിക്കും കഴിയില്ലെന്ന ഗർവ്വോടെ യുള്ള അദ്ദേഹത്തിന്റെ പ്രസ്താവന ത്തിന്റെ ശക്തിയിൽ ഊർജ്ജം ലഭിച്ച പുരോഹിതർ വരെ കമണ്ഡലുവും യോഗദണ്ഡുമേന്തി സംഘപരിവാ റിന്റെ മുഖ്യധാരയിലേക്കു വന്നു.

1991 നവംബർ 2ലെ ദേശിയോദ് ഗ്രഥന സമിതി യോഗത്തിലും, 92 ഏപ്രിൽ 22 നും നവംബർ 27നും സുപ്രീംകോടതിയിലും യു.പി. സർക്കാർ തീർത്ഥാടനങ്ങൾക്കെന്ന പേരിൽ ഏറ്റെടുത്ത 2.77 ഏക്കർ സ്ഥലത്ത് കരസേവ അനുവദി ക്കുന്നതല്ലെന്നും, തർക്കമന്ദിരം കേടുകൂടാതെ സംരക്ഷിക്കുമെന്നും കല്യാൺസിംഗും, അദ്വാനിയും ആവർത്തിച്ചെങ്കിലും തർക്കഭൂമിയിൽ പലയിടത്തും വി.എച്ച്.പി. സഖ്യം ക്ഷേത്രനിർമ്മാണം ആരംഭിച്ചതോടെ മുഖ്യമന്ത്രിയുടെ പ്രധാന അജണ്ട കോടതിയുത്തരവുകൾ മര്യാദയോടെ ലംഘിക്കുക എന്നതാണെന്ന് വന്നു. പിന്നീട് പ്രധാനമന്ത്രിയോട് സഹകരി ക്കുന്നു എന്ന് തോന്നിപ്പിക്കുന്ന വിധത്തിലായിരുന്നു കല്യാൺ സിംഗിന്റെ പെരുമാറ്റം. കാരണം, ഡിസംബർ 6 ന്റെ ലക്ഷ്യത്തിലേക്ക് യു.പി. ഗവൺമെന്റിനെ പിരിച്ചു വിടാ തിരിക്കേണ്ടത് അത്യാവശ്യമായി രുന്നു. സുപ്രീം കോടതിയിലും, കേന്ദ്ര സർക്കാരിന്റെ അനുരഞ്ജന സംഭാഷ ണങ്ങളിലും മതഭ്യംഗമാണെങ്കിലും മദമത്തനല്ലെന്ന മട്ടിൽ കല്യാൺ സിംഗ് മൂളിപ്പറക്കുക യായിരുന്നു. ഇന്ത്യയുടെ പരമോന്നത നീതി പീഠത്തേയും, പ്രധാനമന്ത്രിയേയും മുഖ്യമന്ത്രി പകൽ വെളിച്ചത്തിൽ ചതി ക്കുകയായിരുന്നു. സത്യത്തേയും, നീതിയേയും പരിഹസിച്ച കല്യാൺ സിംഗ് നുണയെ പുണർന്ന മുഖ്യമന്ത്രി യായി മാറി. ഭജ്രംഗ്ദളിന്റെ വിനയ്ക ത്വാരെപ്പോലുള്ള വർഗ്ഗീയ ചെന്നാ യ്ക്കളുടെ കൂടെ ബി.ജെ.പി.യുടെ തീപ്പൊരികളായ സ്വാധി ഋതാംബ രയും, ഉമാഭാരതിയും കൂടി ഡിസം ബർ 6 ലെ പ്രതീകാത്മക കർസേ വയ്ക്ക് നേതൃത്വം നൽകുമെന്ന് ഒന്നു മറിയാത്ത മട്ടിൽ അദ്വാനിയും, ജോഷി യും പ്രഖ്യാപിക്കുന്നതോടെ മതപര മായ തർക്കം എന്നതിൽ നിന്നും മത ഭ്രാന്തും ജനാധിപത്യ നിയമവാഴ്ച യും തമ്മിലുള്ള ഏറ്റുമുട്ടലായി അയോധ്യപ്രശ്നം മാറി.

അയോദ്ധ്യയെ കൂടുതൽ ഭീഷണ മായ ദിനങ്ങൾ ചൂഴ്ന്നു നിൽക്കുവാൻ തുടങ്ങി. രഹസ്യാന്വേഷണ വിഭാഗം യു.പി. ഗവൺമെന്റിനെ പിരിച്ചു വിടണമെന്ന് നിർദ്ദേശിച്ചെങ്കിലും കല്യാൺ സിംഗിന്റെയും, സംഘപരി വാറിന്റെയും വാക്കുകൾ വിശ്വസിച്ച റാവു ഗവൺമെന്റ് കൂടുതൽ സാഹസ ങ്ങൾക്കൊന്നും മുതിർന്നില്ല. കൗശല ക്കാരനായ വേടനെപ്പോലെ ഏറ്റവും നല്ല ഈ അവസരം ബി.ജെ.പി. ശരിക്കും മുതലെടുത്തു. വികാര വിക്ഷുബ്ധമായ ഡിസംബർ 5 ന്റെ വൈകുന്നേരം എന്തും സംഭവിക്കാ മെന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങി. അതെ! ഒരു തുള്ളി ചോരയിൽ നിന്നും ആയിരം ജന്മങ്ങൾ ഉണ്ടാ കുന്ന അന്ധകൻ ജനിക്കുകയായി രുന്നു!! ഡിസം 6 ഉദിക്കുന്നതിനു മുമ്പു കരസേവകരുടെ എണ്ണം ഭയാനക മായി പെരുകി. കാവിപ്പട പോലീസ് സേനയെ നിർവീര്യമാക്കി മാരകാ യുധങ്ങളുമായി വലയവും, വേലിക്കെ ട്ടുകളും തകർത്തു മുന്നേറുന്നതു കണ്ടിട്ടും വർഗ്ഗീയച്ഛായുള്ള യു.പി. ഗവർമെന്റിന്റെ പി.എ.സി. പോലീസ് ഭാഷ്യം, എല്ലാം നിയന്ത്രണ വിധേയമാ

**MUKUNDAPURAM TALUK HOUSING CO-OPERATIVE SOCIETY LTD. R-326, IJK.**

**ADVANCE UPTO RS. 3 LAKHS FOR HOUSE CONSTRUCTIONS, REPAIR PURPOSE AT REASONABLE RATES OF INTEREST**

T.P. THOMAS Secretary C.T. SEBASTIAN President

ണെന്നായിരുന്നു. ജോഷി പറഞ്ഞതു പോലെത്തന്നെ കാര്യങ്ങൾ സംഭവിക്കുകയായിരുന്നു.

ഏകദേശം 12 മണിയായതോടെ മസ്ജിദിന്റെ മൂന്നു താഴികക്കുടങ്ങൾക്കുമുകളിലും വർഗ്ഗീയ വിദ്വേഷത്തിന്റെ ഇരുണ്ട കൈകളിൽ കാവി പതാക പറന്നു പാറാൻ തുടങ്ങി. നിർമ്മലമായൊരാരാധനാലയത്തിന്റെ വിശുദ്ധി തകർക്കപ്പെടുകയായി. നിമിഷങ്ങൾ കൊണ്ട് വിശുദ്ധ സ്തൂപങ്ങളും, സ്തംഭങ്ങളും ധൂളിയായി മാറി. കർസേവകരുടെ അട്ടഹാസങ്ങളും, പ്രഹരശബ്ദങ്ങളുംകൊണ്ട് അന്തരീക്ഷം കൂടുതൽ പ്രകമ്പനം കൊണ്ടു. ഓരോ താഴികക്കുടവും തകർക്കുവാൻ രാമൻ ധൃതിവയ്ക്കുന്നതു പോലെ !! നശീകരണ ശക്തികൾ അതിന്റെ മുഴുവൻ ഭാവനയും പുറത്തെടുത്തപ്പോൾ താഴികക്കുടങ്ങൾ ഓരോന്നും തകർന്നു കൊണ്ടിരുന്നു. ഇവിടെയൊരു മദഗജത്തെപ്പോലെ സ്വാധി ഋതാംബര തകർത്താടുകായായിരുന്നു. 4:49 ന് മൂന്നാമത്തെ താഴികക്കുടവും വീണപ്പോൾ ലോക മതങ്ങളുടെ കാഴ്ച ബംഗ്ലാവായ ഭാരതത്തിന്റെ സംസ്കൃതിയും സുകൃതിയും ഇടിഞ്ഞു പൊളിയുകയായിരുന്നു. ഭാരതത്തിന് ഇന്നുവരെയുണ്ടായിരുന്ന എല്ലാ പുണ്യങ്ങളുടെയും പാരമ്പര്യ കവചമായ മതസഹിഷ്ണുത കേവലം 6 മണിക്കൂറുകൾകൊണ്ട് വെറും നിലത്ത് പൊടിഞ്ഞു തകർന്നു. കാശ്മീരിലും, പഞ്ചാബിലുമല്ല ഇത് നടക്കുന്നതെന്നോർക്കണം. രാജ്യത്തെ ഉത്തരവാദിത്വമുള്ള പ്രതിപക്ഷത്തിന്റെ കൈകളിലായിരുന്നു ഈ മഹാപാതകം.

ബാബ്റിമസ്ജിദിന്റെ മിന്നാരങ്ങൾ പൊളിഞ്ഞു വീഴുമ്പോൾ നരസിംഹറാവു എന്തെടുക്കുകയായിരുന്നു? റാവുവിന്റെ ശ്രദ്ധയത്രയും നിയമപ്രശ്നങ്ങളിലായിരുന്നുവോ? ചാണക്യതന്ത്രങ്ങൾ മുഖമുദ്രയായിട്ടുള്ള റാവു തർക്കമന്ദിരത്തെ പരമോന്നത നീതിപീഠസമക്ഷം കൊണ്ടുവന്നതോടെ നിയമം കൈയിലെടുക്കുകയല്ലാതെ ബി.ജെ.പിയ്ക്ക് വേറെ വഴിയില്ലാതായി. സുപ്രീം കോടതിയേയും, പ്രധാനമന്ത്രിയേയും വഹിച്ചുകൊണ്ട് തങ്ങൾ നൽകിയ ഉറപ്പുകളും സത്യവാങ്മൂലങ്ങളും ഒന്നൊന്നായി ലംഘിച്ച സംഘ്പരിവാറിലെ ഒരു നേതാവിനും ഈ പാപക്കറ കഴുകിക്കളയാനാവില്ല. നീതിപീഠത്തെ ധിക്കരിച്ചുകൊണ്ട് വിവാദകെട്ടിടം തകർത്താൽ അതിന്റെ ഉത്തരവാദിത്വം പ്രധാന മന്ത്രിക്കാവില്ലെന്ന സാങ്കേതികത്വം പുറത്ത് നിൽക്കുന്നുവെങ്കിലും ഈ പാപഭാരം വന്നുവീണത് റാവുവിന്റെ ചുമലിലാണ്. ഡിസംബർ 5 വരെ അയോധ്യയിൽ പ്രശ്നമൊന്നുമില്ലെന്ന കോടതി നിരീക്ഷ കനായ തേജ് ശങ്കറിന്റെ റിപ്പോർട്ട് പ്രധാനമന്ത്രിയുടെ തലവേദനയകറ്റുന്നതായിരുന്നു. പ്രതീകാത്മക കർസേവയ്ക്കുള്ള അനുമതി നൽകിയത് കോടതിയാണ്. പക്ഷേ, ബി.ജെ.പി.യുടെ ഭീകരത നരസിംഹറാവുവിനെയാണ് പരാജയപ്പെടുത്തിയത്. എന്നേയും രാഷ്ട്രത്തേയും അവർ വഞ്ചിച്ചിരിക്കുന്നു എന്നു വിലപിച്ച റാവുവിനെ ചരിത്രം രേഖപ്പെടു

GENTS WORLD GENTS BEAUTY PARLOUR
CATHEDRAL NEW PARISH HALL COMPLEX,
TANA, IRINJALAKUDA, PH : 826181

THANGOOSE ICE CREAM PARLOUR
CATHEDRAL NEW PARISH HALL COMPLEX
Tana, Irinjalakuda, Ph : 826181

ത്തുന്നത് സംഘ്പരിവാറിനാൽ ചതിക്കപ്പെട്ട പ്രധാനമന്ത്രിയായിട്ടാകുമോ? അതോ ബാബ്റി മസ്ജിദ് തകർക്കുന്നതിന് കൂട്ടു നിന്ന തന്ത്രജ്ഞനായ ഭരണാധികാരിയായിട്ടാകുമോ?

ആദ്യഭാഗവും അവസാനഭാഗവും ആടിക്കഴിഞ്ഞു അയോധ്യയിലെ മസ്ജിദ് തകർന്നു വിണിട്ടും പുതി യൊരു സംസ്ക്കാരം എവിടെയും ഉടലെടുത്തിട്ടില്ല. കുറ്റപ്പെടുത്തലുകളും അവകാശവാദങ്ങളും മനം മടുപ്പിച്ച് ഭ്രാന്തരാക്കിയതല്ലാതെ അയോധ്യയൊന്നും തന്നില്ല. ഭാരതത്തിന്റെ മതസാതികതയുടെ ശ്രീകോവിലിൽ കപടച്ചൂത് കളിച്ചതല്ലാതെ ഒരു കാവിവസ്ത്രധാരിയും ശ്രീരാമ ചൈതന്യത്തിന്റെ പ്രതിരൂപമായില്ല. യാഥാസ്ഥിതികതയുടെ ഖരയാനം കടന്നു പോയപ്പോൾ അയോധ്യയെന്ന അക്ഷയനാമം ജലാർത്ഥിയായ തേയുള്ളൂ. വെല്ലുവിളികളും, തിരിച്ചടികളും കാലത്തിന്റെ കണക്കു പുസ്തകത്തിലുള്ളവയാണ്. കാലവും ചരിത്രവും പ്രണയിതാക്കളാണെന്ന് മനസ്സിലാക്കുക. കാലം മുറിവുകളുണക്കുമെങ്കിലും ഒന്നോർക്കുക, അത് ആഘാതങ്ങൾ മറക്കുന്നില്ല. വിധിയെവിടെ കളിക്കുമെന്നറിയാത്തതിനാൽ മൗനിയാവുക. പ്രതിഭാധനനായ പ്രകൃതി പിടിതരാതെ ഒഴിഞ്ഞു മാറുന്നു. സമകാലീന ചരിത്രം മുന്നോട്ട് നീങ്ങുകയാണ്............

***

Maria
THE BIKE HOUSE

NEAR KOONAN SERVICE STATION
CHETTIPARAMBU, IRINJALAKUDA

Dealers in

KINETIC HONDA MARVEL

*With Best Compliments from:*

PANCHARI
Out Door Catering Unit

J.P. TOWER, PRABHATH THEATRE,
NADA - IRINJALAKUDA

*Waits to be your loving Host*

Panchari's mode of working
10 a.m. to 10 p.m.



**ജിനോയ് ജോസ്**

ഒന്നാം വർഷ ബി.എ.
ഫങ്ഷണൽ ഇംഗ്ലീഷ്

# യുദ്ധത്തിന്റെ പരിണതി

“ അതിർത്തികളിൽ വിശ്വസികുന്നവരോട്
ഉറവകളും നക്ഷത്രങ്ങളും സംസാരിക്കുകയില്ല
എനിക്ക് അതിർത്തികളിൽ വിശ്വാസമില്ല
മണൽത്തരികൾക്കുമറിയുമോ
അവർകിടക്കുന്നത് ഏത് നാട്ടിലാണെന്ന് ”

ഒരു യുദ്ധത്തിന്റെ പരിണതി എപ്പോഴും സമാധാനത്തിന് പുറത്തായിരിക്കുമെന്നത് നിസ്സംശയമാണ്. ആസാദ്കാശ്മീരെന്ന ഇരട്ടപേരിട്ടുവിളിക്കുന്ന ഇന്തോ-പാക്കിസ്ഥാൻ യുദ്ധത്തിന്റെ മിനി പതിപ്പുകൾ, ഒരു ജനപ്രിയ സാഹിത്യപുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണം പോലെ, ഇറങ്ങികൊണ്ടിരിക്കുന്നു. സാംസ്കാരികവും സാമൂഹികവുമായ അപകർഷതാബോധവും അതിന്റെ മുരട്ടുസന്താനമായ മുഴുത്ത അസൂയയുമാണ് പാക്കിസ്ഥാനെ (വിശുദ്ധനാട് എന്നാണ് പാക്കിസ്ഥാനെന്ന വാക്കിനർത്ഥം) ഈ 'ജിഹാദെന്ന' വിശുദ്ധ യുദ്ധത്തിന് എക്കാലവും പ്രേരിപ്പിക്കുന്നത്. ഭരണപരമായ അസ്ഥിരതയും, ജനാധിപത്യമൂല്യങ്ങളിൽ നിന്നുള്ള ഉരുണ്ടുമറിയലും അവർക്കീ ഗതി വരുത്തിവച്ചു. മതമെന്ന വിഷംതുപ്പുന്ന വ്യാളിയുടെ താണ്ഡവം പാക് ജനതയെ തീണ്ടിത്തുടങ്ങിയതും അടുത്തകാലത്തൊന്നുമല്ല. അതിന്റെ പ്രത്യാഘാതങ്ങളാണ് ഏറെയും കാശ്മീരിൽ പ്രതിഫലിക്കുന്നത്.

സ്വാതന്ത്ര്യം ലഭിച്ച് ഏറെ നാൾ കഴിയുന്നതിന് മുമ്പേ 1947 ഡിസംബർ 30ന് തന്നെ കാശ്മീർ പ്രശ്നം ഐക്യരാഷ്ട്രസഭയിലുന്നയിക്കാൻ ഇന്ത്യ മുതിർന്നിരുന്നു. തുടർന്ന് ഘട്ടം ഘട്ടമായി നടന്നുവരുന്ന ഈ യുദ്ധപരമ്പരകൾക്ക് വേണ്ടി ഏറെ മാനവവിഭവശേഷി ഇന്ത്യ ദുരുപയോഗപ്പെടുത്തി. കാശ്മീർ പ്രശ്നം അത്രവേഗം പരിഹൃതമാകാൻ ഇരുരാജ്യത്തേയും ഭരണകൂടങ്ങൾക്ക് വിശേഷതാല്പര്യമൊന്നും കാണില്ല. പ്രത്യേകിച്ച് പാക്കിസ്ഥാന്. 'ശരിഅത്ത്' എന്ന പരിപൂർണ്ണ ഇസ്ലാമികവൽകൃതഭരണരീതിയാണ് ഇനിയവിടെ നടപ്പിലാക്കാൻ പോകുന്നത്. എന്നാൽ ഇസ്ലാമാബാദിന്റെ റിലീജിയസ് പ്ലാറ്റ്ഫോം പ്രതീക്ഷിക്കുന്നത്ര ഉറപ്പുള്ളതല്ലെന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. തികച്ചും യഥാസ്ഥിതികമായ രീതിയിൽ പരിശുദ്ധഇസ്ലാമിനെ വികൃതവൽക്കരിച്ച് അതൊരു ദേശീയതയുടെ ശവമടക്കലിന് കാരണമാക്കിയ പാക് അഡ്മിനിസ്ട്രേഷനോട് സിവിലിയന്മാർക്ക് തീരെ പ്രതിപത്തിയില്ല. പുരോഗമനവാദത്തെ അധികാരത്തിന്റെ ഉരുക്കുമുഷ്ടിയുപയോഗിച്ച് അടിച്ചമർത്താനാണ് പാക്കിസ്ഥാൻ ശ്രമിക്കുന്നത്. അതിനാൽ മതമെന്ന മഹത്തായ ചീട്ട് വിലയില്ലാതായിപോയി എന്ന് മറ്റാരേക്കാളും നന്നായി ഷെരീഫിനറിയാം. ഈ പശ്ചാത്തലത്തിൽ പാക് ജനതയെ ഒന്നിപ്പിക്കാൻ ഇന്ത്യാ വിരുദ്ധവികാരമിളക്കുകയെന്ന ഏകവും അനിവാര്യവുമായ പോംവഴിയേ അവർക്കു മുമ്പിലുള്ളൂ. (ഒന്നോർത്താൽ ഭാരതത്തിലെ സമീപകാല ചരിത്രവും വിശദമാക്കിതരുന്ന ചിത്രം ഏതാണ്ടിതേമട്ടുതന്നെയാണ്.) അതിനാൽ കാശ്മീർ പ്രശ്നം പരിഹരിക്കുക എന്നത് പാക് ഭരണത്തിന് അവസാനമാക്കുക എന്നതായിവരുമ്പോൾ അവർക്ക് കാശ്മീർ ആക്രമിക്കാതെ വയ്യ. കാർഗിലിലും ലഡാക്കിലും ബതാലിലും മുജാഹിദിനുകളെ കൂട്ടുപിടിച്ച് യുദ്ധസമാന (war-like) സാഹചര്യങ്ങൾ സൃഷ്ടിക്കാതെ വയ്യ.

എന്നാലിവിടെ ഇന്ത്യയിലോ ? യുദ്ധം ധർമ്മ സംസ്ഥാപനത്തിനാണെന്ന് നമ്മോട് ഇടക്കിടെ പറയുന്ന ഒരു ഭരണകൂടം നമുക്കിവിടെയുണ്ട്. അവരതിന് മഹാഭാരതവും രാമായണവും അടക്കമുള്ള മനുഷ്യോപകാരപ്രദമായ ഇതിഹാസങ്ങൾ വളച്ചൊടിക്കുന്നു. ചോദ്യമിതാണ്. സക്കറിയ പറഞ്ഞതു പോലെ ധർമ്മം വീണ്ടെടുക്കാനാണ് എല്ലാ യുദ്ധങ്ങളും എങ്കിൽ യുദ്ധത്തിനുശേഷം ധർമ്മം എവിടെ

യുദ്ധം
ധർമ്മ സംസ്ഥാപനത്തി
നാണെന്ന് നമ്മോട് ഇടക്കിടെ
പറയുന്ന ഒരു ഭരണകൂടം നമു
ക്കിവിടെയുണ്ട്. അവരതിന്
മഹാഭാരതവും രാമായണവും അടക്ക
മുള്ള മനുഷ്യോപകാരപ്രദമായ
ഇതിഹാസങ്ങൾ വളച്ചൊടിക്കുന്നു.
ചോദ്യമിതാണ്. സക്കറിയ പറഞ്ഞതു
പോലെ ധർമ്മം വീണ്ടെടുക്കാനാണ്
എല്ലാ യുദ്ധങ്ങളും എങ്കിൽ
യുദ്ധത്തിനുശേഷം ധർമ്മം
എവിടെയെങ്കിലും
പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ടോ?

യെങ്കിലും പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ നാമെന്തേ ഇങ്ങനെയായി. ഇങ്ങനെ വരുമ്പോൾ പ്രശ്നം ധർമ്മമോ, ശത്രുവോ, കാശ്മീരോ അല്ല. അതിനപ്പുറത്തെ ചിലതാണ്.

അധിനിവേശശക്തികളുടെ സാമ്രാജ്യത്വതന്ത്രങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഒരു റോളാണ്, ഈ കാർഗിൽ നാടകത്തിലുള്ളത്. മൂന്നാം കക്ഷിയെന്ന കയ്പുനീർ താൻ കുടിക്കില്ലെന്ന് വാജ്പേയി ഇടക്കിടെ നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ജി-8 രാഷ്ട്രങ്ങളും, അമേരിക്കയും പാക്കിസ്ഥാനോട് നിയന്ത്രണ രേഖ മാനിക്കാനാവശ്യപ്പെട്ടപ്പോൾ ഡൽഹി മൊത്തം ആനന്ദത്തിലാറാടിപ്പോയി. നയതന്ത്രതലത്തിലെ സുപ്രധാന നേട്ടമായി പലരുമിതിനെ കണ്ടു. എന്നാൽ ഭാരതത്തെ അമ്പതാണ്ടുകൾക്കു മുമ്പ് വിട്ടൊഴിഞ്ഞ സാമ്രാജ്യത്ത്വഭൂതം അന്നുവരഞ്ഞിട്ട മുറിവാണ് ഇന്നും പഴുത്ത് വിങ്ങുന്നത്.

ഏതൊരു ഭരണകൂടത്തിനും അഭിമാന പ്രശ്നമായിതീർന്ന ഒന്നാണ് അതിർത്തിതർക്കം. വെറും പാഴ്ചിലവിനു മാത്രമുതകുന്ന തുച്ഛം ഗിരിശൃംഗങ്ങളോ, മരുപ്രദേശങ്ങളോ എന്തുമാകട്ടെ ഈ സ്ഥലമൊരു തർക്കമായാൽ എത്ര രക്തം ചൊരിഞ്ഞും എത്ര ധനം ധൂർത്തടിച്ചും ഭരണാധികാരികൾ ഇത് നിലനിർത്താൻ ശ്രമിക്കും. സാമൂഹികമായി ഒരളവെങ്കിലും സുസ്ഥിതമായ രീതിവിന്യാസമുള്ള ഒരു ഭരണകൂടത്തിനെ അന്തച്ഛിദ്രങ്ങളിലേക്ക് തള്ളിവിടാൻ ഈ ഭൂമി പ്രശ്നം ധാരാളം മതിയാകും. സാമ്രാജ്യത്വ കുത്തകകൾക്ക് നന്നായറിയാവുന്ന ഈ അടവ് അവർ തങ്ങളുടെ കൈപ്പിടിയിലൊതുങ്ങാത്ത രാഷ്ട്രങ്ങളുടെ മേൽ പ്രയോഗിക്കാറുണ്ട്. ഇതിനെയാണ് ജിയോ-പൊളിറ്റിക്കൽ തന്ത്രം എന്ന് പറയുന്നത്. ലോകത്തിലെ എല്ലാ മൂന്നാം ലോകരാഷ്ട്രങ്ങളിലും ഈ തന്ത്രം ഏറെ ഫലപ്രദമായിതന്നെ പ്രയോഗിക്കപ്പെടുന്നു. എത്യോപ്യ, എറിട്രിയ, യൂഗോസ്ലാവ്യ, ഇന്ത്യ, തുടങ്ങി........ ഒരുപക്ഷേ ഇവിടെ, വംശീയ വൈരുദ്ധ്യമാവാം കാരണം. എന്നാലും തന്താങ്ങളുടെ വംശങ്ങൾക്ക് സ്വന്തമായിട്ടൊരു ഭൂപ്രദേശം വേണമെന്നാണല്ലോ കലാപകാരികൾ വാദിക്കുക.

അമ്പതുവർഷം മുമ്പ് ഇന്ത്യയെ വിട്ടൊഴിഞ്ഞ (?) കൊളോണിയൽ മേധാവിത്വം ഇന്ന് പുതിയരൂപത്തിൽ തിരിച്ചെത്തുകയാണ്. 1947ൽ ചെയ്ത ഒരു പ്രസംഗത്തിൽ ഡോ. എസ്. രാധാകൃഷ്ണൻ ഇപ്രകാരം പറഞ്ഞു. "From 1600, Englishmen have come to this country-priests, nuns, merchants and adventurers, diplomats, and statesman, missionaries and idealists............." അദ്ദേഹം പറഞ്ഞ വാക്കിന് ഇന്ന് പ്രസക്തിയുണ്ട്. കൊളോണിലിസം ഇന്നും വരുന്നത് ഇപ്പറഞ്ഞ മാർഗ്ഗങ്ങളിലൂടെയൊക്കെ തന്നെയാണ്. വൻ മാർക്കറ്റുകളിലൂടെ, കുത്തക വ്യാപാരികളിലൂടെ, നയതന്ത്രജ്ഞരിലൂടെ (സ്ട്രോബ് ടാൽബട് മാത്രമല്ല......) അങ്ങനെ......... അദ്ദേഹം തുടരുന്നു.... "They tried to increase the disunity in the country, made the country weaker and more disunited". സാമ്രാജത്വം എക്കാലവും അനുവർത്തിച്ചുപോരുന്നതിതാണ്. ഒരു രാഷ്ട്രത്തിൽ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും ആശയപരവുമായ താളക്കുഴപ്പങ്ങൾ സൃഷ്ടിച്ച്, ആഭ്യന്തര കുഴപ്പങ്ങൾ ഉയർത്തിവിട്ട്, സാംസ്കാരിക വെട്ടിനിരത്തൽ നടപ്പാക്കി, പതിയെ കയ്യടക്കുക. ഒരു പക്ഷേ ഭരണം, നാം കരുതുന്നതുപോലെ അവർ കൈയാളില്ലായിരിക്കും. (അതിനും സാധ്യത കുറവൊന്നുമില്ല) എന്നാൽ ബാർബിപ്പാവകളാകുന്ന നമ്മുടെ ഭരണകൂടം, പാശ്ചാത്യ മേൽക്കോയ്മകളുടെ പിണിയാളുകൾ ആയിമാറുന്നു.

ഇതിൽ ഭരണകൂടത്തിന് അഥവാ ഭരണയന്ത്ര സാരഥ്യം നിക്ഷിപ്തമായിരിക്കുന്ന വ്യക്തികൾക്ക് ഏറെയും ലാഭമേ കാണൂ. ഇപ്പോൾ പാക്കിസ്ഥാനിൽ തന്നെ നവാസ് ഷെരീഫ് ഏഷ്യയിലെ തന്നെ ഒരു പ്രമുഖ പഞ്ചസാര നിർമ്മാണ കയറ്റുമതി കമ്പനിയുടെ ഉടമയാണ്. കാർഗിൽ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽപോലും ഷെരീഫ് തന്റെ പഞ്ചസാരകയറ്റു മതി അതും ഇന്ത്യയിലേക്കുള്ളത്, നിർത്തിവച്ചിട്ടില്ല. യുദ്ധം നീണ്ടാലും, നിന്നാലും ഷെരീഫിന് വലിയ നഷ്ടമൊന്നുമില്ല- അതേപോലെ ഇന്ത്യയിലും - ഒരുരൂപ മുതൽ ഒരു കോടി വരെ വാങ്ങുന്നവരിവിടെയും ഉണ്ടല്ലോ.

അടുത്തത് ഒരു രാഷ്ട്രത്തിലെ ഭരണകൂടത്തിന് അതിന്റെ ദുർനടപടികളോ അതിനകത്തെ ആഭ്യന്തരകുഴപ്പങ്ങളോ മൂലം അധികാരം കൈവിട്ട് പോകുമ്പോൾ എടുത്ത് വീശാനുള്ള ഏറ്റവും നൂതനവും ഫലവത്തുമായ മാർഗ്ഗമാണ് ദേശസ്നേഹം. അങ്ങനെ വളരുമ്പോൾ ക്രിക്കറ്റിനെ മിനി വാർ ആയികാണാതെ വിനോദം മാത്രമായി കാണുന്നവന് രക്ഷയില്ല ! അവൻ രാജ്യദ്രോഹിയാവുന്നു. യുദ്ധത്തെ എതിർത്താലും തഥൈവ.


കാശ്മീർ അതിർത്തിയിൽ തർക്കം പുതുതല്ലെന്ന് പറഞ്ഞല്ലോ. അതിനാൽ അതിർത്തിയിൽ നടക്കുന്ന ഓരോ സംഭവത്തിലും സുരക്ഷാ ഉദ്യോഗസ്ഥരുടെ കണ്ണുണ്ടായിരിക്കേണ്ടതാണ്. എന്നാൽ ജനുവരി മുതൽ ആരംഭിച്ച കാർഗിൽ നുഴഞ്ഞുകയറ്റം (ഇപ്പോഴും നാം പറയുന്നത് മാർച്ച് - ഏപ്രിലെന്നാണ്) മെയ് അവസാനമേ നാമറിഞ്ഞുള്ളൂ. Research and analysing wing എന്ന റോ (RAW) ചൊറിയും കുത്തിയിരുന്നപ്പോൾ ഏതോ ഒരാട്ടിടയനിൽനിന്നാണ് നാമറിയുന്നതെന്നത് എത്ര ഭീകരമാണ് ? മെയ് 26ന് ഓപ്പറേഷൻ വിജയ് ആരംഭിച്ച് ഏതാണ്ട് ഒന്നര മാസത്തോളം ശതകണക്കിന് കോടി രൂപ ചെലവഴിച്ച് നൂറുകണക്കിന് ധീരജവാന്മാരെ ബലികൊടുത്ത് നാമെന്തു

നേടി? കാശ്മീർ പ്രശ്നം അന്താരാഷ്ട്രവൽക്കരിക്കുക എന്ന ലക്ഷ്യം തടഞ്ഞതോ? നിയന്ത്രണരേഖ തിരിച്ചുപിടിച്ചതോ?

മൂന്നാം കക്ഷിയിടപെടലിനെ എതിർത്ത നമുക്ക് ക്ലിന്റൺ ഉചിത മറുപടി തന്നു. കാശ്മീർ പ്രശ്നത്തിൽ ക്ലിന്റനുമായുള്ള ചർച്ചയെതുടർന്ന് പിന്മാറാമെന്ന ഷെരീഫിന്റെ സമ്മതം എന്താണു സൂചിപ്പിക്കുന്നത്? തെക്കുകിഴക്കനേഷ്യയിൽ അമേരിക്കക്ക് ഒരു സൈനിക താവളം ആവശ്യമാണ്. കാശ്മീർ ഇന്ത്യയെ സംബന്ധിച്ച് ഭരണഘടനയുടെ 370 ഭാഗം പ്രകാരം പ്രത്യേക വിഭാഗമാണ്. അതിനാൽ സ്വതന്ത്ര പദവി അഭിലഷിക്കുന്ന ഒരു വിഭാഗം ജനങ്ങളുടെ മനുഷ്യാവകാശ പ്രശ്നമായിട്ടാണ് പാക്കിസ്ഥാൻ കാശ്മീരിനെ അന്താരാഷ്ട്രതലത്തിൽ ഉയർത്തിക്കാണിച്ചത്. സംഭവം അതല്ലെന്ന് നമുക്കറിയാം. എന്നാലവർക്കോ ഇതൊരു ഉഭയകക്ഷിപ്രശ്നമാണെന്ന് ഇന്ത്യ ആണയിടുന്നുണ്ടെങ്കിലും ആരുമത് മുഖവിലക്കെടുക്കുന്നില്ല. ഇതേ കാരണത്താൽ അചിരേണ അമേരിക്കക്ക് നിസ്സാരമായി ഇതിലിടപെടാനാകും. കാശ്മീർ പ്രശ്നം ഇപ്പോൾ ഏതാണ്ട് അന്താരാഷ്ട്രവൽക്കരിക്കപ്പെട്ടു കഴിഞ്ഞ നിലക്ക് നമുക്ക് മുമ്പിലുള്ള ഏക വഴി ഇതാണ് - 'എത്രയും വേഗം കാശ്മീർ പ്രശ്നം പരിഹരിക്കുക'. വിട്ടുവീഴ്ചകൾ ധാരാളമുണ്ടാകട്ടെ. വിശ്വനാഥന്മാരുടെ ചോരക്കും പാക്കിസ്ഥാനിലെ മുഹമ്മദുമാരുടെ ചോരക്കും ഒരേ നിറമാണല്ലോ. അല്ലാത്തപക്ഷം അതിന് ഇന്ത്യ നൽകേണ്ട വില അതിഭീകരമായിരിക്കും. ആണവ ക്ലബ് മെമ്പർമാരുടെ വഴി എന്തായാലും നിസ്സാരമാവില്ല. കൂടാതെ സംസ്ഥാനങ്ങളിൽ ഐ.എസ്.ഐ. പ്രേരിത അട്ടിമറിയും ക്രമസമാധാന ഭംഗവും ഉണ്ടാകാനിടയുണ്ടെന്ന് വാജ്പേയി തന്നെ സമ്മതിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതെന്തായാലും ക്രിക്കറ്റ് പോലെയല്ല. ഇനിയുമിത് നീളുകയാണെങ്കിൽ ഒരു അരാജകരാഷ്ട്രത്തോട് മല്ലടിച്ച് നമ്മുടെ സമ്പത്തും സമൂഹവും താറുമാറാകും. ഒടുവിൽ കൊളോണിയൽ ശക്തികൾക്ക് തേരോട്ടം നടത്താനുള്ള അഭിനവ കുരുക്ഷേത്രമായി നമ്മുടെ നാട് മാറും.

"സത്യം ചെരിപ്പിടാൻ തുടങ്ങുമ്പോഴേക്കും നുണ ലോകത്തിന്റെ പകുതി ഭാഗം സഞ്ചരിച്ചുകഴിഞ്ഞിരിക്കും" - എന്ന് ആരോ പറഞ്ഞിട്ടുണ്ട്. സത്യമെന്താവാം? "ദൈവം സത്യം കാണുന്നുണ്ട്. അദ്ദേഹം കാത്തിരിക്കുന്നു" - എന്നാണ് ലിയോ ടോൾസ്റ്റോയ് പറഞ്ഞത്. അനശ്വരനായ ദൈവത്തിന് കാത്തിരിപ്പൊക്കെയാവാം. എന്നാൽ ഇന്നോ നാളെയോ എന്നു കരുതുന്ന നമുക്കോ?

❂ ❂ ❂

prism

technologies

(Training division of neuron infonet Pvt. Ltd.)

Pozholiparambil Complex, Trichur Road, Tana - Irinjalakuda

Ph : 826364

THE FUTURE IS HERE

*Prepares you for*

BEYOND 2000



Renjith C

IInd B.Com.

# Risk Aspects in Agricultural Credits

Lending in any form, involves the taking of risk. Agricultural business is a very specialised form of business and financing this business means getting exposed to certain special types of Risks.

Long term, medium and short term credit is required either for maintaining or expanding the farm business. Most farmers find it difficult to finance their ventures from their own resources. While the lenders are not interested in lending, due to the uncertainty of re-payment. Prompt repayment will be ensured only if the venture is successfull. The lender must therefore have sufficient knowledge, regarding agricultural operation to be able to estimate its viability. Upon this estimate, lies the decision of whether or not to lend.

Risks in farm Business

The farm Business sector is facing various types of risks and one of such risks is the 'Production Risk'. It refers to the variation in the expected level of production. This may be due to various reasons such as adverse climatic conditions, the attack of pests etc. These factors even make highly profitable agriculture run at a loss.

Another risk is fluctuation in the prices of farm commodities. This may be due to the production of substitute crops or due to variations in the tastes of the consumer. They affect directly the price of products variation in the prices of seed grains fertilizers etc. can also cause prices to fluctuate.

Another risk related to agriculture is the technological risk. The rate of change of technology has given rise to uncertainly. A farmer may adopt a new method of production, but before long a much better method may have developed making his mode of production old. As they are unable to adopt new methods of production, the small farmers find it difficult to compete with the farmers who adopt new methods and the latest techniques and finally they become unable to produce higher yields or to reduce costs and their profits and they are unable to repay the loans taken.

Another type of risk in the agricultural sector is the over-dependence on certain persons in farming. When these cracial persons are away or becomes ill productions will be adversely affected. As a result, the farmers can not gain profits and repay the loan taken.

The impact of natural events such as fire, flood, drought etc also directly affects the farm business. Lastly, there are some risks caused by the action of others which may directly or indirectly affect the production and profitability of an agricultural concern. If the farm is rented, the decisions of the land lord may affect the business. Law suits are yet another problem for farmers. Compensation payout for accidents, which are caused by their livestock which stray into

public roads etc. are often high, causing substanstial reduction in profits and affects the repaying capacity.

Bearing these risks in mind lenders are unwilling to finance agriculture. But many of the above said risks can be reduced to a large extent.


To reduce fluctuation in prices of products, farmers can store their surplus products in godowns or in ware houses. Most of the natural risks can be covered by insurance and also the key persons required for farming can be insured against illness and injury. Diversification is another method to reduce risks. Different crops or live stock which are not affected by the same kind of hazards should be cultivated. Farmers can also reduce risk by incorporating flexibility into the business.

If farmers take precautions to reduce losses, more and more lenders will be willing to lend money. A prudent lender must be aware of the risks and the techniques to reduce them, before being able to evaluate the chances of getting his funds back from the agricultural borrower. A credit analysis which does not incorporate the additional risks associated with the farm business would be grossly incomplete and would be of little use to the lender.

*With best Compliments from :-*

**MURUGAN TEXTILES**

**TEMPLE ROAD, NADA, IRINAJALAKUDA.**




CLASSIC SANITARY Emporium


CLASSIC TOWER, NEAR ST. JOSEPH COLLEGE
IRINJALAKUDA, Ph : Off. 820885 ,Mobile : 98460 - 20885

Dealers in : Parryware

CASCADE sanitary wares, ceramic Design Tiles, Nitco, Pedder,- Spartek & Kajaria Tiles, Juguar & C.P. Bathroom Fittings, Sink & Acrylic Bath Tubs, Johnson Water Heaters,G.I. & P.V.C. Pipes & Fittings.



# CRONY CAPITALISM & GLOBAL RECESSION



Vinod D. Menon

IInd B.Com.

Capital investment or capital inflow is the life blood of an economy without which an economy cannot survive. As the capital inflow is important, its direction to proper channels carries utmost importance. As the direction of capital is important, misdirection is some what similar to cancer. And 'Croney Capitalism' is an example for the mis-direction of capital.

'Crony capitalism' means lending or diverting loans or capital to unproductive channels based purely on personal considerations. As capital is the life injecting element of an economy, it should be handled properly. Otherwise it will cause deadly consequences to an economy.

Capital investment is the core of an economy. There may be two types of capital investments - domestic, as well as foreign investments. Foreign capital will usually be in the form of foreign direct investments (FDI). In majority of cases FDI forms the core of the capital structure of developing nations, a major portion of which reaches the public sector or nationalised banks. They distribute this capital in the form of loans & advances to the local or domestic industries or business houses. At this distribution stage ' Crony Capitalism' begins to function. There will be some prominent political or influential leaders and they will direct these banks to advance loans to his or her relatives, friends etc. for his own benefit. The banks or financial authorities have no other option but to follow these directions. Then they will grant loans & advances to them, irrespective of their financial standing or credit worthiness.

Then these debtors will make default on the payment of interest on loans & repayment of loans. This will amount to bad debts" Like this there will be numerous transactions. After each transaction the non- performing Assets (NPA) of these banks will go up. And Suddenly there will be a collapse of the whole banking structure. Due to the sudden collapse of the banking structure . Investors confidence will be losts a result, the capital inflow in to the country will be cease. Scarce availabiltiy of funds will cause stoppage of business, loss of employment and ultimately, an economic slow down.

The economic turmovil of one country will cause economic slow down in other countries also, as the economies are inter related. And this general slow down in developing countries will lead to a world Global Recession.

## Present economic Turmoil / Recession

The world is now on an economic slow down, as a result at South-East.Asian Financial 'crisis'. The 'Economic Tigers' of 1990 has now become economic cats. The so called 'Economic Tigers' ie. South Korea, Indonesia, Singapore, Thailand & Malasia were some of the worst hit countries. This was followed in the countries- Russia, Japan, China, Fong Kong & even to U.S.A. to some extent.

## Cause of Recession

The global recession started from South-East Asian countries, and its root cause was Crony Capitalisam. There was free flow of capital in these countries , but it was highly mis-used (crony capitalism). Weak banks, highly indebted companies, imperious bureucrats, politicians who promoted bad debts, Exchange rate fluctuation etc. caused these economies to fail.

This small economic phenomenon caused such a great disaster like Global Recession. There fore proper direction of capital to productive ventures is as important as mobilisation of capital.

As such, financial authorities should think twice before landing loans or making investments. The banks & finance companies should therefore fix & implement rigid economic crtiteria for granting loans & advances ie..........

1.Principle of Liquidity

2. Principle of Safely

3.Principle of Profitability

# നാനാത്വത്തിൽ ഏകത്വം:
## ഒരു മിഥ്യാ സങ്കല്പമോ ?



**ലിന്റോ ജോസഫ്**
ഒന്നാം വർഷ പി.ഡി.സി.

'നാനാത്വത്തിൽ ഏകത്വം' എന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ഭാരതത്തിൽ യഥാർത്ഥത്തിൽ ഏകത്വം ഉണ്ടോ എന്ന് സംശയിച്ചുപോകുന്ന കാലം ആസന്നമായിരിക്കുന്നു. അതിനെ കുറിച്ച് നമുക്ക് വിചിന്തനം ചെയ്തു നോക്കാം.

ഇന്ന് പണമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ മനുഷ്യനും ദിനങ്ങൾ തള്ളിനീക്കുന്നത്. ഇന്ത്യയിലെന്നല്ല. ലോകമെമ്പാടും മനുഷ്യൻ സ്വാർത്ഥ തൽപരനായിരിക്കുകയാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു മതിൽ കെട്ടിനകത്ത് ഒതുങ്ങിക്കൂടി നടക്കുന്ന പ്രകൃതമല്ല ഉള്ളത്. ശാസ്ത്രസാങ്കേതിക രംഗത്തും ആശയവിനിമയ രംഗത്തും വന്നിരിക്കുന്ന അഭൂതപൂർവ്വമായ വളർച്ച അവനെ ഏതൊരു പ്രതിസന്ധിയും നേരിടാൻ പ്രാപ്തനാക്കുന്നു. ഇന്ന് അവനൊരു പ്രത്യേക ജനസമൂഹത്തിന്റെ മാത്രം അംഗമല്ല, മറിച്ച് ലോകത്തിലെ ഒരു അംഗമാണ്. ഇതുകൂടി കണക്കിലെടുത്ത് വേണം നമുക്ക് 'നാനാത്വത്തിലെ ഏകത്വം' നോക്കി കാണാൻ.

നമുക്ക് നമ്മുടെ രാഷ്ട്രത്തിന്റെ കാര്യം നോക്കാം. ജനസംഖ്യയിൽ വളരെ മുന്നിൽ നിൽക്കുന്ന ഭാരതത്തിൽ പകുതിയിലധികം പേർ നിരക്ഷരരാണ്. 70% ത്തോളം പേർ ദാരിദ്ര്യരേഖക്കു താഴെയും. സാധാരണക്കാർ ജീവിക്കുവാൻ കഷ്ടപ്പെടുമ്പോൾ ദിനംപ്രതിയുള്ള ഈ വർദ്ധനവ് ഏറെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. നമ്മുടെ ഐക്യത്തെപ്പറ്റി പറയുമ്പോൾ ഇതു കൂടി ഉൾപ്പെടുത്താതിരിക്കാൻ കഴിയില്ല.

ഏകത്വം അതിന്റെ ഉച്ചസ്ഥായിയിലെത്തുമ്പോൾ ദേശായോദ്ഗ്രഥനം എന്ന സങ്കല്പം കടന്നു വരുന്നു. ഏകത്വത്തിനൊപ്പം നാനാവിധത്തിലുള്ള വളർച്ചയും കൂടിച്ചേർന്നാലേ ദേശീയോദ്ഗ്രഥനം പൂർത്തിയാകൂ. വളർച്ചയും ഏകത്വവും പരസ്പര ധാരണയിലൂടെ അകത്തുനിന്നും പുറത്തേക്കു വന്നാൽ മാത്രമേ ദേശീയോദ്ഗ്രഥനം എന്ന സങ്കല്പം പൂർണ്ണമാകൂ.

ദേശീയോദ്ഗ്രഥനത്തിന് വിഘാതമായി നിൽക്കുന്ന കാര്യങ്ങളെന്തൊക്കെയാണെന്ന് നോക്കാം. ഒന്നാമതായി സ്വാർത്ഥത. സ്വാർത്ഥത ദേശീയബോധത്തിന് വിഘാതമായി പ്രവർത്തിക്കുന്നു. അതിനാൽ നാം സ്വർത്ഥതാല്പര്യം തീർച്ചയായും ഉപേക്ഷിക്കുക തന്നെ വേണം. ഉദാഹരണത്തിന് റഷ്യയിൽ കമ്മ്യൂണിസത്തിലൂടെ കൈവന്ന ഐക്യബോധം സ്വാർത്ഥതാല്പര്യം ഉടലെടുത്തതോടെ നശിക്കപ്പെട്ടു.

ഭൂരിഭാഗം ആളുകളിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ് ഏകത്വത്തിനെതിരായി നിൽക്കുന്നതെങ്കിൽ മറുഭാഗത്ത് സ്വന്തം സൗകര്യത്തിനും സുഖത്തിനും വേണ്ടി പ്രവർത്തിക്കാനായുള്ള മനസ്സിന്റെ ത്വരയാണ് വിലങ്ങുതടിയായി നിൽക്കുന്നത്. ഈ രണ്ടുകൂട്ടരും പരിമിതികൾ മറന്ന് ഒന്നായാൽ മാത്രമേ നമുക്ക് നമ്മുടെ രാഷ്ട്രത്തെ പുരോഗതിയിലേക്ക് നയിക്കാൻ സാധിക്കൂ.

മറ്റൊരു പ്രധാനപ്പെട്ട കാര്യം വിദ്യാഭ്യാസമാണ്. സമൂഹത്തിന്റെ പൊതുവായ വളർച്ചയാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കേണ്ടത്. എന്നാൽ ഇപ്പോഴത്തെ കാര്യം തീർത്തും വിഭിന്നമാണ്. യാഥാർത്ഥ്യത്തിൽ വിദ്യാഭ്യാസം മുതൽക്കൂട്ടാകുന്നതിനു പകരം ഒരു ശാപമായിരിക്കുകയാണിവിടെ. അതിനാൽ അതിന് ത്വരിതമായ പരിവർത്തനം അഥവാ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. സ്വന്തം കടമ നിർവ്വഹിക്കാൻ ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസം വ്യക്തിക്ക് പ്രചോദനം നൽകുന്നില്ല, മറിച്ച് സമൂഹത്തെ ചൂഷണം ചെയ്യാൻ പ്രാപ്തനാക്കുന്നു. ഈ ദയനീയ സ്ഥിതി മാറ്റി രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരാളാക്കി ഓരോ വ്യക്തിയേയും മാറ്റിയാലേ ഇന്നത്തെ വിദ്യാഭ്യാസത്തിനു പ്രസക്തിയുണ്ടാകൂ.

ദേശീയോദ്ഗ്രഥനത്തിന്റെ പാതയിലുള്ള മറ്റൊരു ശാപമാണ് അഴിമതി. അഴിമതിയുടെ കാര്യങ്ങളിൽ ലോകത്തിൽ ആദ്യത്തെ പത്തു സ്ഥാനങ്ങളിലൊന്നിൽ ഇന്ത്യയുണ്ടെന്നത് നമുക്ക് 'അഭിമാനിക്കാനുള്ള' വക നൽകുന്നു. നമ്മുടെ ഭരണാധികാരികളെയാണ് നാം ഇതിന് സ്തുതിക്കേണ്ടത്. മുമ്പ് അഴിമതിയില്ലാത്ത രാഷ്ട്രീയം ഒരു വ്രതമായിക്കണ്ടിരുന്നവർ ഇന്ന്

അഴിമതിയുള്ള രാഷ്ട്രീയം വ്രതമാക്കിയെടുത്തിരിക്കുന്നു. അതിനാൽ ഏകത്വം പോയി സ്നേഹം എന്നൊരു വാക്കുകൂടി നമുക്ക് സങ്കല്പിക്കാൻ കഴിയാതായി വരുന്നു. എല്ലാ രാഷ്ട്രീയ കക്ഷികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഈ സ്ഥിതി മാറ്റാനാകൂ.

നമ്മുടെ രാജ്യത്ത് അനൈക്യത്തിന് പ്രധാനമായും വഴിയൊരുക്കിയിരിക്കുന്നത് മതമാണെന്ന കാര്യം മറന്നുകൂടാ. ഒരുമയോടെ കഴിഞ്ഞിരുന്ന ഇന്ത്യയും പാക്കിസ്ഥാനും രണ്ടു ചേരികളിലാകാനുള്ള കാരണവും ഇതു തന്നെ. നാം നമ്മെ ഒരു വർഗ്ഗീയ ശക്തിക്കും ഭരിക്കാൻ വിട്ടുകൊടുത്തുകൂട. മറ്റു മതങ്ങൾ അടിച്ചേൽപ്പിക്കുന്ന യാതൊരു പ്രവൃത്തിക്കും നാം ആരേയും അനുവദിക്കുകയുമരുത്. അല്ലെങ്കിൽ ഇന്ത്യ ഒരു മതേതര രാഷ്ട്രമാണെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണ് ഉള്ളത് ?. അതിനാൽ ജാതി, മതം, തുടങ്ങിയ ബന്ധങ്ങളെ നാം പൊട്ടിച്ചെറിയേണ്ടതാണ്.

അസൂയയാൽ ബന്ധിക്കപ്പെട്ടുകിടക്കുന്ന മനുഷ്യന് ഒരിക്കലും ദേശീയോദ്ഗ്രഥനം എന്ന വാക്ക് സങ്കല്പിക്കാൻ കൂടി കഴിയുന്നില്ല. ഒരുവൻ നന്നാവുന്നതിന് അപരൻ തടസ്സം നിൽക്കുന്നതും അതുകൊണ്ടാണ്. അങ്ങനെയെങ്കിൽ നമുക്ക് ദേശീയോദ്ഗ്രഥനം സങ്കല്പിക്കാൻ കൂടി പറ്റുകയില്ല.

ഒരു വ്യക്തിയുടെ അഭിവൃദ്ധി സമൂഹത്തിന്റെ കൂടി അഭിവൃദ്ധിയാണ്. സമൂഹത്തിന്റെ അഭിവൃദ്ധിയാണെങ്കിൽ രാഷ്ട്രത്തിന്റെ അഭിവൃദ്ധിയിലേക്ക് നയിക്കുന്നു. ആ നിലയിൽ ഓരോ പൗരനും തന്റെ സമൂഹം വഴി രാഷ്ട്രാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്. അഴിമതി, സ്വാർത്ഥത, മതം തുടങ്ങിയ ചങ്ങലകളുടെ ബന്ധനം പൊട്ടിച്ചെറിയുകയും വേണം. ഈ കാര്യം ഓരോ പൗരനും സ്വന്തം ജീവിതത്തിൽ പ്രവർത്തിച്ചാൽ ദേശീയോദ്ഗ്രഥനം എന്ന വിദൂരമായ സങ്കല്പം നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുകയും ചെയ്യും.


CHITRA STUDIO

18/312, MUNICIPAL BUILDING, THRISSUR ROAD, IRINJALAKUDA
Ph : 0488-823031

J. K. Motors

NEAR KOONAN SERVICE STATION
CHETTIPARAMBU, IRINJALAKUDA - 680 121, KERALA

KINETIC HONDA & MARVEL
Sales & Service

Authorised Workshop for
KINETIC HONDA & MARVEL
Contact : 822684

# കേരളീയ കലകൾ




**വിനോദ് കുമാർ സി.**


ഒന്നാം വർഷ ബി.എ.
എക്കണോമിക്സ്


ഭരതമുനിയുടെ നാട്യശാസ്ത്രം വിരചിതമാകുന്നതിനു മുമ്പ് തന്നെ ഭാരതീയ കലാരൂപങ്ങൾ ജനജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കണം. ജീവിതത്തിലെ വിരസമായ ചർച്ചകളിൽ നിന്നുള്ള മോചനം കലാരൂപങ്ങളിലൂടെയാണ് നടത്തിവരുന്നത്. ആരാധനാലയങ്ങളിലും ധന്യമുഹൂർത്തങ്ങൾ ആഘോഷിക്കുന്നതിനു വേണ്ടിയും രണ്ടുവിധത്തിലുള്ള കലാരൂപങ്ങളാണ് പ്രാചീനകാലത്ത് നിലനിന്നിരുന്നത്. അനുഷ്ഠാനകലകളും സംസ്കൃത കലാരൂപങ്ങളും ദേവതാ പ്രീതിക്കായി നടത്തിവന്നിരുന്ന പല അനുഷ്ഠാനങ്ങളും കാലക്രമേണ പുതിയ കലാരൂപങ്ങളായി മാറി. ആഘോഷ വേളകളിലെ പാട്ടും നൃത്തവും ഇതര കലാരൂപങ്ങൾക്ക് വഴിയൊരുക്കി. ഈ സാഹചര്യത്തിലായിരിക്കണം ഭാരതത്തിൽ വിവിധ കലാരൂപങ്ങൾ നിലവിൽ വന്നത്. ഇന്നു നാം കാണുന്ന രീതിയിലായിരുന്നില്ല അവ അവതരിപ്പിച്ചു വന്നിരുന്നത്. ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നീ നാലു വിധത്തിലുള്ള അഭിനയ സമ്പ്രദായത്തിന് വിവിധ കാലങ്ങളായി സംഭവിച്ചുവന്നിരുന്ന മാറ്റങ്ങളാണ് വിവിധ കലാരൂപങ്ങളെ നാം ഇന്ന് കാണുന്ന വ്യവസ്ഥയിലേക്ക് എത്തിച്ചത്.

ഈ രീതിയിൽ പരിശോധിക്കുമ്പോൾ കലയുടെ വേരുകൾ ചെന്നെത്തി നിൽക്കുന്നത്. ഭാരതീയ സംസ്ക്കാരത്തിൽ തന്നെയാണ്. പ്രാചീന ഭാരതത്തിലെ ആരാധന സമ്പ്രദായത്തിൽ "മാതൃ-ദേവതയെ" പൂജിക്കുന്നതായി പ്രസ്താവിക്കുന്നുണ്ട്. കാളി പൂജയ്ക്ക് ഭക്തർ നടത്തുന്ന നൃത്ത പ്രകടനവും ശബ്ദഘോഷങ്ങളും നാടോടി നൃത്ത സമ്പ്രദായമായി പരിണമിക്കുകയും ഈ നൃത്തത്തിനുപയോഗിച്ച ഗാനവും വാദ്യവും പുതിയ ഒരു സംഗീത മേഖല സൃഷ്ടിക്കുകയും ചെയ്തു. ഭാരതത്തിലെ ആദിഗ്രന്ഥമായ സാമവേദത്തിൽ ഈശ്വരാരാധനക്കുള്ള സംഗീതത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ആദി ദേവനായ ശിവനെ "നൃത്തനാഥ"നായും ആരാധിച്ചുപോരുന്ന ഭാരതത്തിൽ കല ജീവിതത്തിന്റെ ഭാഗമായി തന്നെ ഗണിക്കേണ്ടിവരും. ഭാരതീയ കലാരൂപങ്ങളുടെ വ്യത്യസ്തത തന്നെ അതിനെ ഇതര ദേശകലകളിൽ നിന്ന് വേർതിരിക്കുന്നു. കാലദേശഭേദങ്ങൾക്കനുസൃതമായി ഭാരതത്തിൽ വിവധ കാലങ്ങളായി വിവിധ കലാരൂപങ്ങൾ ഉടലെടുക്കുകയുണ്ടായി. അപ്രകാരം തന്നെ നമ്മുടെ കേരളത്തിൽ ഉണ്ടായതും ഇവിടെ വളർന്ന് വികസിച്ചതുമായ നാല് കലാരൂപങ്ങളെ കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്.

### മോഹിനിയാട്ടം

കേരളത്തിന്റെ വശ്യമോഹനമായ നൃത്തരൂപമാണ് "മോഹിനിയാട്ടം". സ്ത്രൈണ ഭാവത്തിൽ മാത്രം ശോഭിക്കുന്ന ലാസ്യത്തിന്റെ നിറകുടമാണ് മോഹിനിയാട്ടം. മോഹിനിയാട്ടം എന്ന പേര് ലഭിച്ചതിനെപ്പറ്റി പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണ്. അസുരന്മാരിൽ നിന്നും അമൃതകുംഭം നേടാൻ അപ്സരസ്സുകളെ പോലും വെല്ലുന്ന "മോഹിനി"യായി അവതരിച്ച മഹാവിഷ്ണു ആടിയ നർത്തനമാണത്രെ മോഹിനിയാട്ടം.



ഏതൊരു കലാരൂപത്തേയും പോലെ മോഹിനിയാട്ടത്തിനും പൈതൃകവും പാരമ്പര്യവും അവകാശപ്പെടാനുണ്ട്. "ശബ്ദങ്ങളിൽ" നിന്ന് "സംഗീതവും" ചലനങ്ങളൽ നിന്ന് "നൃത്തവും" ഉടലെടുത്തപ്പോൾ ഇതിന്റെ സമ്മിശ്രരൂപമായ മോഹിനിയാട്ടത്തിന് ഏകദേശം 500 വർഷങ്ങളുടെ പഴമയുണ്ട്. മഴമംഗലത്ത് നാരായണൻ നമ്പൂതിരിയുടെ "വ്യവഹാര മാല" എന്ന കൃതിയിലാണ് ഈ കലാരൂപത്തെക്കുറിച്ച് ആദ്യ പരാമർശം ലഭിക്കുന്നത്. കാർത്തിക തിരുനാളിന്റെ "ബാലരാമ ഭാരതം" എന്ന പ്രമുഖ പൗരാണിക ഗ്രന്ഥത്തിലും മോഹിനിയാട്ടത്തെക്കുറിച്ച് പരാമർശമുണ്ട്. കൂടാതെ കുഞ്ചൻ നമ്പ്യാർ തന്റെ "ഘോഷയാത്ര" എന്ന ഓട്ടൻ തുള്ളലിൽ വിവിധ കലാരൂപങ്ങളെ പരാമർശിക്കുന്ന കൂട്ടത്തിൽ,

"നാടകനടനം നർമ്മവിനോദം
പാഠം പഠനം പാവക്കൂത്തും
മാടണിമലമാർ മോഹിനിയാടും
പാടവമേറിന പല പല മേളം"

മോഹിനിയാട്ടത്തെക്കുറിച്ചുള്ള ഈ പരാമർശം ഈ കലാരൂപത്തിന്റെ പഴമ വ്യക്തമാക്കുന്നു. പാണ്ഡ്യരാജ

ധാനിയുമായുണ്ടായിരുന്ന സമ്പർക്കത്തിന്റെ ഫലമായത്രെ മോഹിനിയാട്ടം രൂപം കൊണ്ടത് എന്ന് കരുതപ്പെടുന്നു. മോഹിനിയാട്ടത്തിന്റെ ഉദ്ഭവകേന്ദ്രങ്ങൾ വള്ളുവനാടാണെന്നും പാലക്കാടാണെന്നും പൊന്നാനിയാണെന്നും ഭിന്നാഭിപ്രായങ്ങൾ പ്രചാരത്തിലുണ്ട്.

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു കിടന്നിരുന്ന നൃത്തം, സംഗീതം, ചിത്രകല, അനുഷ്ഠാനകലകൾ, ശില്പകലകൾ തുടങ്ങിയവ ക്ഷേത്രങ്ങൾക്കു പുറത്തുവന്നപ്പോൾ പല പരിണാമങ്ങൾക്കും വിധേയമായി. ദേവാലയങ്ങളിൽ (വിശേഷിച്ചും തമിഴ്നാട്ടിലെ) നൃത്തമാടിയിരുന്ന ദേവദാസികൾ "ദേവവധുക്കൾ" എന്നാണറിയപ്പെട്ടിരുന്നത്. ഇവരുടെ ആട്ടം ദേവദാസിയാട്ടം എന്ന പേരിൽ പ്രചരിച്ചിരുന്നു. ദേവദാസികൾ ഉപജീവന മാർഗ്ഗം തേടി കേരളത്തിലെ ക്ഷേത്രങ്ങൾ കുടിയേറിയപ്പോൾ സ്വാഭാവികമായും ഇവിടത്തെ നൃത്തരൂപങ്ങളിൽ ആകൃഷ്ടരായിട്ടുണ്ടാവും. കൂട്ടത്തിലെ ലാസ്യപ്രധാനവും, സ്ത്രൈണഭാവവുമായ "നങ്ങ്യാർക്കൂത്ത്" അവർക്ക് കൂടുതൽ വശ്യമായി അനുഭവപ്പെട്ടിരിക്കാം. ദാസിയാട്ടത്തിലേയും നങ്ങ്യാർകൂത്തിലേയും ലാസ്യപ്രധാനാംശങ്ങൾ സ്വാംശീകരിച്ച് സ്ത്രൈണഭാവത്തിന് മുൻതൂക്കം നൽകി അവർ വിഭാവനം ചെയ്തെടുത്ത നൃത്തരൂപമാണ് മോഹിനിയാട്ടം എന്ന ഒരഭിപ്രായം നിലവിലുണ്ട്. എന്നാൽ താണ്ഡവ പ്രധാനവും പൗരുഷമേറിയതുമായ കഥകളി പിറന്നപ്പോൾ തന്നെ ലാസ്യപ്രധാനവും സ്ത്രൈണാത്മകവുമായ മോഹിനിയാട്ടം രൂപം കൊണ്ടു എന്നതാണ് മറ്റൊരഭിപ്രായം. ഏതായാലും നൃത്ത-നൃത്യ-നാട്യ ഘടകങ്ങൾ കൂട്ടിയിണക്കി ലാസ്യാത്മകമായി മേഹിനിമാർ അവതരിപ്പിച്ച ഒരു നൃത്തമാണ് മോഹിനിയാട്ടം.

ഇനി മേഹിനിയാട്ടത്തിലെ അഭിനയസമ്പ്രദായങ്ങളിലേക്ക് കടക്കാം.

സംഗീതത്തിൽ സ്വരഭ്യാസനം, ഭാഷയിൽ അക്ഷരമാല, ചിത്രകലയിൽ വരകൾ, നൃത്തത്തിൽ ചുവടുവെയ്പ് ഇത്തരത്തിലുള്ള അടിസ്ഥാനഘടകങ്ങളുടെ അഭ്യസനം ഏത് രംഗത്തും അനിവാര്യമാണ്. മണ്ഡലങ്ങൾ, അടവുകൾ, പദവിന്യാസങ്ങൾ, അംഗോപാംഗചലനങ്ങൾ, മുഖാഭിനയം എന്നിവയെല്ലാം മോഹിനിയാട്ടത്തിലെ അടിസ്ഥാന പാഠങ്ങളാണ്. നാട്യശാസ്ത്രം, അഭിനയദർപ്പണം, ഹസ്തലക്ഷണദീപിക, "ബാലരാമ ഭാരതം" തുടങ്ങിയ പ്രശസ്ത നാട്യഗ്രന്ഥങ്ങളെ അവലംബിച്ചാണ് മോഹിനിയാട്ടത്തിലെ അടിസ്ഥാന പാഠങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

മോഹിനിയാട്ടത്തിൽ ആദ്യമായി അഭ്യസിപ്പിക്കേണ്ടത് മണ്ഡലങ്ങൾ അഥവാ നിലകൾ ആണ്. പ്രത്യേക രീതിയിൽ കാല്പാദങ്ങൾ നിലത്തുറപ്പിച്ച് താഴ്ന്നു നിൽക്കുന്നതാണ് മണ്ഡലങ്ങൾ. ഇവ നാലു തരമുണ്ട്. കാൽമണ്ഡലം, അരമണ്ഡലം, മുക്കാൽ മണ്ഡലം, മുഴുമണ്ഡലം എന്നിങ്ങനെ. ഇവയിൽ പ്രധാനം അരമണ്ഡലമാണ്. കാൽ മടമ്പുകൾ തമ്മിൽ മൂന്ന് സെന്റിമീറ്റർ അകലത്തിൽ പാദത്തിന്റെ മൂന്നടികൾ ത്യകോണാകൃതിയിൽ വെച്ച് താഴ്ന്നു നിന്നാൽ "അര മണ്ഡലമായി". അരമണ്ഡലത്തിൽ നിന്ന് അല്പം ഉയർന്നാൽ "കാൽ മണ്ഡലമായി". മൂന്ന് സെന്റിമീറ്റർ താഴ്ന്നാൽ "മുക്കാൽ മണ്ഡലവുമായി". കാൽ മടമ്പുയർത്തി കാൽ മുട്ടുകൾ മടക്കി നിലത്തിരുന്നാൽ "മുഴുമണ്ഡലമാകും".

ചൊല്ലുകൾ അഥവാ വായ്ത്താരികൾ ആസ്പദമാക്കി ഉള്ളതാണ് മോഹിനിയാട്ടത്തിലെ പദ വിന്യാസങ്ങൾ. മറ്റൊരു പ്രധാനഘടകമാണ് "അടവുകൾ". അരമണ്ഡലത്തിൽ നിന്നും വേണം ഇവ രണ്ടും പ്രദർശിപ്പിക്കേണ്ടത്. അടവുകൾ ചേർന്നാണ് ജതികൾ രൂപം കൊള്ളുന്നത്. ഈ സങ്കേതത്തിലധിഷ്ഠിതമാണ് മോഹിനിയാട്ടം. ഓരോ അടവിനും മൂന്ന് ഘട്ടങ്ങളുണ്ട്. പാദം, സ്ഥാനകം, ഹസ്തം, എന്നിങ്ങനെ. തഗണം, ജഗണം, ഗഗണം, സമ്മിശ്രം എന്നിങ്ങനെ നാലു വിഭാഗങ്ങളായി തിരിച്ചിട്ടുള്ള മുപ്പതിലേറെ അടവുകൾ മോഹിനിയാട്ടത്തിലുപയോഗിക്കുന്നു. താളാത്മകമായി ചിട്ടപ്പെടുത്തിയിട്ടുള്ള അടവുകൾ, ചൗക്കം, മധ്യം, ദ്രുതം തുടങ്ങിയ കാലപ്രമാണങ്ങളിൽ നിശ്ചിത നാളങ്ങളിൽ

With Best compliments from:

**BODHI COLLEGE**

**CHALAKUDY**

*With best compliments from*

Ph : 821875

**SOCIAL FORUM**

**A Charitable Institution, Diocese of Irinjalakuda**

H.O. Cathedral Junction west, Irinjalakuda , Branch : Faridabad

ചവിട്ടി പരിശീലിപ്പിക്കുകയും വേണം.

നൃത്തം ചെയ്യുമ്പോൾ അടവുകളുടെ പ്രകടനത്തിനൊപ്പിച്ച് ശരീരചലനങ്ങൾ നിയന്ത്രിക്കുന്നു. ആന്ദോളരൂപത്തിൽ ഒഴുക്കൻ മട്ടിലാണ് നർത്തകി അടവുകൾ ചെയ്യേണ്ടത്. കണ്ണും കൈകളും അതിനൊപ്പിച്ച് ചലിപ്പിക്കുകയും വേണം. നന്ദികേശ്വരന്റെ പ്രസിദ്ധമായ ശ്ലോകമാണ് നർത്തകിക്ക് മാതൃക.

യതോഹസ്ത സ്തതോ ദൃഷ്ടി,
യതോ ദൃഷ്ടി സ്തതോമനഃ

യതോമനഃ സ്തതോഭാവോ,
യതോഭാവസ്തതോരസഃ

എവിടെ കൈചലിക്കുന്നുവോ അവിടെയായിരിക്കണം കണ്ണ്. എവിടെ കണ്ണുകൾ പായുന്നുവോ അവിടെയെത്തണം മനസ്സ്. എവിടെ മനസ്സ് എത്തുന്നുവോ അവിടെ ഭാവമുണ്ടാകും. എവിടെ ഭാവമുണ്ടാകുന്നുവോ അവിടെയാണ് രസാനുഭവം. ഈ തത്വം മോഹിനിയാട്ടം എന്ന പോലെ മറ്റെല്ലാ നൃത്തരൂപങ്ങൾക്കും ഇണങ്ങുന്നതാണ്.

മോഹിനിയാട്ടത്തിന് ഇന്ന പരിഷ്ക്കാരങ്ങൾ വരുത്തിയവർ തോട്ടാശ്ശേരി ചിന്നമ്മു അമ്മ, കലാമണ്ഡലം സത്യഭാമ, കലാമണ്ഡലം കല്ല്യാണിക്കുട്ടി അമ്മ എന്നിവരാണ്.

### ഭരതനാട്യം

ഇന്ന് നാം ഭരതനാട്യം എന്ന് വിളിക്കുന്ന ഈ നൃത്തരൂപത്തിന് സദിര് എന്നും നാട്ച് എന്നും പേരുകളുണ്ടായിരുന്നു. ഇതിനു മുമ്പുള്ള കാലങ്ങളിൽ ആടല്, കൂത്ത്, ദാസിയാട്ടം. ചിന്നമേളം എന്നമുള്ള പേരുകൾ ഈ നൃത്തത്തിനുണ്ടായിരുന്നു.എങ്കിലും ശാസ്ത്രീയമായി ഇതിനെ ഭരതം എന്നും നാട്യം എന്നും പണ്ഡിതന്മാർ വിളിച്ചിരുന്നു. ഈ നൃത്തം ഭരതന്റെ നാട്യശാസ്ത്ര സമ്പ്രദായം ആസ്പദമാക്കി രചിച്ചിട്ടുള്ളതാണെന്ന സവിശേഷത എടുത്ത് കാണിച്ച് പ്രസിദ്ധി നേടുന്നതിനായി ഇതിന് ഭരതനാട്യം എന്നു പേരുകൊടുത്തു.

ഭരതന്റെ മൂലഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ ശൃംഗാരവിഷയമാക്കി ഭാവസുന്ദരമായ പന്ത്രണ്ട് സാഹിത്യഖണ്ഡങ്ങൾ ഒരേ നടി തന്നെ അവതരിപ്പിച്ച് കാണിക്കുന്ന രീതിതന്നെയാണ് ഭരതനാട്യത്തിന്റെ മാതൃക. ഭരതൻ ഇതിന് ലാസ്യം എന്നാണ് പേർ കൊടുത്തിരിക്കുന്നത്. സാഹിത്യവും ചരിത്രവും നൽകുന്ന തെളിവുകൾ നോക്കിയപ്പോൾ ഈ നൃത്തം നമ്മുടെ വീട്ടിൽ വളരെക്കാലം മുൻപുതന്നെയുള്ളതാണെന്നും നമ്മുടെ നാട്ടിലെ ഓരോ ദേശത്തും രാജാക്കന്മാരുടേയും ജനങ്ങളുടേയും ഇടയിൽ വളരെയധികം പ്രചാരം നേടിയിരുന്നു എന്നു മനസ്സിലാക്കാം. സിന്ധുനദീതട സംസ്ക്കാരത്തെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള ഖനനവസ്തുക്ക്ളിൽ നാട്യമാടുന്ന ഈ മങ്കയുടെ രൂപം ഉൾപ്പെടുന്നു. ഋഗ്വേദത്തിൽ ഉഷസ്സിനെ വർണിക്കുന്നത് മനോഹരമാക്കി വസ്ത്രാഭരണങ്ങളണിഞ്ഞ് സ്വാകാരം പ്രകടിപ്പിക്കുന്ന ഒരു നർത്തകിയോടുപമിച്ചാണ്. ഇളകോവടികളുടെ "മാധവിയും", കാളിദാസന്റെ "മാളവികയും" നടത്തുന്ന നൃത്തം ഇതുതന്നെയാണ്. കോവിലുകളിൽ സേവ ചെയ്തിരുന്ന പെൺമണികളും കൊട്ടാരങ്ങളിലുള്ള നർത്തകിയും രാജകുമാരിയും എന്ന് വേണ്ട പലരും ഈ ലാസ്യ വിശേഷം അഭ്യസിപ്പിക്കുക പതിവായിരുന്നു. പണ്ട് "കൂത്തച്ചാക്കയ്യൻ" എന്നും അരയൻ എന്നും പിൽക്കാലത്ത് "ഭാഗവതർ" എന്ന് അറിയപ്പെട്ടുവരുന്ന ആണുങ്ങളും ഈ നൃത്തം അഭ്യസിച്ചിരുന്നു എങ്കിലും പെണ്ണുങ്ങളുടെ നൃത്തത്തിനാണ് കൂടുതൽ പ്രോത്സാഹനം ലഭിച്ചിരുന്നത്. ഇതിൽ നിന്നുതന്നെ പുണ്യം നേടിയ വനിതകളെ തലൈക്കോലികൾ എന്നാണ് ശിലാസനങ്ങളിൽ പ്രകീർത്തിച്ചിരിക്കുന്നത്. ഇന്ത്യയിലെല്ലായിടത്തും ഈ നൃത്തത്തിന് പ്രചാരമുണ്ടായിരുന്നു.

ഇനി ഭരതനാട്യത്തിന്റെ അഭിനയാംശങ്ങളിലേക്ക് കടക്കാം.

ഒരേ നടി തന്നെ ഒരു കഥ മുഴുവൻ അഭിനയിച്ചാലും പലർ ചേർന്ന് വേഷം കെട്ടി നാടകരൂപത്തിൽ നടിച്ചാലും എല്ലാ ഭിന്ന രാഗവും, ലയവും, നൃത്തവും, ഭാവവും, അഭിനയവും പൊതുവായ ആസ്വാദനങ്ങളായിരിക്കും. ഇതിൽ ഭാവം, രാഗം, താളം എന്നിവ ചേർന്നാണ് ഭരതം എന്ന പദമുണ്ടായതെന്ന് പണ്ഡിതന്മാർ പറയുന്നു. പലരും ചേർന്ന് ഒരു കഥകൾ


**കൊരട്ടിമാത ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്**

**പ്രൈവറ്റ് ബസ് സ്റ്റാൻഡ് ബിൽഡിംഗ്**

**ഫെഡറൽ ബാങ്കിന് സമീപം, സൗത്ത് ജംഗ്ഷൻ, ചാലക്കുടി**

**(ഗവൺമെന്റ് അംഗീകൃതം)**

**ഇലക്ട്രോണിക്സ്, റേഡിയോ & ടെലിവിഷൻ, റഫ്രിജറേറ്റർ & എയർകണ്ടീഷനിംഗ്, ഓട്ടോമോബൈൽ എഞ്ചിനിയറിംഗ്, സിവിൽ എഞ്ചിനിയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് എന്നീ ഗവ. കോഴ്സുകളിലേക്ക് പ്രവേശനം തുടരുന്നു.**

അഭിനയിക്കുമ്പോൾ അതിൽ സ്വാഭാവികതയോടെ അംശങ്ങൾ അധികമായി കാണുന്നു. ഒരാളാണ് ഒരു കഥയും അതിലെ കഥാപാത്രങ്ങളേയും അവയുടെ ഭാവങ്ങളേയും പ്രകടിപ്പിച്ച് അഭിനയിക്കുന്നത് എങ്കിൽ അതിൽ സ്വാഭാവികത്വത്തിൽ നിന്ന് അകന്ന കലാംശങ്ങളായിരിക്കും കൂടുതൽ കാണുക. ഇക്കാരണം കൊണ്ട് ഭരതനാട്യത്തിലെ കലാംശം ഒറ്റപ്പെട്ട മാതിരി മഹത്വമാകുന്നു. അഭിനയത്തിനും, നാട്യധർമ്മത്തിനും, മനോധർമ്മത്തിനും എത്രമാത്രം അവസരം നൽകാൻ പറ്റുമോ അത്രമാത്രം ഇതിൽ അവസരം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഭരതകലയിൽ കാണുന്നതെല്ലാം തന്നെ അഭിനയ പുഷ്ടി, നൃത്തസൂഷ്മ തുടങ്ങിയവയെല്ലാം തന്നെ ഭരതനാട്യത്തിൽ കാണാം. ഭരതനാട്യത്തിൽ ലഭിക്കുന്ന രസനിഷ്പത്തി ഏതാണ്ട് ഖണ്ഡകാവ്യങ്ങളിൽ നിന്നും പാട്ടുകച്ചേരിയിൽ നിന്നും ലഭിക്കുന്നതിനോട് തുല്യമാണ്.

ഭരതൻ സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ഹസ്താഭിനയമാണ് ഇന്നും ഭരതനാട്യത്തിന് ആസ്പദം. ഇതിന് സ്വീകരിച്ചിട്ടുള്ള ഗ്രന്ഥം നന്ദികേശ്വരന്റെ "അഭിനയദർപ്പണ"മാണ്. ഇതിലെ നൃത്തരൂപങ്ങളെ അടവ് എന്നാണ് പറയാറ്. ഇതിന് ഇപ്രകാരം പേരു വന്നതിനെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ട്. നടി ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് ആടിയാടി അണയുന്നതുകൊണ്ട് പദനഷ്പാദന ശാസ്ത്രം മാത്രം അറിയുന്ന പണ്ഡിതന്മാർ തമിഴ്ഭാഷയിൽ ഇതിനെ അടൈവും എന്നിങ്ങനെ തെറ്റിയാണ് എഴുതിവരുന്നത്. അടി എന്നർത്ഥമുള്ള അടു, അടുക, അടുവു എന്നീ തെലുങ്കുവാക്കുകളിൽ നിന്നാണ് ഈ വാക്കു വന്നതെന്നാണ് അവരുടെ അഭിപ്രായം. തുളു മഹാരാജാവ്, "സാരാമൃത"ത്തിൽ കുട്ടനം എന്ന പദമാണിതിന് നൽകിയിരിക്കുന്നത്. മറ്റു ചില ഗ്രന്ഥങ്ങളിൽ പദതാഡനം എന്ന് വിളിച്ചിട്ടുണ്ട്. ഏതായാലും ഇതിൽ ഏകാഭിപ്രായമില്ല.,

### കഥകളി

കൊട്ടാരക്കരതമ്പുരാൻ രാമായണത്തെ എട്ടുദിവസത്തെ കഥകളായി വിഭജിച്ച് നിർമ്മിച്ച ഒരു ദൃശ്യകലാപ്രസ്ഥാനമാണ് "രാമനാട്ടം". ഈ പ്രസ്ഥാനത്തിന്റെ വികാസ പരിണാമമാണ് കഥകളി. ഇതിന്റെ ഉദ്ഭവകാരണം പറയുന്നതിതാണ്, കൊട്ടാരക്കര കോവിലകത്ത് ഒരടിയന്തിരം പ്രമാണിച്ച് കൃഷ്ണനാട്ടക്കാരെ അയച്ചുകൊടുക്കണമെന്ന് കാണിച്ച് കോഴിക്കോട്ട് മഹാരാജാവിന് കൊട്ടാരക്കര തമ്പുരാൻ കത്തയച്ചതിന് തെക്കർക്ക് കൃഷ്ണനാട്ടം കണ്ടുരസിക്കാനുള്ള കെല്പില്ലെന്ന് സാമൂതിരി മറുപടികൊടുത്തു. നിന്ദാസൂചകമായ ഈ മറുപടി മൂലം കൊട്ടാരക്കര രാജാവ് കൃഷ്ണനാട്ടത്തിന് പകരം രാമനാട്ടം നിർമ്മിച്ചു. ഇതുകൂടാതെ മോഹിനിയാട്ടം, ചാക്യാർകൂത്ത്, കൂടിയാട്ടം, അഷ്ടപദിയാട്ടം, കൃഷ്ണനാട്ടം എന്നിവയെല്ലാം കഥകളിയുടെ പ്രാദുർഭാവത്തിന് ഏറെസഹായിച്ചിട്ടുണ്ട്.



കൃഷ്ണനാട്ടത്തിലും കൂടിയാട്ടത്തിലും മറ്റും നടപ്പിലിരുന്ന പോലെ മുദ്രകൾ കാണിച്ച് അഭിനയിക്കുന്ന സമ്പ്രദായം രാമനാട്ടം സ്വീകരിച്ചു. രാമനാട്ടത്തിലും ആദ്യകാലത്ത് പാടുന്നത് നടൻ തന്നെയായിരുന്നു. ഇപ്പോൾ നാം കാണുന്ന കഥകളിയേക്കാൾ പ്രാകൃതമായിരുന്നു എങ്കിലും തത്ക്കാലപദാന്ത്യം പ്രചാരത്തിലിരുന്ന ഇതര ദൃശ്യകലകളെ അപേക്ഷിച്ച് പ്രസിദ്ധിയും പ്രചാരവും രാമനാട്ടത്തിന് ലഭിച്ചു. പദങ്ങളും, വിദ്യ, ഗാംഭീര്യ, ശൗര്യാദി രസഭാവങ്ങളെ ആവിഷ്ക്കരിക്കുന്ന ദാനവ, രാക്ഷസ, മർക്കടാദി വേഷങ്ങളുടെ വൈവിധ്യം നവരസങ്ങളും സുലഭമായി ആവിഷ്ക്കരിക്കപ്പെടുന്ന നിരവധി ഹൃദ്യമായ രാഗങ്ങൾ, സർവ്വോപരി ഭക്തി സംവർദ്ധകവുമായ, ധർമ്മപ്രോദ്യോതകവുമായ കഥാവസ്തു എന്നിങ്ങനെയുള്ള ഉപാധികളാൽ രാമനാട്ടം ജനഹൃദയങ്ങളെ കൂടുതൽ ആകർഷിച്ചു.

ജനങ്ങൾക്കിടയിൽ പ്രചാരവും, പ്രസിദ്ധിയും ലഭിക്കുകയാൽ രാമനാട്ടം സഹൃദയാഗ്രണീകങ്ങളായ സരസകലാകാരന്മാരുടെ പരിഷ്ക്കാരണത്തിനു പാത്രമായി തീർന്നു. രാമനാട്ട

**With best compliments from:**

**PALLIPPAT BUILDERS**

**SUPREME TOWERS,**

**SOUTH JUNCTION, CHALAKUDY.**

Phone : Off: 843747, Res: 846218

ത്തിൽ പല പരിഷ്കൃതികൾ വരുത്തി അതിനെ കഥകളാക്കിതീർത്തത് വെട്ടത്തുനാട്ടു രാജാവ്, കല്ലിങ്ങാട്ടു നമ്പൂതിരി, കല്ലടിക്കോട്ടു നമ്പൂതിരി എന്നീ മൂന്ന് പേരാണ്. ആഹാര്യാഭിനയത്തിൽ മാറ്റം വരുത്തിയത് വെട്ടത്തുനാട്ടുരാജാവായിരുന്നു. നടന്മാർ തന്നെ ആടുകയും പാടുകയും ചെയ്യുക എന്ന രീതിയിൽ നിന്ന് നടനെ പാട്ടിൽ നിന്നും ഒഴിവാക്കിയത് ഈ രാജാവാണ്. ഇപ്രകാരം ആംഗീകാഭിനയം, സാത്വികാഭിനയം, വാചികാഭിനയം എന്നിവയിൽ അവശ്യവും പ്രശസ്തവുമായ പരിഷ്ക്കാരങ്ങൾ വരുത്തിയതും വെട്ടത്തുനാട്ടു രാജാവാണ്.



മേല്പറഞ്ഞ കാര്യങ്ങളിലും ചൊല്ലിയാട്ടം അഥവാ കഥകളിയഭ്യാസത്തിലും മറ്റും ചിട്ടപ്രധാനമായ ഘടകങ്ങൾ ചേർത്ത് ഒരു ചട്ടക്കൂടുണ്ടാക്കിയത് കല്ലിങ്ങാട്ടു നമ്പൂതിരിയാണ്. ഈ ചൊല്ലിയാട്ടത്തിൽ നാട്യശാസ്ത്രാനുസാരേണ അഭിനയത്തിനും സംഗീതത്തിനും മാറ്റങ്ങൾ വരുത്തിയത് കല്ലടിക്കോട്ടു നമ്പൂതിരിയാണ്.

ധർമ്മരാജാവെന്ന് വിശ്വവിഖ്യാതനായ കാർത്തിക തിരുനാൾ മഹാരാജാവാണ് കഥകളിക്ക് തിരുവിതാംകൂറിലും , ദക്ഷിണകേരളത്തിലും പ്രചാരം നേടികൊടുത്തത്. അദ്ദേഹത്തിന്റെ മരുമകനായ മാർത്താണ്ഡവർമ്മയും ഇതിനു സഹായിച്ചിട്ടുണ്ട്.,ഇതിന്റെ വളർച്ചക്ക് സൃഷ്ടികൾ ഉണ്ടാക്കി ഇതിന് ആഴവും പരപ്പും നൽകിയവരിൽ കിളിമാനൂർ വലിയ കോയിത്തമ്പുരാൻ, കോട്ടയത്ത് തമ്പുരാൻ, കൊടുങ്ങല്ലൂർ കോവിലകം തുടങ്ങിയവർ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഇനി ഇതിന്റെ അഭിനയാംശങ്ങളെ കുറിച്ചോലോചിക്കാം.

ചിത്രഗീതാദികളെ പോലെ കേവലം ഒരു കലാരൂപമല്ല കഥകളി. ഇതിൽ ഗീതം, നൃത്യം, നൃത്തം, നാട്യം, വാദ്യം, ശില്പം, ചിത്രം തുടങ്ങിയ കലാവൈവിദ്യങ്ങൾ തുല്യപങ്കാളിത്തത്തോടെ സമ്മേളിച്ചിട്ടുണ്ട്. വിശദീകരിക്കുകയാണെങ്കിൽ നൃത്ത-നൃത്യ-നാട്യങ്ങൾ ഒത്തുചേരുന്ന അഭിനയ കലയാണ് കഥകളി. അതിന് പോഷകമായി ചിത്രവും, വാദ്യവും, ഗീതവും, വർത്തിക്കുന്നു. കണ്ഠത്താൽ ഗീതവും, കൈമുദ്രകളാൽ അർത്ഥവും, കടാക്ഷവിക്ഷേപംകൊണ്ട് താളവും ഒരേ സമയത്തിൽതന്നെ നടൻ പ്രകാശിപ്പിക്കണം. നടന്മാർ വേഷം കെട്ടി അരങ്ങത്ത് വന്ന് പിന്നണിയിലുള്ള താളമേള സമന്വിതമായ പാട്ടിന്റെ അർത്ഥം വ്യക്തമാക്കത്തക്കവിധം പദം പ്രതി ഹസ്തമുദ്രകാട്ടുകയും സ്ഥായി വിടാതെ സന്ദർഭോജിതമായി ഭാവരസങ്ങളെ സ്പുരിപ്പിക്കുകയും, പാദങ്ങൾ കൊണ്ട് താളം ചവിട്ടി നൃത്തം വയ്ക്കുകയും ഏകകാലത്ത് ചെയ്തെങ്കിൽ മാത്രമെ കഥകളിയിലെ അഭിനയം പൂർണ്ണമാകൂ.

### കൂത്തും കൂടിയാട്ടവും

നാട്യശാസ്ത്രാനുസാരിയായ ഒരു ഉത്തമകല കേരളത്തിൽ നടപ്പായതു ചാക്യാർകൂത്തിന്റെ ആവിർഭാവത്തോടു കൂടിയാണ്. പുരാതനകാലം മുതല്ക്കേ ചാക്യാർ എന്ന വർഗ്ഗക്കാർ പുരാണകഥകളെ ആസ്പദമാക്കി കൂത്തു പറയുന്ന സമ്പ്രദായം സർവ്വസാധാരണമായിരുന്നു. ചമൽക്കാരവിശിഷ്ഠങ്ങളായ സംസ്കൃത പദ്യങ്ങൾ ഉച്ചരിച്ച് ആകർഷകമാക്കും വിധം അവയുടെ വ്യാഖ്യാനം ഭാഷയിൽ വിശദമാക്കി, സദസ്യർക്കു വിജ്ഞാനത്തേയും ഈശ്വരഭക്തിയേയും പ്രദാനം ചെയ്യുകയായിരുന്നു ഇതിന്റെ മുഖ്യ ഉദ്ദേശം. സംസ്കൃത ശ്ലോകങ്ങളുടെ വ്യാഖ്യാനത്തെ വെളിവാക്കുന്ന കൂട്ടത്തിൽ വശ്യവചസ്സുകളായ ചാക്യാന്മാർ പ്രദർശിപ്പിക്കുന്ന ഫലിതപാടവം ഏത് ഗംഭീരനേയും ചിരിപ്പിക്കും. മിക്ക പ്രധാന ദേവാലയങ്ങളിലും കൂത്ത് നടത്തുന്നതിന് കൂത്തമ്പലം പ്രത്യേകമായുണ്ടായിരിക്കും. കൂത്തിന്റെ പ്രധാന പശ്ചാത്തല വാദ്യം 'മിഴാവ്' ആണ്. ശ്ലോകാവസാനത്തിലും മറ്റും മിഴാവ് കൊട്ടുന്നതിന് സഹായിയായി താളം പിടിക്കുന്നതിന് ഒരു 'നങ്ങ്യാരും' വേണമെന്നാണ് നിയമം. കൂത്ത് പറയുന്ന ചാക്യാന്മാർ നാട്യാനുശാസ്ത്രാനുസാരിയായ അഭിനയപാടവം സമ്പാദിക്കണമെന്നതിന് സംശയമില്ല. പുരാണകഥാ

*With best compliments from:*

**KAIRALI COLLEGE**
**CENTRE FOR SCIENCE & COMMERCE**

**CATHEDRAL JUNCTION, IRINJALAKUDA**

Courses Offered :

❑ B.Sc (Maths) ❑ B.Com. ❑ B.A. (History)-Parallel
❑ B.A., ❑ B.Com. (Libaralised Scheme)
❑ P.D.C., ❑ B.Sc., ❑ B.Com., ❑ Tution (All subjects)

പ്രസംഗത്തോടൊന്നിച്ച് ആശയങ്ങളും, പദാർത്ഥങ്ങളും രസഭാവാദികളെകൊണ്ട് അഭിവ്യഞ്ജിപ്പിക്കുകയും മുദ്രകൾ കാണിച്ച് അർത്ഥപ്രകടനം നടത്തുകയും ചെയ്യേണ്ടതുണ്ട്. തന്മൂലം ദൃഷ്ടി, ഹസ്തമുദ്രകൾ മുതലായവയിൽ സുരക്ഷിതമായ സാധകം ചാക്യാന്മാർക്ക് വേണം. കൂത്ത് മുഖ്യമായും നാട്യകലയാണ്. ചാക്യാർകൂത്തിലെ ആംഗികവും, സാത്വികവുമായ അഭിനയസമ്പ്രദായം കുറെകൂടി പരിഷ്കൃതമായി നാം കഥകളിയിൽ ദർശിക്കുന്നു.

**കൂടിയാട്ടം**

ചാക്യാന്മാരും, നങ്ങ്യാന്മാരും കൂടി സംസ്കൃത നാടകം അഭിനയിക്കുന്നതിന് കൂടിയാട്ടം എന്ന് പറയുന്നു. ചാക്യാർകൂത്തിന് ശേഷം നടപ്പിലായ ഒരു വിശിഷ്ട കലയാണ് കൂടിയാട്ടം. കഥകളിക്ക് മാർഗ്ഗദർശനം നൽകിയ കലകളിൽ വച്ച് കൂടിയാട്ടത്തിനാണ് പ്രഥമസ്ഥാനം. ഇതിൽ അഭിനയിക്കുന്ന നടീനടന്മാർ അഭിനയകലകളിൽ സുരക്ഷിതമായ അഭ്യാസം നേടിയവരായിരിക്കണം. ദീർഘകാല വീക്ഷണത്തിന് ശേഷം കയ്യ്, മെയ്യ്, കണ്ണ് തുടങ്ങിയ അംഗങ്ങളുടെ സാധകം നല്ലപോലെ വശമാക്കുകയും സംസ്കൃത ഭാഷയിലും പുരാണത്തിലും അഭിജ്ഞാനം സമ്പാദിക്കുകയും ചെയ്താൽ മാത്രമെ ഒരു ചാക്യാർക്കു കൂടിയാട്ടത്തിലഭിനയിക്കാനുള്ള പ്രാപ്തി ലഭിക്കുകയുള്ളൂ.

നാട്യശാസ്ത്രാനുസാരിയായ ഈ സംസ്കൃത നാടകത്തിൽ കൂത്തിലെന്ന പോലെ പുരാണകഥകൾ മാത്രമാണ് ഇതിവൃത്തം. ഒരു കഥയെ പല അങ്കങ്ങളായി വിഭജിച്ചാണ് ഇവ രചിക്കപ്പെട്ടിട്ടുള്ളത് . കൂടിയാട്ടത്തിലെ എട്ടോ, പത്തോ അങ്കമുള്ള ഒരു കഥ സമ്പൂർണ്ണമായി അവതരിപ്പിച്ചു തീരണമെങ്കിൽ നാലോ, അഞ്ചോ മാസം വേണം. ഏതെങ്കിലും ഒരു നാടകത്തിൽ നിന്നും ഒരങ്കം തെരഞ്ഞെടുത്ത് കൂടിയാടുന്ന പതിവു മാത്രമെ ഇന്നുള്ളു. അതിന് കാഴ്ചക്കൂത്തെന്ന് പറയുന്നു.

ഇന്ന് ഒരു കഥ പൂർണ്ണമായി ആടാറില്ല. കൂടിയാട്ടത്തിലെ ഓരോ പ്രധാന കഥാപാത്രത്തിന്റെയും പ്രവേശത്തിന് ഒരു ദിവസം വേണ്ടിവരും. കഥാപാത്രങ്ങളെയെല്ലാം വെവ്വേറെ പ്രവേശിപ്പിച്ച് അവരുടെയെല്ലാം വ്യത്യസ്തങ്ങളായ വ്യക്തിമുദ്രകളേയും സ്തോഭഭാവങ്ങളേയും പ്രത്യേകമായി തന്നെ പതിപ്പിച്ചാണ് ഏതൊരു അങ്കത്തിലേക്കും കഥാഭിനയം നടക്കുന്നത്. ശരിയായ കൂടിയാട്ടം തുടങ്ങിയാലും ശ്ലോകങ്ങൾ ചൊല്ലി മുദ്രകാണിക്കുകയും വാദ്യഘോഷങ്ങളുടെ താളക്രമത്തിൽ ഹസ്തമുദ്രകൾ കാണിച്ച് സ്തോഭഭാവങ്ങൾ പ്രകടിപ്പിച്ച് നടിക്കുകയുമാണ് അഭിനയ മാതൃക. കൂടിയാട്ടത്തിൽ നൃത്തത്തിന് വലിയ സ്ഥാനമൊന്നുമില്ല. ഇടക്കിടെ കഥയോടു പ്രത്യക്ഷബന്ധമൊന്നുമില്ലാത്ത ചില നൃത്തങ്ങളുണ്ട്. ചെറിയക്കം, വലിയക്കം, കങ്കണം എന്നൊക്കെ ഈ നൃത്തത്തെക്കുറിച്ച് പറഞ്ഞു വരുന്നു.

രാമായണം കഥയെ ഏഴേഴങ്കമുള്ള പ്രതിമ, ചൂഡാമണി, അഭിഷേകം എന്നീ നാടകങ്ങളായി ഭാഗിച്ചിരിക്കുന്നു. നാടകത്തിലെ പോലെ കഥാപാത്രങ്ങളെല്ലാം രംഗത്ത് വന്ന് ഒരുമിച്ച് കൂടി ആടേണ്ടതുകൊണ്ടാണ് കൂടിയാട്ടം എന്ന് പറയുന്നത്.

ഏതൊരു കലയും വർത്തമാന കാലത്തിൽ പരീക്ഷണത്തെ നേരിടുകയാണ്. കാലാനുസാരിയായ മാറ്റങ്ങലാം ഏതൊരു കലയ്ക്കും ജീവവായു തന്നെ. ഔചിത്യദീക്ഷ കൂടാതുള്ള പരിഷ്ക്കരണങ്ങളോട് ഒരിക്കലും ഒരു യഥാർത്ഥ കലാസ്നേഹിക്കും പൊരുത്തപ്പെടാൻ കഴിയില്ല.

ഇന്ന് രണ്ട് തരം പരീക്ഷണങ്ങളാണ് കലകൾ നേരിടുന്നത്. പുതുമകൾ പലതും ചേർക്കാനുള്ള ഉത്സാഹം ഒരിടത്ത, ചെറുതായെങ്കിലും പഴയ കലകളെ നവജീവൻ നൽകി ആദരിക്കാനുള്ള ആഗ്രഹം മറുവശത്ത്. ഇത് രണ്ടും അഭികാമ്യം തന്നെ. ഇതുമൂലം പുതിയ ദിവസം പുതിയ തഴപ്പും കലകൾക്ക് ഉണ്ടാകും. എങ്കിലും ഇവയെല്ലാം ഘടിപ്പിക്കുന്നതിന് വിപുലമായ ഗവേഷണം ആവശ്യമാണ്.

എന്തൊക്കെയായാലും ഇന്നത്തെ മിക്ക പരീക്ഷണങ്ങളുടേയും ഫലം ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണ്. ഇതെല്ലാം കാണേണ്ടി വരുന്ന ജനങ്ങൾ,
“അവയെ പേടിച്ചാരും ആ വഴി നടപ്പീല” എന്ന അവസ്ഥയിലാണ്.

**With best compliments from:**

**LORD KRISHNA BANK LTD.**

*Irinjalakuda Branch*

*The Bank you would prefer*

# *TWO LOVE LETTERS*



Soju V.J.
Ist B.Sc. Chemistry



Jerry Jacob
IInd P.D.C.

## GEOMETRICAL

Dear Miss Beta ( β )

It is for the first time I am solving a problem like this. Lack of experience creates lots of doubts. I don't know whether tools like +, -,x and / can be used for solving this problem.

I saw you amongst a circle of friends while I was on my deals with X and Y to find the equation of my life-line. My eyes took a geometrical look on you. You looked me through an obtuse angle. I know that my scale will fail if I try to take the distance between us. Its sure that my protractor cannot predict the angle through which you looked at me, my set-squares could'nt draw a parellel line for me to that of yours. My eraser did'nt erase out the thoughts about you from my mind. While I was thinking this way, I felt like breaking my heart into 3.142 pieces approximately making the sound "Pie-Pie". The tangent at the point of contact of your cylindrical elbow with the square of the table upon which you were leaning diagonally made an angle of nearly $45^0$ in my eye-balls. The curve of your waist and parabola of your musical voice together bisected me.

Throughout the night I solved the problem of my love towards you trigonometrically and deduced geometrically that our hearts and souls have been in same ratio and are similar in many respects, I took no interest in solving mathematical problems, but I was always trying to solve the first order differential equation of our love.

Darling Beta, every minute that passes without you seems to be a leap year. Number of my heart beats is tending to infinity with an accelaration of atleast 10 strokes per second. The center of mass of my mind is melting down which will result in a disturbance in the equilibrium of my balanced future.

I have been trying to solve the following questions but have obtained negetive answers. Can you help me to make it positive by giving me a "minus one"to multiply with my negetive results? With what velocity and in which direction my love may be projected to have the maximum range in your plain sweet - heart.

Concluding with the hope that I will get your reply accurately as that of the third digit after decimal.

Yours equalizingly
Alpha ( α)

## SCIENTIFIC

Mr. Joule,
Shockberg,
10 Coulomb,
State Volt.

Dear Miss Magnet,

With cell of love, I first saw you across the field of vectors yesterday accelerating with RMS value with uniform velocity. From then my heart was beating with twice the original frequency.

With respect to my field of vision from vertical and perpendicular positions, and from sin, cos and tan angle you looked so beautiful that I couldn't resist myself. I want to meet you with the same modulating frequency of radiowaves.

The north pole of my heart was attracted towards you and I was charged with the image of your eyes. They reflected on the concave mirror of my heart. Your 70mm smile excited me to a higher level.


But since Mr. Millikan and Mr. Newton were with you the idea of meeting you repelled me. Please come to wheatstone's bridge at Mega Kilohertz O' Clock. The circuit of my heart will break if I don't find you there. So please don't short circuit me and don't discharge me.

With multiplying love,

Yours chargefully,
Mr. Joule

*With best Compliments from :-*

# DEVI BAKERY



## TEMPLE ROAD, NADA, IRINJALAKUDA

# INDTRONIES

| | | |
|---|---|---|
| Electronic Generator | - | Range 150 VA - 2000 VA |
| UPS | - | Range 300 VA - 1000 VA |
| Electronic Choke | - | 30 V Starting /320 V working |
| Security Systems | - | For Banks/Shops/Houses |
| Digital Panel Meters | - | Voltmeter/Ammeter Etc. |

## INDTRONIES

**Madathiparambil, Chettiparambu, Irinjalakuda - 680 121.**

**Phone : (0488) 825722, 822668,826533**

**Branches: Madras,Bombay**

# INTRAMURAL ACTIVITIES



# SPORTS DAY & 42ND COLLEGE DAY



# കഥകളി സംഗീതം : ഒരു നോക്ക്



ശ്രീജിത്ത് വി. എൻ.

രണ്ടാം വർഷ ബികോം.

സംഗീതത്തെ ശുദ്ധസംഗീതം, അഭിനയ സംഗീതം എന്നിങ്ങനെ രണ്ടായി തിരിക്കാം. സംഗീതകച്ചേരികളിൽ ആലപിക്കുന്ന മുന്നണി സംഗീതമാണ് ശുദ്ധസംഗീതം. അവിടെ സംഗീതമാണ് പ്രധാനം. കഥകളി, മോഹിനിയാട്ടം, ഭരതനാട്യം തുടങ്ങി ദൃശ്യകലകളുടെ അവതരണത്തിനുള്ള, സാഹിത്യം ഉൾകൊള്ളുന്നതും പിന്നിൽ ആലപിക്കുന്നതുമായ സംഗീതത്തെ പിന്നണി സംഗീതം എന്ന് പറയാം.

### അഭിനയ സംഗീതം

കേരളത്തിനു സ്വന്തമായ ഒരു അഭിനയ സംഗീത പാരമ്പര്യമുണ്ട്. ാമ്മുടെ തനതു നൃത്യകലകളെന്ന് ിശേഷിപ്പിക്കാവുന്ന കഥകളി, മോഹിിയാട്ടം എന്നിവയുടെ അവതരണത്തിനു വേണ്ടി ഓരോരോ കാലഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുള്ള വൈവിദ്ധ്യാർന്ന ഗാന സമ്പത്ത് അഭിനയ സംഗീതത്തിൽ ഉൾപ്പെടുത്താവുന്നായി ലഭിച്ചിട്ടുണ്ട്. കർണാടക സംഗീത്തിലെ ത്രിമൂർത്തികളായ ത്യാഗരാുൻ ശ്യാമശാസ്ത്രികൾ, മുത്തുസ്വാമി ിക്ഷിതർ, ഇവരുടെ ജനനത്തിനു ുമ്പുതന്നെ ഉണ്ണായി വാര്യരും കോട്ടത്തു തമ്പുരാനും മറ്റും അതിമനോരങ്ങളായ ഗാന കൃതികൾ രചിച്ചിുന്നു എന്നത് പ്രത്യേകം പ്രസ്താവ്യാണ്. അഭിനയസംഗീതത്തിന്റെ റ്റൊരു ശാഖ തുറക്കപ്പെടുന്നത് ്വാതിരുനാളിന്റെ കാലത്താണ്. ാഹിനിയാട്ടത്തെ വികസിപ്പിക്കുാനും മറ്റുമായി സ്വാതിതിരുനാളും ഇരയിമ്മൻ കുട്ടിക്കുഞ്ഞു തങ്കച്ചിയും രചിച്ചിട്ടുള്ള ഗാനങ്ങൾ സമാഹരിച്ച് സുപ്രസിദ്ധ സംഗീതജ്ഞയായ ലീലാ ഓംചേരി അടുത്തകാലത്ത് അഭിനയ സംഗീതം എന്ന ഒരു പുസ്തകം ഇറക്കിയിട്ടുണ്ട്.

### കഥകളി സംഗീതവും സോപാന സംഗീതവും

കേരളത്തിന്റെ പ്രത്യേക രീതിയെന്ന് നാം അഭിമാനിക്കുന്ന സോപാന സംഗീതം ക്ഷേത്രാന്തരീക്ഷത്തിന്റേതായ പ്രത്യേക സാഹചര്യത്തിൽ ഭക്തിരസ പ്രധാനമായി രൂപം പ്രാപിച്ചിട്ടുള്ളതാണ്. ക്ഷേത്രാന്തരീക്ഷത്തിൽ അഷ്ടപദി ഗാനാലാപനത്തിലൂടെ പുഷ്ടി പ്രാപിച്ച സോപാനസംഗീത രീതി തികച്ചും നിലകൊള്ളുന്നുണ്ട്. കഥകളി സംഗീതത്തിൽ ഈ ബന്ധം കൊണ്ടു തന്നെയാണ്. പൂർവ്വികന്മാർ കഥകളി പ്പാട്ട് സോപാന മട്ടിലാണെന്ന് പറഞ്ഞു വരുന്നത്.



കഥകളി സംഗീതം അഭിനയ സംഗീതമായതു കൊണ്ട് അതിൽ സാഹിത്യത്തിനും ഭാവത്തിനും ആണ് കൂടുതൽ പ്രാധാന്യം പദാർത്ഥാഭിനയത്തിനും തദ്വാരാ ആശയപ്രകടനത്തിനും പദങ്ങളിലെയും ശ്ലോകങ്ങളിലേയും സാഹിത്യം സ്പഷ്ടമായി അനുഭവപ്പെടേണ്ടതുണ്ട്. അഭിനയത്തിനും ഭാവപ്രകാശത്തിനും വേണ്ട പ്രേരണയും അന്തരീക്ഷവും സംഗീതത്തിൽ നിന്നു തന്നെയാണ് വേണ്ടത്. ഈ കാരണങ്ങൾ കൊണ്ടുതന്നെ സോപാന സംഗീതത്തിലെന്ന പോലെ കഥകളി സംഗീതത്തിലും രാഗാലാപനത്തിനോ സ്വരങ്ങൾ പാടുന്നതിനോ സ്ഥാനമില്ല. രാഗങ്ങൾ ഭാവങ്ങളെ സൃഷ്ടിക്കുന്നതിന് സഹായകമാവുകയും വേണം.

### കഥകളിയിൽ സംഗീതത്തിന്റെ സ്ഥാനം

സംഗീതം, സാഹിത്യം, അഭിനയം, നൃത്തം, വാദ്യം തുടങ്ങിയ വിവിധ കലാഘടകങ്ങൾ ഒത്തിണങ്ങിയിട്ടുള്ള ഒരു സംയുക്തകലയാണ് കഥകളി. ഇതിൽ സാഹിത്യം സംഗീത സ്വരൂപം കൈകൊണ്ടാണ് പ്രത്യക്ഷപ്പെടുന്നത്. പദങ്ങളും ശ്ലോകങ്ങളും ഇടകലർന്നിട്ടുള്ള ആട്ടക്കഥാസാഹിത്യം പിന്നണി സംഗീതരൂപത്തിൽ അഭിനയത്തിനു പോഷകമായി വർത്തിക്കുന്നു. ദൃശ്യരസത്തിന് പൂർണ്ണത നൽകുവാൻ ശ്രവ്യസുഖത്തിന്റെ സാന്നിധ്യത്തിന് കഴിയുന്നു. കഥകളിയിൽ സംഗീതം ഗാനം മാത്രമല്ല, അത് ദൃശ്യകലയിലെ സംഭാഷണമാണ്. മനുഷ്യഹൃദയങ്ങളിൽ ഉദയം ചെയ്യുന്ന വികാര വിചാരങ്ങളെ ഹൃദയസ്പർശിയാം വിധം പ്രതിഫലിപ്പിക്കുന്നതിനുതകുന്ന സംഗീതമാണ് ഹൃദയസംഗീതം (mood music) കഥകളി സംഗീതം ഭാവസംഗീതം, അഥവാ ഹൃദയസംഗീതം ആണ്. സംഭാഷണം സംഗീതത്തിലാണ്. അതിനു കൂട്ടുചേരാൻ മേള

മുണ്ട്. സംഗീതം ആയാലും മേളമായാലും അത് പ്രസ്താവനകളുടെയും സംഭാഷണങ്ങളുടേയും കൂട്ടുധർമ്മങ്ങൾ നിർവ്വഹിക്കാൻ തക്കവിധം ആയിരിക്കണം. ഇവിടെയാണ് കഥകളി സംഗീതത്തിന്റെ സവിശേഷത. അത് വെറും പാട്ടല്ല. അതിന്റെ മുഖ്യധർമ്മം സംവേദവും സംഭാഷണാവിഷ്ക്കാരവുമാണ്.

**കച്ചേരി സംഗീതവും കഥകളി സംഗീതവും**

സഹൃദയസദസിൽ പക്കമേളങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കുന്ന ഗാനാലാപന രീതിക്കാണ് സംഗീതകച്ചേരി എന്ന് പറയുന്നത്. അവിടെ (സംഗീതം) ഗായകനാണ് മുന്നിൽ. സാഹിത്യം പോലും സംഗീതത്തിന് വഴിമാറികൊടുക്കും, എന്നാൽ കഥകളിയിൽ സംഗീതത്തിനുള്ള സ്ഥാനം മുന്നിലല്ല, പിന്നിലാണ്. അഭിനയമാണ് മുന്നണിയിൽ. അഭിനയത്തിൽ നടന്റെ അകമ്പടിക്കാരായി പിന്നിൽ പ്രവർത്തിക്കുന്ന കലാകാരന്മാരിൽ മുഖ്യമായ സ്ഥാനം ഭാഗവതർക്കുണ്ട്.

ശുദ്ധ സംഗീതത്തിലെ മുഖ്യ ഭാവങ്ങളായ ഭക്തി, പ്രേമം എന്നിവ കൂടാതെ നവരസങ്ങളേയും അതിന്റെ പൂർണ്ണതയിൽ കഥകളി സംഗീതത്തിൽ പ്രകാശിപ്പിക്കുന്നുണ്ട്. കഥാപാത്രങ്ങളുടെ മനസ്സിൽ മിന്നിമറയുന്ന വിവിധ വികാരങ്ങളെ കാണികൾക്ക് വെളിപ്പെടുത്തുന്ന ഒരു വാങ്മയ പ്രപഞ്ച നാദധാരയാണ് കഥകളി സംഗീതം.

"നിധിചാലസുഖമാ" പാടുന്നതു പോലെയല്ല നളചരിതം ഒന്നാം ദിവസത്തിലെ കുണ്ഡിനനായിക പാടുന്നത്. രണ്ടും കല്യാണിരാഗം തന്നെ. പക്ഷെ വളരെ വ്യത്യാസം ഉണ്ട്.

കഥകളി സംഗീതത്തെ ക്രിക്കറ്റിനോടും ശുദ്ധസംഗീതത്തെ അഥവാ കച്ചേരി സംഗീതത്തെ ഫുട്ബോളിനോടും ഉപമിച്ച് ആരോ എഴുതിയത് ഞാൻ വായിച്ചതായി ഓർക്കുന്നു. ക്രിക്കറ്റിന്റെ സ്വഭാവം വേറെ ഫുട്ബോളിന്റെ സ്വഭാവം വേറെ. ക്രിക്കറ്റ് കളിക്കുന്നവന് ല്ല ആത്മവിശ്വാസം വേണം. നാലുഭാഗവും അവന്റെ പന്തു



പിടിക്കുവാൻ ആളുകൾ പിന്നിൽ വേറെ ആൾ ബൗളർ എങ്ങിനെ പന്ത് എറിയുമെന്നറിയില്ല. ഇതുപോലെയാണ് കഥകളി ഭാഗവതരും വേഷക്കാരൻ ഏതൊരു മുദ്ര എത്രയൊക്കെ വട്ടം കാണിക്കും എന്നറിയില്ല. എന്നാൽ കച്ചേരിയിൽ ഗായകനും പക്കമേളക്കാരും തമ്മിലുള്ള കൂട്ടായ്മയാണാവശ്യം. അല്ലാതെ ആത്മവിശ്വാസം മാത്രം പോര. അങ്ങിനെ ക്രിക്കറ്റ് കളിക്കാരൻ പയറ്റുന്ന വിധത്തിൽ ഉള്ള ക്ലേശങ്ങൾ അന്തർഭവിച്ചിരിക്കുന്ന സംഗീതശൈലിയാണ് കഥകളി സംഗീത ശൈലി.

**കഥകളി സംഗീതം ഇന്ന്**

മുൻകാലങ്ങളിൽ കഥകളിപ്പാട്ട് തികച്ചും അവ്യവസ്ഥിതമായിട്ടാണ് പാടി വന്നിരുന്നത്. ശാസ്ത്രീയ സംഗീതം പഠിച്ച് കഥകളി ഗായകരായി തീർന്നിട്ടുള്ളവരും കുറവായിരുന്നു. അതുകൊണ്ട് സംഗീതത്തിന്റെ മർമ്മഭൂതങ്ങളായ ശ്രുതി ലയം താളം എന്നിവയിൽ പാട്ടുകാർ അധികം നിഷ്ക്കർഷിച്ചിരുന്നില്ല. വെങ്കിടകൃഷ്ണ ഭാഗവതരുടെ കാലത്താണ് കഥകളിപ്പാട്ടിൽ സംഗീതം കൈവന്നതും ഭാവം നഷ്ടപ്പെടാതെയുള്ള അഭിനയ സംഗീതമായി മാറിയതും. അദ്ദേഹത്തിന്റെ പ്രധാന ശിഷ്യനായ കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ ഈ പ്രയത്നത്തിൽ ഗുരുവിനോടൊപ്പം തന്നെ നിന്നു പോന്നിരുന്നു. നീലകണ്ഠ നമ്പീശന്റെ ശിഷ്യന്മാരാണിന്ന് അധികമായും കഥകളി സംഗീതത്തിൽ ഭരിച്ച് വാണിരുന്നത്. മൺമറഞ്ഞുപോയ ഉണ്ണികൃഷ്ണക്കുറുപ്പും ഇന്ന് ജീവിച്ചിരിക്കുന്നവരിൽ പ്രധാനിയായ ഗംഗാധരനും മറ്റും അദ്ദേഹത്തിന്റെ ശിഷ്യന്മാർ തന്നെയാണ്.

കഥകളി പ്രേമികളിൽ ഒരു വിഭാഗം ആളുകൾക്ക് കച്ചേരികളിൽ കഥകളിപ്പാട്ടുകൾ ഉൾപ്പെടുത്തണമെന്ന അഭിപ്രായം ഉണ്ടെങ്കിലും ശുദ്ധ കഥകളി പ്രേമികൾക്ക് ഇത് അത്ര സമ്മതമല്ല. ഇതുമൂലം കഥകളിക്ക് ദോഷം വരുമെന്നാണ്. അവരുടെ വിശ്വാസം. ഇത് മുഴുവൻ ശരിയായിരിക്കണമെന്നില്ല. കഥകളി പദങ്ങൾ അതതിന്റെ യഥാർത്ഥ ശൈലിയിലും ചട്ടക്കൂടു വിടാതെയും മാതൃക കേൾപ്പിക്കാനായി കച്ചേരികളിൽ പാടിയാൽ അത് കഥകളിക്ക് ദോഷമായി ഭവിക്കും എന്നു പറയുവാൻ കഴിയില്ല. മഹാഗുരു ചെമ്പൈ വൈദ്യനാഥ ഭാഗവതർ തന്റെ കച്ചേരികളിൽ പലപ്പോഴും "സാദരം നീ ചൊന്നൊരു മൊഴിയിതു" (ബേഗഡ-കീചകവധം) "അംഗനമാർ മൗലേ"(കല്യാണി-നളചരിതം) എന്നീ പാട്ടുകൾ സുന്ദരമായും കഥകളിത്തം വിടാതെയും അവതരിപ്പിക്കാറുണ്ട് എന്ന് കേട്ടിട്ടുണ്ട്.

എന്തൊക്കെ ആയാലും കഥകളിപ്പാട്ടുകൾ കേരളത്തിന്റെ അഭിനയ പാരമ്പര്യത്തിന് ലഭിച്ച ഏറ്റവും മികവാർന്ന അഭിനയ ഗാനങ്ങളാണ് എന്ന് സൂചിപ്പിക്കാതെ വയ്യ.

*With best compliments from:*

**FASHION GIFT CENTRE**
TANA, IRINJALAKUDA

Dealers in Gift Articles, Stationary & Fancy Items



# ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വെല്ലുവിളികൾ



**അജയ് കെ.കെ.**

രണ്ടാം വർഷ

ബി.എസ്.സി. ജിയോളജി


ഭാരതത്തിന്റെ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉപജ്ഞാതാക്കൾ നമ്മുടെ ദേശീയ ജീവിതം, സംസ്കാരം ഇവയിൽ നിന്നും ബഹുദൂരം അകന്നു പ്രവർത്തിച്ചവരായിരുന്നു. വിദ്യാഭ്യാസത്തിന് ഒരു ദേശീയ ലക്ഷ്യം വേണമെന്നോ, ജനതയുടെ ബഹുമുഖപുരോഗതിക്ക് അത് നിദാനമായിത്തീരണമെന്നോ ഉള്ള ചിന്ത വിദേശിയർക്കുണ്ടാവുക സഹജമല്ലല്ലോ. സിവിൽ സർവ്വീസിൽ ആംഗലഭാഷാഭിജ്ഞരായ കുറെ പേരെ ഇന്ത്യയുടെ ഭരണ കർത്താക്കൾക്ക് ആവശ്യമായിരുന്നു. ഇക്കൂട്ടരെ സൃഷ്ടിക്കുക എന്നതു മാത്രമായിരുന്നു ബ്രിട്ടിഷ് ഭരണാധികാരികളുടെ വിദ്യാഭ്യാസപരമായ ഉന്നം. ഇത്തരം വിദ്യാഭ്യാസം നമ്മുടെ നാടിന്റെ പുരോഗതിക്ക് വിലങ്ങുതടിയായിരുന്നു.

ദേശീയബോധം നമ്മുടെ നാട്ടിൽ വളർന്നതോടുകൂടിയാണ് ജനകീയാടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങൾ ചിന്തിക്കാൻ തുടങ്ങിയത്. സ്വാതന്ത്ര്യസമരകാലത്ത്



വിദ്യാഭ്യാസ പരിഷ്കരണ വിഷയത്തിൽ വളരെയൊന്നും പ്രവർത്തിക്കാൻ നമ്മുടെ ദേശീയ നേതാക്കൾക്ക് കഴിഞ്ഞില്ല. എന്നാൽ 1947ൽ ഭാരതം സ്വതന്ത്രമായതോടെ ദേശീയ വിദ്യാഭ്യാസത്തിന്റെ സാക്ഷാൽക്കാരം സാദ്ധ്യമായിത്തീർന്നു. ഭാരതത്തിന്റെ സംസ്കാരത്തിനും പാരമ്പര്യത്തിനും പ്രതിഭക്കും യോജിച്ച ഒരു വിദ്യാഭ്യാസ സംവിധാനം ആവിഷ്ക്കരിക്കാൻ വിദ്യാഭ്യാസ വിചക്ഷണന്മാർ ഇന്നും കിണഞ്ഞു പരിശ്രമിച്ചു വരുകയാണ്.

ജനതക്ക് സമഗ്രമായ പ്രയോജനം കൈ വരുത്താൻ പര്യാപ്തമാവണം ദേശീയ വിദ്യാഭ്യാസം. നിലവിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം എന്താണ് ചെയ്യുന്നത്? അഭ്യസ്ത വിദ്യരുടെ ഒരു വർഗ്ഗത്തെ നമ്മുടെ നാട്ടിൽ സൃഷ്ടിക്കുന്നു. വിദ്യാഭ്യാസം സഫലമാവണമെങ്കിൽ അത് ഓരോ ഘട്ടത്തിലും പഠിതാക്കൾക്ക് പ്രയോജനകരമായിത്തീരണം. ഇന്നത്തെ പ്രാഥമിക സെക്കണ്ടറി വിദ്യാഭ്യാസം പഠിതാക്കളെ സർവ്വകലാശാലയെ ലക്ഷ്യമാക്കി തള്ളി വിടുകയാണ്.


ആശംസകളോടെ.....

സേവനത്തിൽ വിനയവും വിശ്വസ്തതയും

**മേയർ ലെതർ വർക്ക്സ്**

റൗണ്ട് സൗത്ത്, തൃശൂർ - 1, ഫോൺ : 425317

പക്ഷെ കോളേജിൽ എത്തിച്ചേരുന്നവർ എത്ര കുറവാണ്. മാത്രമോ, അനർഹർ എത്രപേരാണ് കോളേജുകളിലേക്ക് തള്ളിക്കയറാൻ വ്യഗ്രത പ്രദർശിപ്പിക്കുന്നത്. ഈ ദുഃസ്ഥിതി കാരണമാണ് ഇന്നത്തെ പ്രാഥമിക സെക്കണ്ടറി വിദ്യാഭ്യാസം ലക്ഷ്യനിഷ്ഠമല്ലെന്ന് പറയുന്നത്. വിദ്യാഭ്യാസത്തിലെ ഓരോ ഘട്ടവും പൂർത്തിയാക്കുന്നവർക്ക് അവരവരുടെ വാസനക്കനുയോജ്യമായ സരണികളിലേക്ക് തിരിയാൻ സാങ്കേതിക തൊഴിൽ പരിശീലന രംഗങ്ങൾ സജ്ജമാക്കേണ്ട കർത്തവ്യമാണ് വിദ്യാഭ്യാസ സംവിധായകർക്കുള്ളത്. നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാനും ഇതൊരു ഫലപ്രദമായ മാർഗ്ഗമായിരിക്കണം.

ദേശീയ വിദ്യാഭ്യാസം സർവ്വസ്പർശി ആയിരിക്കേണ്ടത് അത്യാവശ്യമാണ്. ജനതയുടെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു വശത്തേയോ ചില വശങ്ങളെ മാത്രമോ സ്പർശിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം അപൂർണ്ണമായിരിക്കും. സമൂഹത്തിന്റെ ഭാഗികമായ വളർച്ചയ്ക്കേ അത് പര്യാപ്തമാകൂ. നവീന വിദ്യാഭ്യാസത്തിൽ പൗരത്വത്തിന് പ്രധാന സ്ഥാനമാണുള്ളത്. മത്സരത്തിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയിലെ പൗരത്വമാണിന്നുള്ളത്. അത് ഒരു വികലമായ പൗരത്വമാണം. ഇന്ന് ഒരാളുടെ നഷ്ടം മറ്റൊരാളുടെ ലാഭമാണ്. നിയമത്തിന്റെ മറവിൽ നിന്ന് കൊണ്ട് എത്ര കടുത്ത ചൂഷണവും നടത്താം. അങ്ങേയറ്റത്തെ സാമൂഹികദ്രോഹത്തിന് നേരെ ഒരു ചെറുവിരൽ പോലും അനങ്ങുകയില്ല. നിയമങ്ങൾ നമ്മുടെ സാമൂഹ്യ മനസ്സാക്ഷിയെ മരവിപ്പിച്ചിരിക്കുകയാണ്. അത് ഉണരണമെങ്കിൽ പുതിയൊരു പൗരത്വം രൂപം കൊള്ളണം. ലാഭനഷ്ടചിന്ത ജനതയുടെ ജീവിതത്തിൽ നിന്നും തിരോഭവിച്ചാലേ ഇത് സാദ്ധ്യമാകൂ. വർഗ്ഗവർണ്ണവിഭാഗ ചിന്തകൾക്കതീതമായി പൊതു നന്മയെ ലക്ഷ്യമാക്കിയാണതു വളരുക. ഈ പൗരത്വത്തിന്റെ സ്യഷ്ടാക്കൾ ചിന്തകന്മാരും വിദ്യാഭ്യാസ വിചക്ഷണന്മാരുമായിരിക്കണം. നല്ല ഭരണകർത്താക്കളെ വാർത്തെടുക്കുന്ന മൂശകളാണ് ദേശീയവിദ്യാലയങ്ങൾ. ജനായത്തഭരണതത്വങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവരായിരിക്കണം, ഭരണനേതാക്കന്മാർ. അവർ പവിത്രമായ ഭരണഘടനയെ മാനിക്കാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. സാമാന്യമനുഷ്യന്റെ പ്രതിനിധികളാണ് തങ്ങളെന്ന വിചാരമായിരിക്കണം ഭരണമണ്ഡലങ്ങളിൽ ഉയർന്ന സ്ഥാനത്തിരിക്കുന്നവരെ നയിക്കേണ്ടത്. ശാന്തമായി തീരുമാനങ്ങൾ എടുക്കാനും സഹിഷ്ണുത പ്രകടിപ്പിക്കാനും നിഷ്പക്ഷബുദ്ധി പ്രകടമാക്കാനും അവർ സദാസന്നദ്ധരായിരിക്കേണ്ടതാണ്. ഡമോക്രാറ്റിക് ജീവിതത്തിന്റെ അടിസ്ഥാനം ഉത്തമമായ വിദ്യാഭ്യാസമാണ്. സർവ്വാധിപത്യ.ത്തിന്റേതിൽ നിന്ന് വളരെ വിഭിന്നമാ

CHINNAVA
MEDICAL RESEARCH FOUNDATION
WORKING TOGETHER FOR A HEALTHIER MILLENNIUM

മഹബൂബ്
ഡയഗണോസ്റ്റിക് സെന്റർ
കമ്പ്യൂട്ടറൈസ്ഡ് ലബോറട്ടറി
മൈക്രോബയോളജി, ബയോകെമിസ്ട്രി, പത്തോളജി, ഇ.സി.ജി.

SKIN CARE CENTRE CHALAKUDY
സ്കിൻ
കെയർ സെന്റർ
ത്വക്ക് രോഗ ചികിത്സാകേന്ദ്രം
ഡോ. സി.എം. ഹാരിദ് M.B.B.S., M.D.. (Skin & STD)

ആതിഖ് പെയ്ൻ ക്ലിനിക്
ഹോം കെയർ ഫിസിയോതെറാപ്പി ആന്റ് റിഹാബ്
ഫിസിയോ തെറാപിസ്റ്റ് - ഷെറിൽ ജോൺ B.P.T.

Physician's
CLINIC
ഫിസിഷ്യൻസ് ക്ലിനിക്
മെഡിസിൻ വിഭാഗം
ഡോ. വി.എസ്. വിൻസെന്റ് ( M.B.B.S., M.D. (Gen. Med)

Near Police Station, Palace Road, Chalakudy , Tel : 843889, 847889

ണാത്. വിദ്യാഭ്യാസ മണ്ഡലത്തെ കൈയ്യടക്കിയാണ് സർവ്വാധിപത്യം എവിടെയും പുലർന്നിട്ടുള്ളത്. ഏകശാസന ഭരണത്തിൽ കീഴിൽ സ്വതന്ത്രചിന്തക്ക് സ്ഥാനമുണ്ടാവുകയില്ല. പൗരന്മാർ ചോദ്യം ചെയ്യാതെ യാന്ത്രികമായി ആജ്ഞ അനുസരിക്കണം. വിദ്യാഭ്യാസം പട്ടാളച്ചിട്ടയിലുള്ളതായിരിക്കും. അതിന്റെ ലക്ഷ്യം ഡമോക്രാറ്റിക് അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസം യുവാക്കൾക്ക് സ്വതന്ത്രമായി ചിന്തിക്കാനും സ്വന്തം ജീവിതസരണികൾ നിർബാധം തെരഞ്ഞെടുക്കാനും അവസരം നൽകുന്നു.

ദേശീയ ഐക്യത്തിനും നിദാനമാവണം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. വിഭിന്ന മതങ്ങൾ, വ്യത്യസ്ത സംസ്ക്കാരങ്ങൾ വർഗ്ഗ ഭേദങ്ങൾ ഇവയൊക്കെ ഭാരതത്തിൽ ദൃശ്യമാണ്. വിദേശികളുടെ ആക്രമണത്തിന് ഈ രാജ്യം നിരവധി പ്രാവശ്യം വിധേയമായി തീർന്നു. നൂതന സംസ്കാരത്തോടെ കൂടിയ ജനങ്ങൾ വിജിഗീഷുക്കളായി തങ്ങളുടെ ആധിപത്യം ഇവിടെ ഉറപ്പിക്കാനിടയായി. പക്ഷെ അവർ തങ്ങളുടേതായ സംസ്കാര സമ്പത്ത് ഭാരതത്തിന് അർപ്പിച്ചു. ഇന്ത്യയുടെ പൊതു സംസ്ക്കാരത്തെ അവർ സമ്പുഷ്ടമാക്കി. കാലക്രമേണ വൈവിധ്യം നിറഞ്ഞ ഒരു സാംസ്കാരിക സമ്പത്ത് ഭാരതത്തിന് സ്വന്തമായി തീർന്നു. വൈവിധ്യത്തിൽ ഏകത്വം ദർശിക്കാൻ കഴിയുമെങ്കിൽ അത് ഭാരതത്തിൽ തന്നെയാണ്. ഈ ഏകത്വം കാത്തുസൂക്ഷിക്കാൻ പര്യാപ്തമായിരിക്കണം നമ്മുടെ വിദ്യാഭ്യാസം. വിദ്യാഭ്യാസം പ്രവർത്തിന്മുഖമായിരിക്കണം എന്ന വാദത്തിന് ഇന്ന് സാർവ്വത്രികമായ അംഗീകാരം സിദ്ധിച്ചിട്ടുണ്ട്. പക്ഷെ കർമ്മോന്മുഖമായ ബോധന സമ്പ്രദായം നമ്മെ ബുദ്ധിപരമായ പാപ്പരത്തത്തിലേക്ക് നയിക്കുമോ? നല്ലൊരു വിദ്യാഭ്യാസ സമ്പ്രദായത്തിന് ബുദ്ധിപരമായ ശിക്ഷണത്തിനും സമുന്നതമായ സ്ഥാനമുണ്ടായിരിക്കും. ജീവിതവ്യാപാരങ്ങളിൽ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാനുള്ള കഴിവു തന്നെയാണ് ഈ ബുദ്ധിപരമായ ശിക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. വൈവിദ്ധ്യപൂർണ്ണങ്ങളായ സാഹചര്യങ്ങളെ നമുക്ക് അഭിമുഖീകരിക്കേണ്ടതായി വരും. അവ നേരിടേണ്ടത് വ്യത്യസ്ത മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടായിരിക്കും. എന്നാൽ ഒരു സുശിക്ഷിത മനസ്കന് അതൊരു വലിയ പ്രശ്നമായിരിക്കില്ല. കാരണം സ്വയം തീരുമാനങ്ങൾ എടുക്കാനും ബുദ്ധിപൂർവ്വകമായ നിലപാടുകൾ കൈകൊള്ളാനും മാനുഷികമൂല്യങ്ങളെ ഉയർത്തിപിടിക്കാനും അയാൾക്ക് തീർച്ചയായും കഴിയും.

മാനവ സമുദായ ഐക്യം ഒരു ആദർശത്തിന്റെ തലത്തിൽ നിന്ന് ഒരു യഥാർത്ഥ്യത്തിന്റെ തലത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് ഇന്ന് ആരും സമ്മതിക്കും. രാഷ്ട്രങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തിന് വേണ്ടി വാദിക്കാത്തവരില്ല. ഈ സഹവർത്തിത്വ ബോധം വിദ്യാലയങ്ങളിൽ വെച്ച് രൂപം കൊള്ളേണ്ടതാണ്. ദേശീയ വിദ്യാഭ്യാസം സർവ്വോപരി മാനവ സഹവർത്തിത്വചിന്തയിൽ അധിഷ്ടിതമായിരിക്കണം. ആദർശങ്ങളെ താലോലിക്കാനും ആരാധനാമൂർത്തികളെ ഉപാസിക്കാനും വ്യഗ്രത പ്രദർശിപ്പിക്കുന്നവരാണ് നമ്മുടെ യുവജനങ്ങൾ എങ്കിലും മനുഷ്യാരാധകരാകുവാൻ വിദ്യാഭ്യാസം ഇനിയും അവരെ പ്രാപ്തരാക്കിയിട്ടില്ല. അധഃസ്ഥിതരെ ഉയർത്താനും നിരാലംബരെ താങ്ങാനും സേവനം ജീവിതാദർശമാക്കാനും യുവലോകത്തിന് ഉത്തേജനം നൽകുന്ന ദേശീയ വിദ്യഭ്യാസമേ യഥാർത്ഥത്തിൽ ലക്ഷ്യനിഷ്ഠമാവൂ എന്നുള്ളത് തീർച്ചയാണ്.

ആശംസകളോടെ....................

## മോഹം ജ്വല്ലേഴ്സ്

ഠാണാ, ഇരിങ്ങാലക്കുട.

*With best Compliments from :-*

## AMMUS COPY TECH

AGEES SHOPPING COMPLEX,

OPP-GOVT. HOSPITAL, IRINJALAKUDA

*Centre for : Electronic Typing, Photostat & Job Typing*


Ph : 827636 (Off), 820182 (Res.)

കമനീയ

വസ്ത്രങ്ങളുടെ കലവറ

# ഫാഷൻ ഫെബ്രിക്സ്

തൃശ്ശൂർ



# JIJU BAKERY

STANDARD SWEETS

GANDIGRAM, IRINJALAKUDA 680 121

**Ph : Shop: 823377, 826377**

**Resi : 827477**

വീണ്ടും ഒരു ലോകസഭാ

തിരഞ്ഞെടുപ്പിലേക്ക്..........

രാഷ്ട്രീയ സാഹചര്യങ്ങൾ

മാറിത്തുടങ്ങുന്നു.

ഏകകക്ഷിഭരണം വഴിമാറിത്തുടങ്ങിയോ?

ദേശീയനേതാക്കൾക്ക്

സർവ്വസമ്മതരാകാൻ കഴിയുന്നുണ്ടോ?

യുവത്വത്തിന്റെ പ്രതീക്ഷകൾ

സാക്ഷാത്ക്കരിക്കപ്പെടുന്നുണ്ടോ?

വിദ്യാർത്ഥികൾ മനസ്സുതുറക്കുന്നു............

# എന്റെ സ്വപ്നത്തിലെ കേന്ദ്രഗവൺമെന്റ്

**When you choose a career with us, there's no looking back.**

Spend only 6 months to become an Engineer or a Draughtsman. We offer you

**DDEA**

(Diploma in Draughting & Engg. Applications)

**IRS**

*" Spend less Worry Less" Join Hands with us*

| | |
|---|---|
| Windows '98 | 4 Weeks |
| Oracle 8 | 3 Months |
| Dev2000 | 2 Months |
| Multimedia | 6 Months |
| AutoCad | 4 Months |
| Hardware Training | 6 Months |
| Internet, Java | 2 Months |
| PGDCA | 12 Months |
| C++, Visual C++ | 4 Months |
| Diploma in Computerised Financial Accounting | 4 Months |

*Franchise:*

**DIGITAL**

***Computer Technology***
***Catholic Centre, Irinjalakuda***

**Ph : 822449, E-Mail : - Jyothis@md3-vsnl.net.in**

***Centers at:***

***Trichur, Chalakudy, Perumbavoor, Ankamaly, Kodungalloor, Triprayar, Guruvayoor, Kunnamkulam, Vadakkanchery, Edapal, Peramangalam.***



# ആദർശധീരമായ ഒരു ഗവൺമെന്റ്

**ഡിന്റോ ഡി. അക്കര**

ഒന്നാം വർഷ പി.ഡി.സി.

"മൂല്യാധിഷ്ഠിതമായ സുസ്ഥിര ഗവൺമെന്റ് എന്നത് അചിന്ത്യമായിരിക്കുന്ന കാലഘട്ടത്തിൽ ആദർശങ്ങളുടേയും ഒരുപാട് വാഗ്ദാനങ്ങളുടേയും മോഹവലയത്തിൽ മാത്രം ഉദിക്കുന്ന ഗവൺമെന്റ് എത്രമാത്രം അതിൻറെ കടമകൾ നിർവ്വഹിക്കും എന്നത് നമുക്ക് പ്രവചിക്കാനാവില്ല. നേതാവിന്റെ പ്രസംഗത്തിന് കൂലിക്ക് ആളെ കൊണ്ടുവന്ന് കൈയ്യടിക്കുകയും ജയ് വിളിക്കുകയും ചെയ്യുന്ന ഭാരതത്തിൽ, വിദേശിയുടേയും സ്വദേശിയുടേയും പേരു പറഞ്ഞ് മുതലെടുപ്പ് നടത്തുന്ന ഭാരതത്തിനും യുവരക്തത്തിൽ വിഭാഗീയ മാർഗ്ഗം ചിന്തകളുടെ വിഷം കലർത്തി അവരുടെ തലച്ചോർ മരവിപ്പിച്ച് അവരെ പരസ്പരം തമ്മിലടിപ്പിച്ച് ചോരയൊഴുക്കുന്ന ഭാരതത്തിൽ, ആദർശധീരമായ ഒരു ഗവൺമെന്റ് എന്നത് ഒരു കാണാക്കിനാവായി തീർന്നിരിക്കുന്നു. തുടർച്ചയായ തെരഞ്ഞെടുപ്പിലൂടെ ജനത്തെ അമ്പരപ്പിക്കുകയും സാമ്പത്തിക മാന്ദ്യത്തിലേക്ക് ഭാരതത്തെ തള്ളിയിടുന്ന ഇന്നത്തെ രാഷ്ട്രീയക്കാർക്ക് ജനങ്ങളുടെ വിശ്വാസത്തെ പൂർത്തീകരിക്കാനാവുമോ. എങ്കിലും പ്രതീക്ഷിക്കാം ആദർശധീരമായ സുസ്ഥിരമായ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കുന്ന , ജനങ്ങളുടെ വിശ്വാസം കാത്തുസംരക്ഷിക്കുന്ന, ഭാരതത്തിന്റെ മതേതരത്വം നിലനിർത്തികൊണ്ട് എല്ലാവരുടേയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ഒരു ഗവൺമെന്റുണ്ടാകുമെന്നത്."

ഡേവിഡ് ക്രിസ്റ്റിന്റെ

COMPLETE SPOKEN ENGLISH

**TECHNIQUES PARTS - 1 II AND III**

Published by

Million Publications, Cathedral Junction, Irinjalakuda.

Tel : 827259

The Author takes spoken English classes at

**OXFORD SPOKEN ENGLISH COLLEGE**

NP Complex, Mannath Lane, M.O. Road, Trichur

**With best compliments from :**

# THOMSON
## P V C P I P E S
### A Kanichai Product

**കൂടുതൽ കാലം നിങ്ങൾക്കുവേണ്ടി**

---

# വില്ലീസ് റെഡിമെയ്ഡ്സ്
## ജെന്റ്സ് & ബോയ്സ്

**ആൺകുട്ടികൾക്കും പുരുഷന്മാർക്കും മാത്രമായിട്ടുള്ള**
**ഇരിങ്ങാലക്കുടയിലെ**
**ഏക റെഡിമെയ്ഡ് ഡ്രസ്സുകളുടെ ഷോറൂം**

**ഠാണാ, മെയിൻ റോഡ്, ഇരിങ്ങാലക്കുട ഫോൺ : 821855**

(പ്രശസ്തമായ കറാൽക്കട മുണ്ടുകളും ഇവിടെ ലഭിക്കുന്നു)



# കൂട്ടുകക്ഷി ഭരണത്തിന്റെ പ്രസക്തി

**ഡിജു എസ്. നായർ**

രണ്ടാം വർഷ ഡിഗ്രി
ജിയോളജി

വിശ്വസിക്കുന്ന ആദർശങ്ങളെ സ്വന്തം നിലനിൽപിനുവേണ്ടി സൗകര്യപൂർവ്വം മറന്നുകൊണ്ട് അവസരവാദപരമായ സമീപനം കാണിക്കുന്ന രാഷ്ട്രീയ പാർട്ടികൾ യഥാർത്ഥത്തിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ്. ഈ അവസരത്തിൽ സമ്മതിദാനം ഒരു ഭാരമായി ത്തീർന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കൂട്ടുകക്ഷി ഗവൺമെന്റ് എന്നത് വളരെ പ്രസക്തമായിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ അങ്ങനെയുള്ള ഒരു ഗവൺമെന്റുണ്ടായാൽ തന്നെ അത് സ്വന്തം കക്ഷികളുടെ സ്വാർത്ഥലാഭത്തിനുവേണ്ടി നിലകൊള്ളുമെന്നതിന് യാതൊരു സംശയവുമില്ല. സ്വാർത്ഥലാഭത്തിനുവേണ്ടി ഭരണഘടന വരെ മാറ്റിയെഴുതുമെന്ന് പല ദേശീയ പാർട്ടികളും പ്രകട പത്രികയിറക്കിയ സ്ഥിതിക്ക് ജനാദിപത്യത്തിന്റെ ഫലമായ ഗവൺമെന്റ് എന്നത് പൂർണമായും ആ അർത്ഥത്തിൽ തന്നെ ഉൾകൊള്ളുന്ന ഗവൺമെന്റ് ഉണ്ടാകുമോ എന്ന് മറുചോദ്യം ചോദിക്കേണ്ടിയിരിക്കുന്നു.

ഈ അവസ്ഥയിൽ തീർച്ചയായും ഒരു ഏകാധിഭരണം അഥവാ രാഷ്ട്രപതി ഭരണം എന്ന സങ്കല്പം വിദൂരമല്ല. അതിനുള്ള സാദ്ധ്യത കുറവാണെന്നിരിക്കെ വീണ്ടും ഒരു സുസ്ഥിര ഗവൺമെന്റ് എന്ന ആശയം വരുന്നു. അങ്ങനെയെങ്കിൽ അത് ഒരു കെട്ടുറപ്പുള്ള ഭരണം കാഴ്ചവയ്ക്കുന്ന സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്ന മതേതരത്വം ഉദ്ഘോഷിക്കുന്ന വർഗ്ഗീയതയില്ലാത്ത പ്രതിരോധനയമുള്ള ഒരു ഗവൺമെന്റായിരിക്കണം ഉണ്ടാകേണ്ടത്. അങ്ങനെ ഒരു ഗവൺമെന്റുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# സുസ്ഥിരമായ ഗവൺമെന്റ്



**റെനീഷ് കെ. ആർ.**

ഒന്നാം വർഷ പി.ഡി.സി.

സാമ്പത്തിക ബാദ്ധ്യതയിലേയ്ക്ക് ഭാരതത്തെ തള്ളിവിടുന്ന തുടർച്ചയായ തെരഞ്ഞെടുപ്പുകളിലുടെ എന്നും സജീവമാണ് നമ്മുടെ രാഷ്ട്രീയ രക്തം. കൂട്ടുകക്ഷി ഗവൺമെന്റുകൾ സഖ്യകക്ഷികളുടെ പിടിവാശികൾക്ക് മുൻപിൽ പകച്ചു നിൽക്കുന്ന ഇന്നത്തെ ജനാധിപത്യ ഗവൺമെന്റുകൾ എത്രമാത്രം തങ്ങളുടെ കടമകൾ നിറവേറ്റുന്നുവെന്നത് ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഭാരതഭൂമിയിൽ അങ്ങുമിങ്ങും അക്രമങ്ങളും അനീതികളും നടമാടുന്ന സമയത്ത്പോലും ആവിശ്വാസവും, വിശ്വാസവുമായിരുന്നു നമ്മുടെ നേതാക്കൻമാരുടെ ചിന്താവിഷയം.

ഭാരതത്തിലെ മറ്റെല്ലാ പൗരൻമാരുടെതെന്നപോലെ സുസ്ഥിരമായ ഒരു ഗവൺമെന്റാണ് എന്റെ സ്വപ്നത്തിലുള്ളത്. രാഷ്ട്രം പുരോഗതി കൈവരിക്കണമെങ്കിൽ സുസ്ഥിരമായ ഒരു സർക്കാർ അനുപേക്ഷണീയമാണ്. ഇന്നത്തെ സാഹചര്യത്തിൽ ഭാരതഭൂമിൽ ഒരു സുസ്ഥിര സർക്കാർ. സ്വപ്നം കാണാൻ മാത്രം കഴിയുന്ന ഒന്നാണ് . കാരണം ഒറ്റ കക്ഷി ഗവൺമെന്റിൽ മാത്രമേ സുസ്ഥിരമായ ഒരു ഭരണം കാഴ്ചവയ്ക്കാൻ കഴിയുന്നുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ അക്കാര്യം അസംഭവ്യവുമാണ്.

സുസ്ഥിരമായ ഒരു സർക്കാർ എന്നപോലെ തന്നെ അനുപേക്ഷനീയമാണ് പ്രതികൂല സാഹചര്യങ്ങളിൽ പോലും സമചിത്തതയോടുകൂടി പ്രതികരിക്കുന്നു ജനനായകൻമാർ. ഭാരത മക്കൾക്ക് മുൻപിൽ കോമാളിത്തം കാണിക്കുന്ന ഒരു കൂട്ടം ജനനായകൻമാരെയല്ല നമുക്കാവശ്യം. ശക്തമായ ആദർശങ്ങളോടുകൂടിയ നേതാക്കൻമാരെയാണ്.

സ്വപ്നം മാത്രം കാണാൻ കഴിയുന്ന ഇത്തരം ഗവൺമെന്റുകൾ ഭാരതമണ്ണിൽ പുനർജനിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# ധനമിത്ര

## കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

**(ജനവിശ്വാസത്തിന്റെ പര്യായം)**

രജി. നമ്പർ 10687/96

ക്രൈസ്റ്റ് കോളേജ് ജംഗ്ഷൻ, തൃശൂർ റോഡ്, ഇരിങ്ങാലക്കുട

ഫോൺ : 825744,828744,826601 ബ്രാഞ്ച് : ഫരീദാബാദ് & ജമ്മു-താവി)

- ▲ രണ്ട് വർഷത്തിനുള്ളിൽ സ്വന്തമായി കെട്ടിടം പണിത ഇരിങ്ങാലക്കുടയിലെ ഏക കുറിസ്ഥാപനം
- ▲ 3 വർഷത്തിനുള്ളിൽ 21 കുറികൾ !
- ▲ ഒരു കോടിയിലധികം സല
- ▲ 3500ൽ പരം സംതൃപ്തരായ വരിക്കാർ

| ജോസ് കോമ്പാറ | എൻ. എൻ. ശശികുമാർ | ജോസ് മൊയലൻ |
|---|---|---|
| (ചെയർമാൻ) | (ഡെ.ചെയർമാൻ) | (മാനേജിംഗ് ഡയറക്ടർ) |

---

With best compliments from : Ph : 823896

# UNIVERSITY STUDY CENTRE

**MAIN ROAD, IRINJALAKUDA**

Tutions for

PDC, Plus Two, V.H.S.E., CBSE

&

Coaching classes for Med/Engg. Entrance Exam.

---

# ചൈതന്യ

**സിറ്റി ഹൈറ്റ്സ്, സൗത്ത് ചാലക്കുടി**

ഫോൺ : 843468

VIMAL®

# ONLY VIMAL

ഭാരതത്തിലും വിദേശത്തും പ്രശസ്തിയാർജ്ജിച്ച വിമൽ ടെക്സ്റ്റൈൽസിന്റെ മികവുറ്റ യൂണിഫോം തുണിത്തരങ്ങൾക്കും, വസ്ത്രങ്ങൾക്കും.



# മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം

**സീന കെ.എസ്.**

രണ്ടാം വർഷ ഡിഗ്രി
കെമിസ്ട്രി

ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഭാരതം. ഏതൊരു പാർട്ടിയും കേന്ദ്രഗവൺമെന്റ് രൂപീകരിച്ച് ഭരണം കൈമാറിയാൽ ജനാധിപത്യത്തിന്റെ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വേണം മുന്നോട്ട് നീങ്ങുവാൻ. ജനങ്ങളുടെ വിശ്വാസം നേടുക മാത്രം പോര, അത് നിലനിർത്തി കൊണ്ട് പോകുകയും വേണം. അതിനായി ഫലപ്രദമായ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിൽ ഭാരതത്തിന്റെ സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. ആഭ്യന്തര പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യംകൊടുത്ത് തീവ്രവാദവും മറ്റും നിരുത്സാഹപ്പെടുത്തി രാഷ്ട്രത്തിന്റെ അഖണ്ഡതയെ സംരക്ഷിക്കണം. അതിനോടൊപ്പംതന്നെ നമ്മുടെ രാജ്യത്തുള്ള ദരിദ്രർക്കും, തൊഴിലില്ലാത്തവർക്കും നേരെ കണ്ണടക്കാതെ അവരുടെ സഹായത്തിനായി പല ഉപയോഗപ്രദമായ പദ്ധതികളും പ്രാവർത്തികമാക്കണം. ഇതിൽ പ്രത്യേക വിഭാഗക്കാരെ മാത്രം പരിഗണിച്ചാൽ പോര, ഏതൊരു തലത്തിലും സ്ത്രീപുരുഷസമത്വവും ജാതിമതവ്യത്യാസവും കൂടാതെയുള്ള പ്രവർത്തനമാണ് ഇവിടെ അത്യാവശ്യം. എല്ലാ തരത്തിലും ഇന്ത്യയെ അടുത്ത നൂറ്റാണ്ടിലേക്ക് ശക്തമായ രാജ്യമാക്കി മാറ്റുവാൻ കഴിവുള്ള ഒരു കേന്ദ്രഗവൺമെന്റ് ആണ് ആവശ്യം. ഇതിനായ് ഒറ്റകക്ഷി ഭരണമാണ് അഭികാമ്യമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

# ആദർശാധിഷ്ഠിതമായ ഗവൺമെന്റ്



**ശ്രീജയ്കൃഷ്ണ**
ഒന്നാം വർഷ പി.ഡി.സി

നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ ആദർശം കാത്തുസംരക്ഷിക്കുകയും അതിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒരു സുസ്ഥിരമായ ഗവൺമെന്റാണിന്ന് നമുക്കാവശ്യം. ഗ്രാമങ്ങളിൽ കഴിയുന്ന പട്ടിണിപാവങ്ങളേയും പ്രാസാദങ്ങളിൽ കഴിയുന്ന പ്രമാണിമാരേയും സമഭാവനയോടെ വീക്ഷിക്കുന്ന ഒരു ഗവൺമെന്റ്. ഇന്ത്യ പോലെ മഹത്തായ ഒരു രാജ്യം ഭരിക്കുമ്പോൾ സ്വന്തം ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകാതെ രാജ്യത്തിലെ മുഴുവൻ ജനങ്ങളും ഒരേ പോലെ ആഗ്രഹിക്കുന്ന നല്ല സംരംഭങ്ങൾക്ക് തുടക്കം കുറിക്കേണ്ടതും ഒരു നല്ല ഗവൺമെന്റിന്റെ കർത്തവ്യമാണ്. വ്യവസായങ്ങളിലൂടെ മാത്രമേ ഒരു രാജ്യം വികസിതമാവുകയുള്ളൂ എന്ന ഈ സന്ദർഭത്തിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുകയും അതുവഴി കൂടുതൽ യുവജനങ്ങൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുകയും വേണം. സാക്ഷരതയുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന ഇന്ത്യ സാമ്പത്തിക നിലയിൽ പിന്നോക്കം പോവുന്നത് ശരിയായ ആസൂത്രണമില്ലായ്മയാണ് കാണിക്കുന്നത്. ഏതൊരു രാജ്യത്തിനും വികസനത്തിനുള്ള പ്രധാന ഘടകമാണ് ശരിയായ ആസൂത്രണം. ഇതിനെല്ലാമുപരി ഒരു ശരിയായ ഭരണാധികാരികൾക്ക് വേണ്ടത്. പരോപതകാരമേ പുണ്യം പാപായ പരപീഡനം എന്ന ആത്മീയധർമ്മമാണ്.

*With Best Compliments*

# DHARMAPOSHANA COMPANY

ആശംസകളോടെ

ട്രസ്റ്റിമാർ

*With Best Compliments from:*

Bashi's

## Paint & Paints

**Dealers in Paint & Hardware**

BASHI TOWER, BUS STAND VIEW, IRINJALAKUDA

**ASIAN PAINTS** *With Colour world*

**I.K..M. Complex, Opp. Kodungallur Bus Stop, Irinjalakuda. Ph : 822380**

## സ്വർണ്ണപണയ വായ്പ
## പവന് 2400 * ക വരെ

**മണപ്പുറം**

ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ്

(അഡ്. ഓഫീസ് : വലപ്പാട്)

ഫോൺ : 641892, 642718, 642872, ഫാക്സ്: 641306


ഓഫീസുകൾ

| | | |
|---|---|---|
| തൃശൂർ | : | 382340 |
| ഒളരി | : | 362807 |
| വാടാനപ്പിള്ളി | : | 631604 |
| ഏങ്ങണ്ടിയൂർ | : | 791368 |
| ചാവക്കാട് | : | 508512 |
| വലപ്പാട് | : | 642871 |
| ചെന്ത്രാപ്പിന്നി | : | 878019 |
| പെരിഞ്ഞനം | : | 814853 |
| കൊടുങ്ങല്ലൂർ | : | 804266 |
| പെരിങ്ങോട്ടുകര | : | 644674 |
| ചാലക്കുടി | : | 843930 |
| വടക്കാഞ്ചേരി | : | 430133 |
| കുന്നംകുളം | : | |
| ഒല്ലൂർ | : | 351131 |
| ചേലക്കര | : | |

* പ്രത്യേക സ്കീമിൽ

1000 ക.ക്ക് മാസപലിശ 17.50 ക.വരെ. പണയം നിലനിന്ന ദിവസങ്ങൾക്കുമാത്രം പലിശ കണക്കാക്കുന്നു. അതായത് ഒരു ദിവസമാണ് എങ്കിൽ ആ ദിവസത്തേക്ക് മാത്രം.

**പ്രവൃത്തിസമയം രാവിലെ 8.30 മുതൽ വൈകീട്ട് 5.00 മണി വരെ (ശനി ഉൾപ്പെടെ)**



# ദേശീയ സുരക്ഷ

**രാജു പി.**

രണ്ടാം വർഷ ഡിഗ്രി
കെമിസ്ട്രി

21-ാം നൂറ്റാണ്ടിലേക്ക് ഇന്ത്യയെ നയിക്കുവാൻ പ്രതിഭാശാലിയും ദീർഘവീക്ഷണമുള്ള ഒരു പ്രധാനമന്ത്രിയുടെ കീഴിൽ സ്ഥിരതയും കാര്യക്ഷമവുമായ ഒരു ഗവൺമെന്റായിരിക്കണം ഭാവിയിലേത്. പ്രധാനമന്ത്രിയുടെ കാബിനറ്റ്അംഗങ്ങൾക്ക് അതാത് വകുപ്പുകൾ കൈകാര്യം ചെയ്യുന്നതിന് കാര്യപ്രാപ്തിയുള്ളവരായിരിക്കണം. നമ്മുടെ രാജ്യം നേരിടുന്ന പ്രധാനപ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമങ്ങളും അത്യാവശ്യമാണ്. സാമ്പത്തിക രംഗത്ത് വിദേശസാമ്രാജ്യശക്തികളുടെ സമ്മർദ്ദങ്ങളും ഭീക്ഷണികൾക്കും വഴങ്ങാതെ വിദേശകടബാധ്യത കുറച്ചുകൊണ്ട് വരുന്നതിന് ശ്രമിക്കണം. ഇന്ത്യൻ പൊതുജീവിതത്തിന്റെ തീരാശാപമായ അഴിമതിയുടെ കറപുരളാത്തതായിരിക്കണം ഭാവിയിലെ ഗവൺമെന്റ്. അയൽരാജ്യങ്ങളുമായി സൗഹൃദത്തിൽ കഴിയുന്നതിന് ശ്രമിക്കുന്നതോടൊപ്പം തന്നെ ദേശസുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകരുത്. ഇന്ത്യൻ ദേശീയതയിലും സ്വദേശി നയത്തിലൂന്നി വേണം പുതിയ ഗവൺമെന്റ് പ്രവർത്തിക്കേണ്ടത്. ഇപ്പോഴത്തെ ലോകസാഹചര്യത്തിൽ, ഇന്ത്യ തുടർന്നു വരുന്ന വിദേശ പ്രതിരോധ നയങ്ങൾ ആവശ്യമെന്ന് കണ്ടാൽ പുനഃപരിശോധിക്കണം. അതിർത്തിക്കപ്പുറത്തുനിന്നുള്ള പ്രകോപനപരമായ നടപടികളേയും അതിർത്തികടന്നുള്ള തീവ്രവാദത്തേയും വേണ്ടരീതിയിൽ തന്നെ കൈകാര്യം ചെയ്യണം. പ്രതിരോധ ശാസ്ത്രസാങ്കേതിക വിദ്യ സ്വയം വികസിപ്പിക്കുകയും നിരക്ഷരത, പാർപ്പ് പ്രശ്നം, തൊഴിലില്ലായ്മ മുതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.

*With Best Compliments from:*

✆ Off. : 824505
Res. : 827214
825239



**INSAT CENTRE**

**KAM SQUARE, TANA, IRINJALAKUDA.**

✦DTP ✦OFFSET AND SCREEN PRINTING ✦ PHOTOSTAT
✦PROJECTS REPORTS PRINTING ✦ KEY DUPLICATION

**മാക്സിംസ് ഫുട്ട് വെയേഴ്സ്**

**നട, ഇരിങ്ങാലക്കുട**



# ഇനിയിത് ആവർത്തിക്കപ്പെടാതിരിക്കട്ടെ

**രവീൺ**

രണ്ടാം വർഷ ബി.എ.
എക്കണോമിക്സ്

ആർക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടില്ല എന്നുറപ്പാണ് എന്നുള്ളത് കൊണ്ട തന്നെ സുസ്ഥിരമായൊരു ഗവൺമെന്റ് സ്വപ്നം കാണാൻ എനിക്ക് കഴിയില്ല. ആദ്യമായി സമ്മതിദാനാവകാശം വിനിയോഗിക്കാനായി ഞാൻ പോകുമ്പോൾ എന്റെ രാജ്യത്തിന്റെ മുഴുവൻ പ്രശ്നങ്ങളും മനസ്സിലാക്കാൻ കഴിയുന്ന ഒരു ഭരണകൂടമായിരിക്കട്ടെ നാളെകളിൽ എന്ന് ആശിക്കുകയാണ്. കയ്പേറിയ ഇന്നലെകളുടെ ഓർമ്മൾ അയവിറക്കുമ്പോൾ അന്നുകളിലെ നേട്ടങ്ങളേയും ഞാൻ ഓർമ്മിക്കുകയാണ്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന ശാസ്ത്രസാങ്കേതിക രംഗത്ത് വൻ പുരോഗതിയുണ്ടാക്കി. നാളെകളിൽ മറ്റു രാജ്യങ്ങൾക്ക് അസൂയ തന്നെ ഉളവാക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് ഇവിടെ വരേണ്ടത്.

ഇവിടെ ഉണ്ടാകേണ്ടത് ഒരു ഏകകക്ഷി ഭരണമാണ് എന്നുള്ളത് ഒരു സ്വപ്നം മാത്രമായിരിക്കാം. ഭരണത്തിൽ വനിതകൾക്ക് 33% സംവരണം നൽകുവാൻ ഇനി ജന്മമെടുക്കുന്ന ഗവൺമെന്റിനെങ്കിലും സാധിക്കട്ടെ, അഞ്ചുവർഷക്കാലം തികച്ചും ഭരിക്കുവാനും. ഒരു സാമ്പത്തികശാസ്ത്രവിദ്യാർത്ഥിയെന്ന നിലയിൽ ഇന്ത്യയുടെ സമ്പദ്രംഗത്തെ കുറിച്ചും എനിക്ക് ഉത്കണ്ഠയുണ്ട്. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ള, വിലക്കയറ്റം നിയന്ത്രിക്കാൻ കഴിവുള്ള, ചങ്കൂറ്റമുള്ള ഒരു ഭരണം. വിദ്യാഭ്യാസരംഗം പോലും വർഗ്ഗീയവത്ക്കരിക്കാൻ ശ്രമിക്കുന്നുവെന്ന് കേൾക്കുമ്പോൾ രണ്ടായിരമാണ്ടിലെ ഭാരതത്തെക്കുറിച്ച് എനിക്ക് ഭീതിയുണ്ട്. അഴിമതി കൊണ്ട് വ്യത്തിഹീനമായി മാറിയിരിക്കുന്ന ഒരു കാഴ്ചയും ഭാരത രാഷ്ട്രീയരംഗത്ത് നമുക്ക് കാണാം.

വർഷാവർഷം കോളേജ് മാഗസിനുകൾ പുറത്തിറക്കുമ്പോൾ എന്റെ സ്വപ്നത്തിലെ കേന്ദ്രഭരണകൂടം എന്നുള്ള അതിപ്രസക്തമായ ഈ വിഷയത്തിന്റെ പ്രസക്തി നഷ്ടപ്പെടാതെ ആവർത്തിക്കുവാൻ സാധിക്കുമായിരിക്കും, എങ്കിലും അങ്ങനെ കോടിക്കണക്കിന് രൂപ നഷ്ടം വരുത്തിയുള്ള ഇടക്കിടയ്ക്കുള്ള ഈ തെരഞ്ഞെടുപ്പുകൾ ഒന്ന് ഒഴിവായിരുന്നുവെങ്കിൽ...............

# യുവത്വത്തിന്റെ പ്രതീകമായ മറ്റൊരു ഭരണാധികാരി കൂടി....



**ജെനിൽ**

ഒന്നാം വർഷ പി.ഡി.സി.

സുസ്ഥിരമായ ഭരണം –അഴിമതിയും സ്വജനപക്ഷപാതവും ആരോപിക്കപ്പെടാത്ത ഭരണകർത്താക്കൾ, ഊർജ്ജസ്വലതയുള്ള, ഭാരതത്തെ സ്നേഹിക്കുന്ന ഒരു പ്രധാനമന്ത്രി –ഇതാണ് കേന്ദ്രഗവൺമെന്റിനെപ്പറ്റി എന്റെ സ്വപ്നം. ഇലക്ട്രോണിക്സ് രംഗത്തെ അത്യപൂർവ്വമായ വളർച്ചയിലൂടെ നമ്മെ 21–ാം നൂറ്റാണ്ടിലേക്ക് നയിക്കാൻ പ്രാപ്തനായ ഒരു യുവപ്രധാനമന്ത്രി നമുക്കുണ്ടായിരുന്നു. ഭാരതത്തിന്റെ പ്രശസ്തി ലോകം മുഴുവൻ പരത്തി ഉയർന്നുവന്ന അദ്ദേഹത്തിന്റെ കഴിവിൽ ഞാൻ ആകൃഷ്ടനായിരുന്നു. യുവജനങ്ങൾക്കു വോട്ടവകാശം നൽകി തങ്ങളുടെ കഴിവുകൾക്കനുസരിച്ചുയർത്തി ഭരണരംഗത്ത് കഴിവുകൾ തെളിയിക്കാൻ അവസരം നൽകിയിരുന്ന അദ്ദേഹം ഒരു നല്ല മാർഗ്ഗനിർദ്ദേശി ആയിരുന്നു. രാഷ്ട്രീയ വേർതിരിവില്ലാതെ പറയട്ടെ, അദ്ദേഹം എന്റെ സ്വപ്നത്തിലെ പ്രധാനമന്ത്രിയാണ്.

അനുദിനം പുരോഗതിയിലേക്ക് കുതിക്കുന്ന ലോകരാഷ്ട്രങ്ങൾക്കൊപ്പം ഇന്ത്യയെ കൈപിടിച്ചാനയിക്കാൻ അത്തരത്തിലുള്ള ഒരു പ്രധാനമന്ത്രിക്ക് കഴിയും. അങ്ങനെയുള്ള ഒരാൾ തെരഞ്ഞെടുക്കുന്ന സഹപ്രവർത്തകർ ഉൾക്കൊള്ളുന്ന ഗവൺമെന്റ് ഭാരതത്തിൽ ഒരു നവചൈതന്യം ഉണർത്തുക തന്നെ ചെയ്യും എന്ന് ഞാൻ കരുതുന്നു. ആവർത്തിച്ചു വരുന്ന ഇടക്കാല തെരഞ്ഞെടുപ്പുകൾ എന്നെ അസ്വസ്ഥനാക്കുന്നു. ഭാരതത്തെപ്പോലുള്ള ഒരു വികസ്വര രാഷ്ട്രത്തിന് താങ്ങാവുന്നതല്ല ഇത് ഇപ്പോൾ നടക്കുന്ന യുദ്ധഭീഷണികളും നമ്മുടെ ഭരണ കെടുകാര്യസ്ഥതയുടെ അനന്തരഫലമാണെന്ന് ഇന്നത്തെ യുവതലമുറക്കറിയാം. അതുകൊണ്ട് ഈ അനിശ്ചിതത്വം മാറി ഏത് രാഷ്ട്രീയ പാർട്ടിയായാലും കഴിവുള്ളവർ ഭരണം ഏറ്റെടുക്കുവാൻ തക്ക സാഹചര്യം ഒരുക്കാൻ ഭാരത ജനതക്കു കഴിയട്ടെ എന്നാണെന്റെ ആഗ്രഹവും പ്രാർത്ഥനയും..................

*Commerce Students,*

*Accountants,* **BE A WINNER !**

*Get Your*

**Tally Graduate Certificate**

**Tally Graduate Kit &**

**Tally CD**

*From*

**Peutronics (P) Ltd., BANGALORE.**

**THE CREATORS OF Tally,**

**THE WORLD'S NO. 1 ACCOUNTING PACKAGE**

**Franchisee :-**

**Ph : 82 7737**
**82 3636**

# GURU infotech

**(Tally ACADEMY)**

**NEAR TOWN HALL, Irinjalakuda**

**Grand Discount Offer !**

**We also offer :-**

**DTP, DCA, DOA, PGDCA, Gulf Course, etc.**

*Crash Course in : -*

**Visual Basic, C++ & Oracle.8**

GROW UP WITH GURU

*With best compliments from:*

# BINI TOURIST HOME

**Round North, Thrissur**

Well furnished A/C and non A/C rooms with Satellite channels & Direct dialing.

Multi Cusine Restaurant

Conference Hall and Banqei's

Travel Assistance

Amble Parking Area

Tele: 335703,335760,335764,335765, Fax: 337139



## HOTEL ARAMANA

R.S. Road, Thrissur

Tel: 425566

## HOTEL HILLTOP

Kunnathangadi, Thrissur

Ph : 361240

## HOTEL RAINBOW

Coonoor, Pootacamund

Ph : 33297

## HOTEL NEW HILLS

Kothagiri, Ootacamund

Ph : 72073

## HOTEL SWAGATH

Kothagiri, Ootacamund

Ph : 71636



M.Sc. Zoology



M.Sc. Physics



M.Com.



M.Sc. Chemistry



B.P.E.



B.Sc. Physics



B.Sc. Maths



B.A. Economics



B.Sc. Zoology



B.Sc. Geology



Teaching Staff

# സയൻസ്ഫോറം



ശ്രീ. അശോകൻ ചരുവിൽ




ശ്രീ. കെ.പി. ജോൺ



ശ്രീ. എം.സി. പോൾ







ക്രൈസ്റ്റ് കലാലയത്തിന്റെ പ്രഥമ ചരിത്ര സ്മരണികയുടെ പ്രകാശനകർമ്മം ചെറുകഥാകൃത്ത് അശോകൻ ചരുവിൽ നിർവ്വഹിക്കുന്നു.
മുഖചിത്രം (1957ലെ ഭാവനാചിത്രം)



പ്രൊഫ. എം.കെ. ചന്ദ്രൻ



ഡോ. കെ. ചന്ദ്രൻ



ശ്രീ. വി.വി. വിനോദ്



ശ്രീ. എ.വി. തോംസൺ






# MAGAZINE COMMITTEE



**Praveen M. Kumar**
Chief Sub Editor



**Shibu George**
Sub Editor

## STAFF EDITORS




**Varghese V.A.**



**C.V. Francis**



**Litto Anto**



**Ayyappa Das**



**Linto Thomas**



**Rajesh Ukken**



**Linto Joseph**



**Dhannia**